5. LEGISLATIVE BUSINESS

THE KERALA LAND REFORMS (AMENDMENT) BILL, 1968 –(*contd.*)

Deputy Speaker: Sri R. Krishnan can continue his speech.

ശ്രീ. ആർ. കൃഷ്ണൻ (ആലത്തൂർ) : സാർ ഞാൻ കഴിഞ്ഞ ദിവസം മിച്ച ഭൂമി ചെറുകിട ജന്മി എന്നു പറയപ്പെടുന്നവർക്കു ഒഴിപ്പിച്ചെടുക്കുവാനുള്ള വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടായിരിക്കുന്നതു് കുറെയൊക്കെ ബുദ്ധിമുട്ടുണ്ടാകുമെന്നു് പറഞ്ഞുകൊണ്ടു നിന്ന സമയത്താണു് അന്നത്തെ പ്രസംഗം അവസാനിപ്പിച്ചതു്.

സർ, മിച്ചഭൂമി ഗവണ്മെൻറിലേക്കു് വിട്ടുകൊടുക്കുവാനുള്ള വ്യവസ്ഥകളും ഈ നിയമത്തിൽ ഉണ്ടു്. ഗവണ്മെൻറിലേക്കു് നിക്ഷേപിക്കുന്ന മിച്ചഭൂമി ഗവണ്മെൻറു് അർഹരായിട്ടുള്ള ആളുകൾക്കു് പതിച്ചു കൊടുക്കണമെന്നാണു്. അങ്ങനെയാണെങ്കിൽ ഇന്നു് അർഹരായിട്ടുള്ള കർഷകത്തൊഴിലാളികൾക്കും കൃഷി ചെയ്യാൻ തയ്യാറുള്ള ആളുകൾക്കും മിച്ചഭൂമി വീതിച്ചു കൊടുക്കുവാൻ സാധിക്കും.

ഈ ബില്ലിൽ മിച്ചമുള്ള ഭൂമി ചെറുകിട ജന്മിമാർ ഒഴിപ്പിച്ചെടുക്കുവാൻ അനുവദിച്ചാൽ മിച്ചഭൂമി ബാക്കി വരുമെന്നു് എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് ഇങ്ങനെ ഒഴിപ്പിച്ചെടുക്കുവാൻ ആരെയും അനുവദിച്ചുകൂടായെന്നാണു് എൻറെ അഭിപ്രായം. മിച്ചഭൂമി ഒഴിപ്പിച്ചെടുക്കുന്ന അവസരത്തിൽ മലബാർ ടെനൻസി ആക്ടനുസരിച്ചും കാണക്കുടിയാൻ ആക്ടനുസരിച്ചും സ്ഥിരാവകാശം കിട്ടിയിട്ടുള്ള കുടിയാൻ ഇന്നു് അവരുടെ കൈവശമുള്ള സ്ഥലം ജന്മിക്കു് തിരിച്ചു കൊടുക്കേണ്ടി വരികയാണെങ്കിൽ വലിയ കഷ്ടമാണു്.

പാട്ടബാക്കിയെ സംബന്ധിച്ചാണു് ഇനി പറയുവാനുള്ളതു്. നമുക്കു സ്വാതന്ത്ര്യം കിട്ടിയിട്ടും അടിമത്വം ഇന്നും നിലനിൽക്കുകയാണു്. ജന്മിത്വം അവസാനിപ്പിക്കാൻ 22 കൊല്ലമായിട്ടും കഴിയാത്തതിൽ ഖേദിക്കുന്ന നമ്മൾ പാട്ടബാക്കിയെല്ലാം കൊടുക്കണമെന്നു പറയുന്നതു് ശരിയല്ല. അതു് കൃഷിക്കാർക്കു് വളരെ ബുദ്ധിമുട്ടുണ്ടാക്കും. അതുകൊണ്ടു് 1968 വരെയുള്ള പാട്ടബാക്കി മുഴുവൻ റദ്ദു് ചെയ്യണമെന്നാണു് എൻറെ അഭിപ്രായം. ആ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നുണ്ടു്.

സർ, ഞാൻ ഈ പ്രസംഗം ദീർഘിപ്പിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല. പത്രങ്ങളിലും ചിലരുടെ പ്രസ്താവനകളിലും ഒക്കെ ഞാൻ ഈ ബില്ലിനു് എതിരാണെന്ന അഭിപ്രായം വന്നതു് ഈ അവസരത്തിൽ ഓർക്കുകയാണു്. ഞാൻ നിർദ്ദേശിക്കുന്ന ഭേദഗതി, ഈ ബില്ലിൽ കൂടുതൽ പുരോഗമനപരമായിട്ടുള്ള ഭേദഗതികളും ഉൾപ്പെടുത്തണമെന്നാണു്. ജന്മികൾക്കു് അനുകൂലമായിട്ടോ ചെറുകിടജന്മികൾക്കനുകൂലമായിട്ടോ ഉള്ള ഭേദഗതികളും ഞാൻ നിർദ്ദേശിക്കുന്നില്ല. അതിനുവേണ്ടി ഈ ബില്ലു് വച്ചു താമസിപ്പിക്കുന്ന കാര്യത്തിലും ഞാൻ എതിരാണു്. ഞാൻ നിർദ്ദേശിച്ചിട്ടുള്ള ഭേദഗതികളും രണ്ടാം വായനയിൽ സ്വീകരിച്ചു് പുരോഗമനപരമായ ഭേദഗതികളും ഉൾക്കൊള്ളിച്ചു് വളരെ വേഗം നടപ്പിൽ വരുത്തണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ചുരുക്കുന്നു.

ശ്രീ. കെ. എം. മാണി : സർ, സെലക്ടുകമ്മിറ്റി റിപ്പോർട്ടു ചെയ്ത പ്രകാരമുള്ള.....

ശ്രീമതി കെ. ആർ. ഗൗരി : The Business Advisory Committee has decided that the discussion should be concluded today. ഈ ഒരു ദിവസം കൊണ്ടുതന്നെ അതു തീർക്കണമെന്നു് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടിസ്പീക്കർ : മി. ജോർജ്ജും മി. കരുണാകരനും കൂടി സംസാരിച്ചു നിറുത്താം. മി. മാണിക്കു് തുടരാം.

ശ്രീ. കെ. എം. മാണി : ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ശ്രീമാൻ ആർ. കൃഷ്ണൻ പറഞ്ഞ അഭിപ്രായങ്ങളും വളരെ സ്വീകാര്യമായി എനിക്കു തോന്നുകയാണു്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ അദ്ദേഹം സൂചിപ്പിച്ചു. ഈ ബില്ലിൽ കുടികിടപ്പുകാർക്കും കുടിയാന്മാർക്കും കൂടുതലായിട്ട് ചില പരിരക്ഷകളും നൽകണമെന്നു്. അപ്രകാരം നൽകിയിരിക്കുന്ന പരിരക്ഷകളും കാലദൈർഘ്യമില്ലാത്തതെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഒരു പക്ഷെ അതുകൊണ്ടാണു് മാർക്സിസ്റ്റു് പാർട്ടി ഇതു് റി കമ്മിറ്റു് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിച്ചതു് എന്നു ഞാൻ വിചാരിക്കുകയാണു്. ഈ ബില്ലു് അവതരിപ്പിച്ചുകൊണ്ടു് ശ്രീമതി ഗൗരി പ്രസംഗിക്കുകയുണ്ടായി, ഈ ബില്ലു് വളരെയധികം സാമൂഹ്യനീതി കൈവരുത്തുക എന്ന ഉദ്ദേശത്തോടെയാണു് കൊണ്ടു വന്നിരിക്കുന്നതെന്നു്. സർ, ഈ ബില്ലു് എങ്ങനെയൊക്കെ വായിച്ചു നോക്കിയാലും, എന്തെങ്കിലും പുതിയ സാമൂഹ്യനീതി ഈ രാജ്യത്തു് പാവപ്പെട്ടവർക്കു് നൽകുന്ന വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം വളരെ വിരുദ്ധമായെന്നു് ഈ ബില്ലിന്റെ അവസാന സമയത്തു് പറയുവാൻ ഞാനാഗ്രഹിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ പ്രചരണത്തിനു വേണ്ടി ഇങ്ങനെ പറഞ്ഞതായിരിക്കാമെന്നു ഞാൻ വിശ്വസിക്കുന്നതിൽ എന്നെ കുറ്റപ്പെടുത്തുമെന്നു ഞാൻ കരുതുന്നില്ല.

എന്തിനാണു് ഈ ഭേദഗതി നിയമം കൊണ്ടുവന്നതെന്നു ആദ്യം ബില്ലിൽ പ്രതിപാദിച്ചിരുന്നു. നാലു കാരണങ്ങളാൽ ആണെന്നു പ്രതിപാദിച്ചിരുന്നു. കുടികിടപ്പുകാർക്കു് ചില ആനുകൂല്യങ്ങളും, കൂടുതൽ ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി പരിധിയെ സംബന്ധിച്ചിടത്തോളം ചില കാര്യങ്ങൾക്കുവേണ്ടി ചുരുക്കം പറഞ്ഞാൽ ചില വിഭാഗങ്ങൾക്കു് ചില പ്രത്യേക ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടിയാണു് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നതെന്നാണു് ഉദ്ദേശലക്ഷ്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നതു്. ആ ബില്ലും സെലക്ട്കമ്മിറ്റി റിപ്പോർട്ട ചെയ്യപ്പെട്ട ഭേദഗതി ചെയ്തിട്ടുള്ള ഈ ബില്ലും പരിശോധിക്കുമ്പോൾ 64—ലെ 1-ാം ആക്ടിൽ സമൂലമായ മാറ്റങ്ങളും വരുത്തിയിരിക്കുന്നതായി കാണാം. വരുത്തിയിട്ടുള്ള മാറ്റങ്ങളും പലതും നയപരമായ മാറ്റങ്ങളും അല്ല. ഒരു ഗവണ്മെന്റു് അധികാരത്തിൽ നിന്നുപോയി മറ്റൊരു ഗവണ്മെന്റു് വരുമ്പോൾ മുൻഗവണ്മെന്റു് പാസ്സാക്കിയെടുത്തിട്ടുള്ള നിയമനിർമ്മാണത്തിൽ നയപരമായ ആശയപരമായ പരിവർത്തനങ്ങളും വരുത്തുന്നതു് മനസ്സിലാക്കാം. എന്നാൽ ഈ നിയമത്തിൽ നയപരമായി എന്തു മാറ്റമാണു് എന്നു ഞാൻ ചോദിക്കുകയാണു്. യശ: ശരീരനായ ശ്രീ. പി. ടി. ചാക്കോ, പാസ്സാക്കിയെടുത്ത ഭൂപരിഷ്ക്കരണ നിയമത്തിൽ നിന്നും വ്യത്യസ്തമായ എന്തു സമീപനരീതിയാണു് എന്തു നയപരിവർത്തനമാണു് ഈ ഗവണ്മെന്റു് കൊണ്ടു വന്നിരിക്കുന്നതെന്നു് ഈ ബില്ലു് പരിശോധിച്ചിട്ടു് അതിൽ കാണാൻ സാധിക്കുന്നില്ല. എന്തെങ്കിലും ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചാൽ ഞാൻ അതു നോക്കാവുന്നതാണു്. വിലകുറഞ്ഞ പ്രചരണത്തിനു വേണ്ടിയാണു് ഇപ്രകാരമൊരു ബില്ലു് കൊണ്ടുവന്നിരിക്കുന്നതു് ഗവണ്മെന്റു് മാറി മാറി വരുമ്പോൾ മാറി മാറി വരുന്ന മന്ത്രിമാർ അവരവരുടെ പേരിൽ നിയമനിർമ്മാണം കൊണ്ടു വരുകയെന്നതു് സ്വാഭാവികമാണു്. ഇവിടത്തെ ഗവണ്മെന്റിനെ സംബന്ധിച്ചിടത്തോളം നമ്മുടെ റവന്യൂ മന്ത്രി ശ്രീമതി ഗൗരിയമ്മ പുതിയ നിയമനിർമ്മാണം കൊണ്ടുവന്നിരിക്കുന്നതു് 64—ലെ ഒന്നാം ആക്ടു് പിന്തിരിപ്പനായതുകൊണ്ടു് പാവപ്പെട്ടവർക്കും അധ്വാനിക്കുന്നവർക്കും കുടികിടപ്പുകാരനും കുടിയാനും ഒരു ധാരണയുളവാകുന്നതിനുവേണ്ടിമാത്രം കൊണ്ടുവന്നിരിക്കുന്ന ബില്ലാണു്. സർ, ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

പറയുന്നതു് ഈ ബില്ലു് വായിച്ചു നോക്കിയാൽ പഴയ നിയമത്തിൽ നിന്നും ചില വാക്കുകളും മാറ്റി, കാമ, മാറ്റി ഫൃംസ്റ്റാപ്പു് മാറ്റി, ഒരു വാചകം തിരിച്ചെഴുതി വന്നിട്ടുള്ള മാറ്റങ്ങളും മാത്രമെ കാണാൻ കഴിയൂ.

ചുരുക്കത്തിൽ ആദ്യം മുതൽ അവസാനംവരെ വലിയ മൗലികമായ മാറ്റങ്ങളും വരുത്തി എന്നു കാണിക്കുന്നതിനു് കുറെ ഭേദഗതികളും കൊണ്ടു വന്നിരിക്കുകയാണു്. കൊണ്ടു വന്നിരിക്കുന്ന ഭേദഗതികളിൽത്തന്നെ ആശയപരവും മൗലികവുമായ മാറ്റങ്ങളൊന്നും വരുത്തിയിട്ടുമില്ല. 64-ലെ 1-ാം ആക്ടിൽ 5 അംഗങ്ങളുള്ള ഒരു കുടുംബത്തിനു് 12 സ്റ്റാൻഡേർഡു് ഏക്കർ എന്നാണു് ഭൂപരിധി നിശ്ചയിച്ചിരുന്നതു്. അതു് ഇപ്പോൾ 10 ഏക്കർ എന്നാക്കിയിട്ടുണ്ടു്. അങ്ങനെ ഒരു രണ്ടേക്കറിന്റെ കുറവു വരുത്തിയിട്ടുണ്ടു്. കുടികിടപ്പിനെ സംബന്ധിച്ചു പറയുമ്പോൾ Hut ന്റെ നിർവചനത്തിൽ 500 രൂപയിൽ ത്താഴെ വരുമാനമുള്ളതു് എന്നുള്ളതു് 600 രൂപയിൽത്താഴെ എന്നാക്കിയിട്ടുണ്ടു്. അങ്ങനെ ഒരു നൂറു രൂപയുടെ മാറ്റം വരുത്തിയിട്ടുണ്ടു്. അങ്ങനെ അല്പം ചില രൂപയുടെയും അല്പം ചില ഏക്കറിന്റെയും മാറ്റങ്ങളല്ലാതെ നയപരവും ആശയപരവുമായ എന്തു പരിവർത്തനം നിങ്ങളുടെ ബില്ലിൽ ഉണ്ടെന്നു ഞാൻ ചോദിക്കുകയാണു്.

ശ്രീ. എ. എസ്. എൻ. നമ്പീശൻ : നയപരമായ മാറ്റങ്ങളല്ല വള്ളി പുള്ളിയുടെ മാറ്റം മാത്രമേയുള്ളുവെങ്കിൽ എന്തിനാണു് ഭിന്നാഭിപ്രായക്കുറിപ്പു് കൊടുത്തിരിക്കുന്നതു് ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട നമ്പീശൻ അതു ചോദിക്കുമെന്നെനിക്കറിയാം. ഞാൻ അതിലേക്കു വരികയാണു്. ആശയപരമായ മാറ്റങ്ങൾക്കു വേണ്ടിയല്ലാതെ ഒരു കൗതുകത്തിനു വേണ്ടി, തങ്ങളുടെ പാർട്ടിയുടെ പ്രചരണത്തിനുവേണ്ടി ഭരണഘടനയിൽ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തി പരിരക്ഷ നൽകിയിരുന്നതു് ഇതുപോലെ വ്യാപകമായ ഭേദഗതികളും വരുത്തുന്നതുമൂലം ഇവിടത്തെ പാവപ്പെട്ട ആളുകൾക്കു് നൽകിയിരുന്ന പരിരക്ഷയെ ഇല്ലാതാക്കുകയാണു് ചെയ്യുന്നതു്. സർ, ഞാൻ ഈ പോയിന്റു് തന്നെ ഈ ബില്ലിന്റെ പൊതു ചർച്ചാവേളയിലും ഉന്നയിച്ചതാണു്, 1964-ൽ ശ്രീമാൻ പി. ടി. ചാക്കോ കൊണ്ടു വന്ന നിയമം ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നതു കൊണ്ടു് ആ നിയമനിർമ്മാണത്തിൽ മൗലികാവകാശധ്വംസനങ്ങളായ എന്തെന്തു വകുപ്പുകളുണ്ടാകട്ടെ, എന്തെന്തു വ്യവസ്ഥകളുണ്ടാകട്ടെ അതിനെതിരായി കോടതിയിൽ ചോദ്യം ചെയ്യാൻ സാധിക്കുമായിരുന്നില്ല. കോടതിയിലെ പരിശോധനയ്ക്കു് അതീതമായി ആ നിയമത്തിലെ വ്യവസ്ഥകൾക്കു് പരിരക്ഷ നൽകിയിരുന്നു. സർ, അതിന്റെ ടെക്സ്റ്റു് വായിച്ചു കൊണ്ടു് ബാസുവിന്റെ കമന്ററി വായിച്ചുകൊണ്ടു പറയാൻ ഞാനാഗ്രഹിക്കുകയാണു്. അങ്ങനെ പരിരക്ഷ നൽകിയിരുന്ന നിയമത്തിനു് ഏതെങ്കിലുമൊരു ഭേദഗതി നിർണ്ണയിച്ചാൽ അപ്രകാരം ഭേദഗതി ചെയ്യുന്ന വ്യവസ്ഥയ്ക്കു് കോടതിയിൽ സംരക്ഷണം ലഭിക്കുന്നതല്ലെന്നും ആ പുതിയ വ്യവസ്ഥകളും ഭരണഘടനാവിരുദ്ധമാണെന്നു പറഞ്ഞുകൊണ്ടു് അതിനെ ചോദ്യം ചെയ്യാൻ വ്യക്തികൾക്കു സ്വാതന്ത്ര്യമുണ്ടായിരിക്കുതാണെന്നും ഇതിനെ സംബന്ധിച്ചുള്ള ഭരണഘടനാവിദഗ്ധന്മാരുടെ വിശദീകരണക്കുറിപ്പിൽ പ്രസ്താവിച്ചിട്ടുണ്ടു്. ഞാൻ അതു വായിച്ചു് സമയം കളയുന്നില്ല. ആർക്കെങ്കിലും അതിനെക്കുറിച്ചു് ചോദിക്കണമെങ്കിൽ ചോദിക്കാം. സർ, ഞങ്ങളിതു പറയുമ്പോൾ പറയും കേരളകോൺഗ്രസ്സുകാരും മാണിയുമൊക്കെ പാവപ്പെട്ട കുടിയാന്മാർക്കെതിരാണെന്നു്. കാരണം, ഇവിടെ സർവ്വകലാശാല ബില്ലിനെക്കുറിച്ചുള്ള ചർച്ച നടന്നുകൊണ്ടിരുന്നപ്പോൾ ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞു ഈ ബില്ലിൽ മൗലികാവകാശധ്വംസനമുണ്ട്, കോടതിയിൽ ചെന്നാൽ അതൊക്കെ നിയമവിരുദ്ധമായി പ്രഖ്യാപിക്കും. എന്നു്. അപ്പോൾ അപ്പുറത്തു നിന്നു് ശ്രീമാൻ നമ്പീശൻ ഉൾപ്പെടെയുള്ളവർ ഞങ്ങൾ അദ്ധ്യാപകർക്കു് എതിരാണെന്നു് മുദ്ര കുത്തുകയുണ്ടായി. ഫലം എന്തായി എന്നു ഞാൻ സഭാ നേതാവിനോടു ചോദിക്കുകയാണു്. സർ, അഡ്വക്കേറ്റ് ജനറലിനെ ഇവിടെ കൊണ്ടു വന്നു. അദ്ദേഹം ഇവിടെ നിയമപുസ്തകങ്ങളൊക്കെ വായിച്ചു കേൾപ്പിച്ചു് ഞങ്ങൾ പറഞ്ഞു ഇതു് തൃപ്തികരമല്ല കോടതിയിൽ പോയാൽ ഭരണഘടനാവിരുദ്ധമായി പ്രഖ്യാപിക്കുമെന്നു്. അവസാനം കോടതിയിൽ ചെന്നപ്പോൾ തള്ളപ്പെടുകയാണു ചെയ്തതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ഹൈക്കോടതിക്കു മീതെ കോടതിയുണ്ടല്ലോ.

ശ്രീ. കെ. എം. മാണി : ഉണ്ടു്. അവിടെയും ചെല്ലാം. സർ, അങ്ങനെ അദ്ധ്യാപകരെ സഹായിക്കാനെന്നുള്ള പ്രചരണം നൽകിക്കൊണ്ടു് ഭരണഘടനാവിരുദ്ധമായ ചില വകുപ്പുകൾ എഴുതിവച്ച ആ നിയമനിർമ്മാണത്തിന്റെ കഥ ഇവിടെ വിവരിച്ചതാണു്. അതേ അനുഭവമാണു് ശ്രീമതി ഗൗരിയമ്മയ്ക്കും ഉണ്ടാകാൻ പോകുന്നതു്. ഇപ്പോൾ ഞങ്ങൾ കുടികിടപ്പുകാർക്കു് എതിരാണു് കുടിയാന്മാരുടെ ശത്രുക്കളാണു് എന്നു മുദ്ര കുത്തിയിട്ടു കാര്യമില്ല. ഞങ്ങൾ അവർക്കുവേണ്ടി വാദിക്കുന്നവരാണു്. അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിനു് ഭൂമിയിൽ സ്ഥിരാവകാശമുണ്ടായിരിക്കണമെന്നും അവർക്കു് ഭവനമുണ്ടായിരിക്കണമെന്നും വളരെ ആവേശത്തോടും ആത്മാർത്ഥതയോടും കൂടി വാദിക്കുന്ന പാർട്ടിയാണു് എന്റേതു്. സർ, പ്രചരണത്തിനുവേണ്ടി, നടപ്പിലാക്കാൻ പ്രയാസമുള്ള കോടതിയിൽച്ചെന്നാൽ തള്ളപ്പെടുന്ന നിയമത്തിനു് ഞങ്ങൾ കൂട്ടില്ല. അതുകൊണ്ടാണു് ശ്രീമാൻ പി. ടി. ചാക്കോ വളരെ ദീർഘവീക്ഷണത്തോടുകൂടി ഭരണഘടനയുടെ 9—ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയ നിയമനിർമ്മാണം ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സാഹസികമായി ഉലച്ചുനിർക്കുന്നു എന്നു ഞാൻ പറഞ്ഞതു്. സാഹസികമായ ഭേദഗതികൾ കൊണ്ടുവന്നു എന്നു് ഞാൻ വീണ്ടും പറയുകയാണു്. വ്യക്തിപരമായ കൗതുകത്തിനുവേണ്ടി, പ്രചരണത്തിനുവേണ്ടി കൊണ്ടുവന്ന ഈ ബിൽ മൂലം പാവപ്പെട്ട ആളുകളുടെ ആനുകൂല്യങ്ങൾ മുഴുവൻ നഷ്ടപ്പെട്ടിരിക്കുകയാണു്. നമുക്കു് ഇതു പരീക്ഷിച്ചു നോക്കാം. ബിൽ പാസ്സാകട്ടെ. പാസ്സായാൽ കോടതിയിൽ ചോദ്യം ചെയ്യും വകുപ്പുകൾ റദ്ദാക്കപ്പെടുകയും ചെയ്യും. അതോടുകൂടി.....

ശ്രീമതി കെ. ആർ. ഗൗരി : അപ്പോഴേ മനസ്സിലായിരിക്കുന്ന ആരുടെ ഭാഗത്തെയാണു് ചോദ്യം ചെയ്യുന്നതെന്നു് അല്ലേ?

ശ്രീ. കെ. എം. മാണി : നിങ്ങളുടെ അഭിപ്രായം എന്തു തന്നെയായിക്കൊള്ളട്ടെ; ഈ രാജ്യത്തെ ആളുകൾക്കറിയാം ഞങ്ങളെപ്പറ്റി. കുത്തകമുതലാളിമാർക്കോ വൻപത്തായങ്ങൾക്കോ വേണ്ടി നിൽക്കുന്ന ആളുകളല്ല ഞങ്ങളെന്നു് ജനങ്ങൾക്കറിയാം. കള്ളഷാപ്പു് കൺട്രാക്ടർമാർക്കു് കൂട്ടു നിൽക്കുന്നവരല്ല എന്നുമറിയാം.

ഡെപ്യൂട്ടി സ്പീക്കർ : അതിനെപ്പറ്റിയൊന്നും പറയേണ്ട.

ശ്രീ. പി. പി. വിത്സൻ : കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്നു് ഭയന്നു് പഴയകാലത്തു് എഴുതിവച്ചിട്ടുള്ള നിയമങ്ങളെല്ലാം മാറ്റുന്നതിനാവശ്യമായ നിലയിൽ ഗവണ്മെന്റു് പ്രവർത്തിക്കുന്നുവെങ്കിൽ അതിലുള്ള തെറ്റെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : മി. വിത്സനു് ഞാൻ പറഞ്ഞ കാര്യങ്ങളം മനസ്സിലായില്ല. ഭരണഘടനയിലെ വ്യവസ്ഥകൾക്കു വിധേയമായി മാത്രമേ ഏതൊരു സർക്കാരും നിയമനിർമ്മാണം നടത്താവൂ. മി. വിത്സനു തന്നെ വിശ്വാസമുണ്ടു്, ഇതു് ഭരണഘടനാവിരുദ്ധമാണെന്നു്. എങ്കിൽത്തന്നെയും ഇതു കൊണ്ടുവരണമെന്നാണു് വിത്സനു് പറയാനുള്ളതു്. ഞാൻ ആ അഭിപ്രായത്തോടു വിയോജിക്കുകയാണു്.

ശ്രീ. ഈ. പി. കൃഷ്ണൻ നമ്പ്യാർ: ഭരണഘടനാവിരുദ്ധമായ സ്ഥിതി വരികയാണെങ്കിൽ ആ ഭരണഘടന മാറുന്നതിനു് ഞങ്ങളോടൊപ്പം ബഹുമാനപ്പെട്ട മെംബറും നിൽക്കുമോ ?

ശ്രീ. കെ. എം. മാണി: ഭരണഘടന നിങ്ങളുടെയൊന്നും കുത്തകയല്ല. ഭരണഘടനാവിരുദ്ധമായ വകുപ്പുകളുണ്ടെങ്കിൽ അതു മാറുന്നതിനു് ഭരണഘടനയിൽത്തന്നെ ചില പ്രൊസീഡിയറുകളുണ്ടു്. ആ നിലയിൽ ആവശ്യമായ ഭേദഗതികളം കൊണ്ടുവന്നു പാസ്സാക്കണം. അതിനു് കേരള കോൺഗ്രസ്സു് എതിരല്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഭരണഘടന അനുവദിക്കുന്നിടത്തോളം ആനുകൂല്യങ്ങളം ചെയ്തുകഴിഞ്ഞു എന്നും ഇനി ഇതിൽ കൂടുതലൊന്നും ചെയ്യാനില്ലെന്നുമാണോ?

ശ്രീ. കെ. എം. മാണി: ഈ രാജ്യത്തു് നിങ്ങളം വന്നിരിക്കുന്നതു് എന്തിനുവേണ്ടിയാണെന്നു പറഞ്ഞുകഴിഞ്ഞു.

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ബില്ലിന്റെ കാര്യങ്ങളംമാത്രം പറഞ്ഞാൽമതി.

ശ്രീമതി കെ. ആർ. ഗൗരി: സർ, ബില്ലിന്റെ ചർച്ച തീരേണ്ട ദിവസമാണു് ഇന്നു്. ബില്ലിനെപ്പറ്റിയുള്ള കാര്യങ്ങളം പറഞ്ഞില്ലെങ്കിൽ അങ്ങു് വേറെ ആളുകളെ പ്രസംഗിക്കാൻ വിളിക്കേണ്ടിവരും.

ശ്രീ. കെ. കരുണാകരൻ: സർ, ബില്ലിനെപ്പറ്റി സംസാരിച്ചുകൊണ്ടു നിൽക്കുമ്പോളം വേറെയുള്ള കാര്യങ്ങളം ചോദിച്ചു് മറുപടി പറയിപ്പിക്കുന്നതെന്തിനാണു് ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, വളരെ ന്യായമായ കാര്യങ്ങളും കൂടി ചോദിക്കാനൊക്കുകയില്ലേ ?

ശ്രീ. കെ. എം. മാണി: സർ, പഴയ നിയമത്തിലെ വ്യവസ്ഥകളം ഭരണഘടനയിലെ 9-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരുന്നതുകൊണ്ടു് അതിനു് പരിരക്ഷ ലഭിച്ചിരുന്നു. ഇനിയിപ്പോളം പൊടുത്താൻ ഒക്കുകയില്ല. സർ, ഇതിന്റെ പിന്നിലുള്ളതു് എന്താണെന്നു് അറിയാം. ഇവിടത്തെ പ്രശ്നങ്ങളം പരിഹരിക്കണമെന്നുള്ളതല്ല ഉദ്ദേശം. ഇവിടെ ബൂർഷ്വാ ജനാധിപത്യമാണു് നിലനിൽക്കുന്നതു്. ഇവിടത്തെ പ്രശ്നങ്ങളം പരിഹരിക്കുന്നതിനുപകരം ഇവിടത്തെ അസ്വസ്ഥതകളം വളർത്തി അതിൽക്കൂടി ഒരു വിപ്ലവത്തിനു കളമൊരുക്കാൻ മാത്രമേ സാധിക്കുകയുള്ള എന്നും നിങ്ങളുടെ തീസിസു് വ്യക്തമാക്കിയിട്ടുണ്ടു്. ശ്രീമാൻ ഗോവിന്ദപ്പിള്ളയുടെയും രണദിവേയുടെയും എ. കെ. ഗോപാലന്റെയും ഭരണഘടനാവിരുദ്ധമായ ആ തീസിസു്, ഈ രാജ്യത്തു് അസമാധാനവും അസ്വസ്ഥതയും ക്ഷണവും വളർത്തുന്നതിനുവേണ്ടിയുള്ള തീസിസു്, മനുഷ്യരുടെ കണ്ണിൽ പൊടിയിടുന്നതിനുള്ള തീസിസു് ഇതിൽ കൂടുതൽ ഭംഗിയായി ഉപയോഗിക്കാൻ നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, അടുത്തതായി ഞാൻ സാമൂഹ്യ നീതിയിലേക്കു് വരികയാണു്. വൈകിപ്പോയ സാമൂഹ്യനീതി കൈവരുത്താൻവേണ്ടി കൊണ്ടുവന്നിരിക്കുന്ന ബില്ലാണു് ഇതു്. ഈ ഗവണ്മെൻറു് അധികാരത്തിൽ വന്നിട്ടു് രണ്ടരക്കൊല്ല (30 മാസം) മായി. ഈ 30 മാസത്തിനുള്ളിൽ നിങ്ങൾക്കു കൊണ്ടുവരാൻ കഴിയുമായിരുന്ന കാര്യങ്ങൾ കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അതുപോലെതന്നെ നിങ്ങൾക്കു് വളർത്തിക്കൊണ്ടുവരാമായിരുന്ന സാമൂഹ്യനീതി വളർത്തിക്കൊണ്ടു വരാൻ നിങ്ങൾ തുനിഞ്ഞില്ല എന്നുള്ള കുറ്റാരോപണം കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണു്. 1964-ൽ ശ്രീമാൻ പി. ടി. ചാക്കോ പാസ്സാക്കിയ നിയമത്തിൽ സാമൂഹ്യനീതി കൈവരുത്തുന്നതിനുള്ള നല്ലനല്ല വ്യവസ്ഥകളുണ്ടായിരുന്നു. അതു നടപ്പിലാക്കാൻ കഴിയാതെ പോയതു് എന്തുകൊണ്ടാണെന്നു് ബഹുമാനപ്പെട്ട മന്ത്രി ഒന്നു പറഞ്ഞാൽക്കൊള്ളാം. 72-ാമത്തെ വകുപ്പിൽ, ഗവണ്മെൻറു് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതോടുകൂടി ജന്മിയുടെ അവകാശം കടിയാനിൽ നിക്ഷിപ്തമാകുന്നതാണെന്നു് വ്യക്തമായി പ്രഖ്യാപിച്ചിരിക്കുകയാണു്.

Section 72 (1) of the Kerala Land Reforms Act, 1964 says:

"*Vesting of landlord's rights in tenants.*—(1) At any time after the expiry of the period allowed under clause (1) of section 18 for applying for resumption of land, or where any appeal has been preferred from the orders of the Land Tribunal under section 22, after the disposal of the appeal, the Government may by notification in the Gazette, declare that the right, title and interest of the landowners and intermediaries in respect of holdings, which have not been purchased by cultivating tenants, shall vest in the cultivating tenants free from all encumbrances; and different notifications may be issued for different areas in the State."

സർ, ഇന്നു് സാമൂഹ്യനീതിക്കുവേണ്ടി ദാഹിക്കുകയും കണ്ണീരൊലിപ്പിക്കുകയും ചെയ്യുന്ന മാർക്സിസ്റ്റു പാർട്ടിക്കു് എന്തുകൊണ്ടു് ഈ 30 മാസത്തിനുള്ളിൽ നോട്ടിഫിക്കേഷൻ ഇറക്കാൻ പറ്റിയില്ല? നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നെങ്കിൽ ഈ രാജ്യത്തുള്ള ജന്മിമാരുടെ മുഴുവൻ അവകാശങ്ങളും ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന പാവപ്പെട്ടവർക്കു പകരാൻ കഴിയുമായിരുന്നു. എന്തുകൊണ്ടു് നിങ്ങൾ അതു ചെയ്തില്ല എന്നു ഞാൻ ചോദിക്കുകയാണു്. ഈ മുപ്പതുമാസവും അലസമായി ഇരുന്നിട്ടു് ശ്രീമതി ഗൗരി പ്രസംഗിക്കുകയാണു് വൈകിപ്പോയ സാമൂഹ്യനീതി കൈവരുത്താനുള്ള അവരുടെ എളിയ പരിശ്രമമാണു് ഇതെന്നു്. ഇതു വളരെ വിചിത്രമാണു്, വിരോധാഭാസമാണു്. സർ, 83-ാമത്തെ വകുപ്പിൽ എന്താണു് സർ, പറയുന്നതു്? 83-ാമത്തെ വകുപ്പു് മിച്ചഭൂമിയെ സംബന്ധിച്ചുള്ളതായിരുന്നു.

Section 83 (1) of the Kerala Land Reforms Act, 1964 says:

"*Families and adult unmarried persons not to own or hold lands in excess of the ceiling area.*—(1) Subject to the provisions of sub-section (2), with effect from such date as may be notified by the Government in the Gazette, no family or adult unmarried person shall be entitled to own or hold or to possess under a mortgage lands in the aggregate in excess of the ceiling area".

സർ, ഒരു നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നെങ്കിൽ, മിച്ചഭൂമിയെ സംബന്ധിച്ചിടത്തോളം, പരിധിക്കപ്പുറമുള്ള ഭൂമിയെ സംബന്ധിച്ചിടത്തോളം അതൊരു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

വ്യക്തിക്കും കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നു അനുശാസിക്കുന്ന ഒരു നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നെങ്കിൽ ഈ പ്രശ്നം ലഘൂവായി സാധിക്കുമായിരുന്നു. കഴിഞ്ഞ മുപ്പതുമാസത്തിനകം അതു ചെയ്യാൻ നിങ്ങൾക്കു സാധിച്ചില്ല. ഇപ്പോൾ ഭൂപരിധിയിൽ വരുത്തിയിരിക്കുന്ന വ്യതിയാനം 2 ഏക്കറിന്റെ വ്യതിയാനം മാത്രമാണു്. 12 സ്റ്റാന്റേഡു് ഏക്കർ എന്നുള്ളതു് 10 സ്റ്റാന്റേഡു് ഏക്കർ എന്നു മാറുകമാത്രമേ ചെയ്തിട്ടുള്ളു. കഴിഞ്ഞ മുപ്പതുമാസക്കാലത്തിനുള്ളിൽ മിച്ചഭൂമി കർഷകരുടെ കരങ്ങളിലേക്കു് കൊണ്ടുവരാൻ നിങ്ങൾക്കു കഴിയുമായിരുന്നു, അതിനൊരു നോട്ടിഫിക്കേഷൻ ഇറക്കാൻ നിങ്ങൾക്കു കഴിയുമായിരുന്നു. അതു നിങ്ങൾ ചെയ്തിട്ടില്ലെന്നു ഞാൻ കുറ്റപ്പെടുത്തുകയാണു്.

സർ, പഴയ നിയമത്തിലെ 85-ാമത്തെ വകുപ്പു് റവന്യൂ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്താൻ ഞാനാഗ്രഹിക്കുകയാണു്. മറന്നു പോയിട്ടുണ്ടെങ്കിൽ ശ്രീ പി. ടി. ചാക്കോയുടെ ബില്ലിൽ ഇങ്ങനെയൊരു വകുപ്പു് ഉണ്ടായിരുന്നു എന്നു അനുസ്മരിപ്പിക്കാൻ അതു മറച്ചുവയ്ക്കാതെ എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്.

85 (1) *Surrender of excess lands.*—(1) Where a family or an adult unmarried person owns or holds land in excess of the ceiling area on the date notified under sub-section (1) of section 83, such excess land shall be surrendered by the person who is competent to do so within such time and to such authority as may be prescribed.

സർ, 1967 മാർച്ചുമാസത്തിൽതന്നെ, നിങ്ങൾക്കാഗ്രഹമുണ്ടായിരുന്നെങ്കിൽ ഒരു നോട്ടിഫിക്കേഷൻ ഇറക്കാമായിരുന്നു. ആ നോട്ടിഫിക്കേഷൻ ഇറക്കിയിരുന്നെങ്കിൽ കഴിഞ്ഞ 30 മാസംകൊണ്ടു് ഈ രാജ്യത്തെ മിച്ചഭൂമി മുഴുവൻ പാവപ്പെട്ടവർക്കു വിതരണം ചെയ്യാമായിരുന്നു. അതു ചെയ്യാത്ത മാർക്സിസ്റ്റു പാർട്ടിയാണു്, അതു ചെയ്യാത്ത ദേശാഭിമാനിയാണു്, അതു ചെയ്യാത്ത പെരുമ്പാവൂർ ശ്രീ. ഗോവിന്ദപ്പിള്ളയാണു് പാവപ്പെട്ടവർക്കു വേണ്ടി ഇവിടെ നിന്നു വാദിക്കുന്നതു്. വളരെ ലജ്ജാകരമാണു സർ. ചാത്തുണ്ണിമാസ്റ്റർ ഈ രാജ്യത്തെ മിച്ചഭൂമി കയ്യേറുമെന്നുള്ള പ്രസ്താവനയുമായി രംഗപ്രവേശം ചെയ്തിരിക്കുകയാണു്. കഴിഞ്ഞ 9-ം 11-ം തീയതികളിൽ തിരുവനന്തപുരത്തുവച്ചു നടന്ന കർഷകയുവജന സമ്മേളനത്തിൽ ശ്രീ. ചാത്തുണ്ണിമാസ്റ്ററും, കർഷകസംഘം പ്രസിഡണ്ടു് ശ്രീ. ചക്രപാണിയും പ്രസ്താവിക്കുകയുണ്ടായി, കാർഷിക ബന്ധനിയമം പാസ്സായാലും ഇല്ലെങ്കിലും, ഭൂപരിഷ്കരണനിയമം പാസ്സാക്കിയാലും ഇല്ലെങ്കിലും ഈ രാജ്യത്തെ മിച്ചഭൂമി ഞങ്ങൾ കയ്യേറാൻ പോകുകയാണെന്നു്. സർ, പഴയ ആക്റ്റനുസരിച്ചു ഈ രാജ്യത്തെ മിച്ചഭൂമി പാവപ്പെട്ട കുടിയാന്മാർക്കു വിതരണം ചെയ്യാൻ നിയമപ്രകാരം വ്യവസ്ഥകൾ ഉണ്ടായിരിക്കെ, അങ്ങനെയൊന്നും ഇല്ലെന്നുള്ള നാട്യത്തിൽ, അഭിനയത്തിൽ മിച്ചഭൂമി കുടിയാനു വിതരണം ചെയ്യാൻ പോകുന്നു എന്നു ആഹ്വാനം ചെയ്തിരിക്കുകയാണു്. ശ്രീ. പി. ഗോവിന്ദപ്പിള്ള ഒരുകാര്യം മനസ്സിലാക്കണം. ഇത്തരത്തിലുള്ള ആഹ്വാനം മുഴക്കിയിട്ടു് നിയമപ്രകാരമല്ലാതെ ഈ രാജ്യത്തെ മിച്ചഭൂമി ഏതെങ്കിലും വ്യക്തിയിൽ നിന്നു പിടിച്ചെടുക്കാമെന്നാണു നിങ്ങളുടെ വ്യാമോഹമെങ്കിൽ അതു വെറും മൗഢ്യമാണു്. അതിനുവച്ച വെള്ളം വാങ്ങിവെച്ചാൽ മതി. സർ, ഇതൊരു കാട്ടാളഭരണമാണോ, കാട്ടാളത്ത നിയമമാണോ ഇവിടെ നിലവിലുള്ളതു്? ഒരു നിയമം പാസ്സാകുന്നതിനു മുൻപു് വ്യവസ്ഥാപിതമായ നടപടികളും സ്വീകരിക്കണമെന്നല്ലാതെ ഇത്തരത്തിലുള്ള ആഹ്വാനങ്ങളും മുഴക്കുന്നതു ശരിയാണോ സർ? വിപ്ലവത്തിനു

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിമാത്രമാണു്, ശ്രീ. രണദിവെയുടെ ലണ്ടൻ തീസിസു് നടപ്പാക്കാൻ വേണ്ടിയാണു് ഇവർ ശ്രമിക്കുന്നതെന്നാണു മനസ്സിലാക്കേണ്ടിയിരിക്കുന്നതു്. ശ്രീമതി കെ. ആർ. ഗൗരി മിനിഞ്ഞാന്നു് ഒരു ചോദ്യം ചോദിച്ചപ്പോൾ പറഞ്ഞു, അങ്ങനെ പല സംഘങ്ങളുമുണ്ടു്, മഹിളാസമാജങ്ങൾ കാണും എന്നൊക്കെ. മഹിളാസമാജമാണോ സർ, ശ്രീ. ചാത്തുണ്ണി മാസ്റ്ററുടെ കർഷക സംഘവും, യുവജന കർഷക സമ്മേളനവും മാർക്സിസു്റ്റു പാർട്ടിയുടെ ആഭിമുഖ്യത്തിൽ നടത്തുന്നതല്ലേ? ശ്രീ. ചാത്തുണ്ണി മാസ്റ്റർ കർഷകസംഘം പ്രതിനിധി എന്ന നിലയിൽ ചെയ്ത ആഹ്വാനം, തിരുവനന്തപുരത്തു വച്ചു ചെയ്ത ആഹ്വാനം മിച്ചഭൂമി കൊടുക്കാൻ ഇന്നൊരു നിയമമില്ല, പുതിയതായി നിയമനിർമ്മാണം കൊണ്ടുവരാൻ പോകുന്നുവെന്നതിനു മുൻപുതന്നെ ഭൂമി കയ്യേറാൻ പോകുന്നുവെന്നു പറഞ്ഞതു് വോട്ടുപിടിക്കാനുള്ള വെറും പ്രചാരണമായിരുന്നോ, അടുത്ത തിരഞ്ഞെടുപ്പിനു വേണ്ടിയുള്ള കളമൊരുക്കലായിരുന്നോ അങ്ങനെയാണെങ്കിൽ അതു വെറും മൗഢ്യമാണു്. ഈ രാജ്യത്തെ ജനങ്ങൾക്കറിയാം, കഴിഞ്ഞ മുപ്പതുമാസക്കാലമായി ഈ രാജ്യത്തു നടക്കുന്ന ദുർഭരണത്തെപ്പറ്റി. അതു് ഇങ്ങനെയൊരു നിയമ നിർമ്മാണം മൂലം മൂടി വയ്ക്കാൻ സാധിക്കുകയില്ല. കഴിഞ്ഞ മുപ്പതുമാസക്കാലം നിങ്ങൾ ഈ രാജ്യത്തു നടത്തിയ അഴിമതികളും ദുർഭരണവും ഈ നിയമ നിർമ്മാണം കൊണ്ടു മൂടിവയ്ക്കാമെന്നു പാവപ്പെട്ടവരെ കബളിപ്പിക്കാമെന്നു വിചാരിക്കേണ്ട.

സർ, മറെറാരു കാര്യം എനിക്കു പറയാനുള്ളതു്, മിച്ചഭൂമിക്കുവേണ്ടി പ്രസംഗിച്ച ആളുകൾ, ആഹ്വാനം ചെയ്തവർ ഒരുകാര്യം ആലോചിക്കണമെന്നാണു്. ഇന്നുള്ള മിച്ചഭൂമികൈവശത്തെ സംബന്ധിച്ചിടത്തോളം നിങ്ങൾ വാതിൽ തുറന്നിട്ടിരിക്കുകയല്ലേ എന്നു ഞാൻ ചോദിക്കുകയാണു്.

സർ, ഞാൻ 1964-ലെ 1-ാം ആക്ടറിലെ 84-ാം വകുപ്പിലേക്കു വരികയാണു്. 1964-ൽ ഒരു നോട്ടിഫിക്കേഷൻ ഉണ്ടായിരുന്നു, 1963-നു ശേഷമുള്ള എല്ലാ കൈമാറ്റങ്ങളും, ഒരു കുടുംബത്തിൽ നടന്നിട്ടുള്ള കുടുംബാംഗങ്ങളുടെ ഇടയിൽ നടന്നിട്ടുള്ള കൈമാറ്റങ്ങളെ സംബന്ധിച്ചിടത്തോളം ഭാഗഉടമ്പടി അല്ലെങ്കിൽ ഇഷ്ടദാനം മുതലായ കേസ്സുകൾ ഉണ്ടായാൽ അതെല്ലാം അസാധുവാണെന്നു പ്രഖ്യാപിച്ചിരുന്നു. പുതിയ നിയമത്തിൽ 84-ാമത്തെ വകുപ്പിൽ ശ്രീമതി കെ. ആർ. ഗൗരി എന്താണു ചെയ്തിരിക്കുന്നതു്? ഒരുപക്ഷേ പറയുമായിരിക്കും ആദ്യത്തെ സബ്ബു് ക്ലാസ്സു നിലനിറുത്തിയിട്ടുണ്ടെന്നു്. അതിൽ എനിക്കു തർക്കമില്ല. ആദ്യത്തെ സബ്ബു് ക്ലാസ്സു് നിലനിറുത്തിയിട്ടുണ്ടു്. ഞാൻ 2-ാമത്തെ സബ്ബു് ക്ലാസ്സിലേക്കു് വരികയാണു്.

84. (b) after sub-section (1) as so renumbered, the following sub-section shall be inserted, namely:—

"(2) Notwithstanding anything contained in any law for the time being in force, all voluntary transfers effected by any person (other than a family or any member thereof or by an adult unmarried person) owning or holding land in excess of the ceiling area after the 1st July, 1969, otherwise than—

(i) by way of partitions; or

(ii) in favour of a person who was a tenant of the holding before the 27th July, 1960, and continued to be so till the date of transfer; or

(iii) in favour of a religious, charitable, or educational institution of a public nature solely for the purposes of the institution,

shall be deemed to be transfers calculated to defeat the provisions of this Act and shall be invalid:

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

ചുരുക്കത്തിൽ 1969 ജൂലായ് മാസം 1-ാം തീയതിക്കുമുമ്പുള്ള കൈമാറ്റങ്ങൾ മുഴുവൻ, കുടുംബാംഗങ്ങൾ അല്ലാത്തവരെ സംബന്ധിച്ചും മുഴുവൻ കൈമാറ്റങ്ങൾക്കും സാധുകരണം നൽകുകയാണു്. എന്തിനു വേണ്ടിയാണു സർ ഇങ്ങനെ ചെയ്തതു് ? 1967-ൽ നിയമസഭയിൽ അവതരിപ്പിച്ച ബിൽ മാർക്സിസ്റ്റ് പാർട്ടി എന്തിനുവേണ്ടി നീട്ടിക്കൊണ്ടുപോയി എന്നു ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. കേരളാ കോൺഗ്രസും, കോൺഗ്രസും മറ്റു പാർട്ടികളുമാണു് ബിൽ പാസ്സാക്കുന്നതിനു തടസ്സക്കാർ എന്ന പ്രചരണം അഴിച്ചു വിട്ടിട്ടു് 1967 ആഗസ്റ്റ് മാസത്തിൽ നിയമസഭയിൽ അവതരിപ്പിച്ച ബിൽ പാസ്സാക്കുന്നതിനുവേണ്ടി ഒരു വർഷം കാത്തിരിക്കേണ്ടിവന്നു. ഇതു നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണം ഞങ്ങൾക്കു മനസ്സിലായി. ഈ രാജ്യത്തെ ഭൂസ്വാമികളെ സംബന്ധിച്ചിടത്തോളം, ചില കമ്പിനികളെ സംബന്ധിച്ചിടത്തോളം, ചില സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ കൈവശമുള്ള മിച്ചഭൂമി മുഴുവൻ കൈമാറ്റം ചെയ്യുന്നതിനുള്ള അവസരം നൽകുന്നതിനായിരുന്നു 1969 ജൂലൈ വരെയുള്ള കൈമാറ്റങ്ങൾക്കു സാധുകരണം നൽകിയിരിക്കുന്നതു്. ആരൊക്കെയാണു് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചതെന്നു്, ഇതിന്റെ പേരിൽ നടന്ന കള്ളക്കച്ചവടമൊക്കെ—ആ വാക്കുതന്നെ ഞാൻ ഉപയോഗിക്കുകയാണു്—ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിയും. 1967-നു ശേഷമുള്ള കൈമാറ്റങ്ങൾ അസാധുവായിരിക്കുമെന്നു ആദ്യം എഴുതി വച്ചിരുന്നെങ്കിൽ ന്യായമാണെന്നു പറയാമായിരുന്നു. അവിടവും കടന്നു് 1969 ജൂലൈ മാസം 1-ാം തീയതിക്കുശേഷമുള്ള കൈമാറ്റങ്ങൾക്കു സാധുകരണം നൽകുകയില്ലെന്നു വ്യവസ്ഥ ചെയ്തിരിക്കുന്നതിന്റെ ഉദ്ദേശം എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്. ഈ രാജ്യത്തെ ഭൂസ്വാമികൾക്കു് അവരുടെ മിച്ചഭൂമി മുഴുവൻ ഇഷ്ടംപോലെ കൈമാറ്റം ചെയ്യുന്നതിനുള്ള അവസരം നൽകിയതിനുശേഷം ഇവിടെ മിച്ചഭൂമി എന്നൊരു സാധനം ഇല്ലാതാക്കിയതിനുശേഷം ഇതാ മിച്ചഭൂമി കുടിയാന്മാർക്കായി ഞങ്ങൾ വിതരണംചെയ്യാൻ പോകുന്നു എന്നു പറഞ്ഞുകൊണ്ടു് ചാത്തുണ്ണിമാസ്റ്ററും, ചക്രപാണിയും, പി. ഗോവിന്ദപ്പിള്ളയും പടവാളയർത്തുന്നതു് ഘോരമായ വഞ്ചനയാണു്, പാവപ്പെട്ടവരോടു ചെയ്യുന്ന ചതിയാണു്. ഇത്തരത്തിലുള്ള ആഹ്വാനങ്ങളും, പ്രസ്താവനകളും, മിച്ചഭൂമി കയ്യേറുമെന്നുപറഞ്ഞുള്ള പ്രചരണങ്ങളും ഇനിയെങ്കിലും നിങ്ങൾ അവസാനിപ്പിക്കണമെന്നുമാത്രമേ എനിക്കു പറയാനുള്ളൂ.

സർ, പാവപ്പെട്ടവരെ സംബന്ധിച്ചിടത്തോളം ഈ നിയമനിർമ്മാണം പാസ്സായിക്കഴിഞ്ഞാൽ, ഓരോ വില്ലേജിലും ഭൂമി കിട്ടുമെന്ന പ്രതീക്ഷയിൽ കഴിയുകയാണു്. അവരുടെ പ്രതീക്ഷകൾ നിങ്ങൾ തകർക്കരുതെന്നുമാത്രമെ ഞാൻ പറയുന്നുള്ളൂ. ഈ വിഭാഗത്തിനു് ആനുകൂല്യം നൽകുന്ന കാര്യത്തിൽ, ഒരു വിനാഴികയ്ക്കു് മുൻപേ പാവപ്പെട്ടവർക്കു് മിച്ചഭൂമി വിതരണം ചെയ്യാൻ നിങ്ങൾ ശ്രമിക്കുമെങ്കിൽ ആ നടപടിക്കു് കൂട്ടുനിൽക്കാൻ ഞങ്ങൾ തയ്യാറാണെന്നുള്ളവിവരം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണു്. എന്തു ബുദ്ധിമുട്ടു സഹിച്ചിട്ടായാലുംശരി, കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളം ഈ കാര്യത്തിൽ നിങ്ങൾക്കു പിന്തുണ നൽകാൻ തയ്യാറാണു്. അതു ചെയ്യാതെ ആത്മാർത്ഥതയില്ലാത്ത പ്രചരണങ്ങളും, ആത്മാർത്ഥതയില്ലാത്ത നടപടികളും സ്വീകരിച്ചിരിക്കുന്ന നിങ്ങളുടെ ചെയ്തികൾ നീതികരിക്കാൻ സാദ്ധ്യമല്ല.

സർ, മറ്റൊരു കാര്യം എനിക്കു പറയാനുള്ളതു് കുടികിടപ്പുകാരെ സംബന്ധിച്ചാണു്. കുടികിടപ്പുകാർക്കു് വാസ്തവത്തിൽ ഒരു അപകടം വന്നു ചേർന്നിരിക്കുകയാണു്. കുടികിടപ്പുകാർക്കു് എന്തോ വലിയ സഹായം ചെയ്തു, അവർക്കു് കുടികിടപ്പവകാശം വാങ്ങാനുള്ള അവകാശം നൽകുന്നുവെന്നുള്ള പ്രചരണം നടത്തുമ്പോൾ ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണു്. കുടികിടപ്പുകാർക്കു് ഇന്നത്തെ നിയമനിർമ്മാണംകൊണ്ടു് ദുഷ്യമാണു വന്നുചേർന്നിരിക്കുന്നതു്,

LIBRARY ARCHIVES Kerala Legislative Assembly

1964-ലെ 1-ാം ആക്ടിനേക്കാൾ കൂടികിടപ്പുകാർക്ക നന്മ ചെയ്യുന്നതിൽ ഈ നിയമം പിന്നോക്കം പോയിരിക്കുകയാണു്. 80 (എ)-യിൽ പറഞ്ഞിരിക്കുന്നതു് രണ്ടേക്കറിൽ താഴെയുള്ള ഭൂവുടമകളെസംബന്ധിച്ചിടത്തോളം അവരുടെ ഭൂമിയിൽ താമസിക്കുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം സിറ്റിയിൽ അവർക്ക മൂന്നു സെൻറു സ്ഥലം കൊടുക്കാമെന്നാണു്. അതുപോലെതന്നെ മൂന്നേക്കറിൽ താഴെ വിസ്തീർണ്ണമുള്ള ഒരു ജന്മിയുടെ ഭൂമിയിൽ കിടക്കുന്ന കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഒന്നിൽ കൂടുതൽ കുടികിടപ്പുകാരുണ്ടെങ്കിൽ സിറ്റിയിൽ 6 സെൻറു കൊടുക്കുമെന്നും 5 ഏക്കറിൽ താഴെയുള്ളവരുടെ ഭൂമിയിലാണെങ്കിൽ 9 സെൻറു കൊടുക്കുമെന്നും പറയുന്നു. അതിനു മുകളിലുള്ളവർ 12 സെൻറു കൊടുക്കുമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ഇതിൽ ആദ്യത്തെ ഗണത്തിൽപ്പെട്ട, രണ്ടേക്കറിൽ താഴെ ഭൂമിയുള്ള ഒരു ഉടമസ്ഥൻറെ കീഴിൽ തിരുവനന്തപുരത്തോ, എറണാകുളത്തോ, കോഴിക്കോട്ടോ, മേജർ സിറ്റിയിൽ 5 കുടികിടപ്പുകാർ ഉണ്ടെന്നു വിചാരിക്കുക. അഞ്ചു കുടികിടപ്പുകാർ ഉണ്ടെങ്കിൽ ഒരാൾക്കു കിട്ടുന്നതു് ഈ മൂന്നു സെൻറു ഹരിച്ചുകിട്ടിയാൽ എത്രയായിരിക്കുമെന്നു ആലോചിക്കാം. അരസെൻറു പോലും ഒരാൾക്കു കിട്ടാൻ നിവൃത്യാഹമില്ലെന്നു കാണാൻ കഴിയും. നിയമത്തിൽ മൂന്നു സെൻറെന്നു എഴുതിവെച്ചിട്ടുണ്ടെങ്കിലും കൂടുതൽ കുടികിടപ്പുകാർ ഉണ്ടെങ്കിൽ അര സെൻറു പോലും ഒരാൾക്കു് കിട്ടാൻ സാധിക്കാതെ വരും. രണ്ടാമത്തെ ഗണത്തിൽ 5 പേരുള്ള കുടികിടപ്പാണെങ്കിൽ ഒന്നേകാൽ സെൻറു കിട്ടിയേക്കും. 5 പേരുള്ള ഒരു കുടികിടപ്പാണെങ്കിൽ ഒന്നേകാൽ സെൻറു ഭൂമിയാണു കിട്ടുന്നതു്. ചുരുക്കത്തിൽ 1964-ലെ 1-ാം നിയമത്തിൽ ശ്രീ. പി. ടി. ചാക്കോ എഴുതിവെച്ചിരുന്ന നിയമത്തിൽ ഈ രാജ്യത്തെ കുടികിടപ്പുകാർക്കു് നൽകിയിരുന്ന സ്ഥിരാവകാശം, കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ പാടില്ലെന്നുണ്ടായിരുന്ന വ്യവസ്ഥ ഇന്നു മാറ്റിയിരിക്കുകയാണു്. സ്ഥിരാവകാശം എടുത്തുകളഞ്ഞിട്ടു ഇന്നു കുടികിടപ്പവകാശം വിലവാങ്ങാനുള്ള അവകാശം നൽകിയിരിക്കുകയാണു്. വാങ്ങാനുള്ള അവകാശം കൊടുത്തിരിക്കുന്നതു് എത്രയാണു്? പുതിയ നിയമപ്രകാരം കൂടുതൽ കുടികിടപ്പുകാരുണ്ടെങ്കിൽ ഓരോരുത്തർക്കും മുക്കാലും, ഒന്നരയും, രണ്ടും സെൻറു വീതം ജന്മാവകാശം വാങ്ങാൻ മാത്രമേ നിർവ്വാഹമുള്ളൂ. നിയമം വ്യാഖ്യാനിച്ചു മുമ്പോട്ടു പോയാൽ പഴയ സ്ഥിരാവകാശം എടുത്തു കളഞ്ഞിട്ടു് പർച്ചൈസു റൈറ്റു കൊടുത്തപ്പോൾ കുടികിടപ്പുകാർക്കു് അവകാശപ്പെടാവുന്ന ഭൂമിയുടെ പരിധി, അരസെൻറും മുക്കാൽ സെൻറും ഒന്നേകാൽ സെൻറുമായി കുറഞ്ഞിരിക്കുകയാണു്. ചുരുക്കത്തിൽ ഇന്നു കുടികിടപ്പുകാർ മുഴുവൻ കുച്ചേരി കയറേണ്ട ഗതികേടാണു വന്നുചേർന്നിരിക്കുന്നതു്. ഇന്നത്തെ നിയമപ്രകാരം ജന്മിമാർക്കു കുടികിടപ്പുകാരെ ഒഴിപ്പിക്കാനുള്ള അവകാശം നൽകുകയാണുചെയ്യുന്നതു്. ഈ നിയമം പാസ്സാക്കുന്നതുകൊണ്ടു നിങ്ങൾ അതാണോ ആഗ്രഹിക്കുന്നതു്? അല്ലെങ്കിൽ വെറും പ്രചരണത്തിനു വേണ്ടിയല്ലാതെ, കൂടുതൽ പ്രായോഗികമായ കുടികിടപ്പുകാർക്കു നന്മ ചെയ്യുന്ന വ്യവസ്ഥകൾ ഇതിൽ ഉൾപ്പെടുത്താൻ ശ്രമിക്കണം.

സർ, കുടികിടപ്പുകാർക്കു എത്ര ഭൂമി കൊടുക്കുന്നതിലും ഞങ്ങൾ എതിരല്ല. കുടികിടപ്പുകാർക്കു നല്ല ഭാവി ഉണ്ടാകണമെന്നു ആഗ്രഹിക്കുന്നവരാണു ഞങ്ങൾ. അവർക്കു പാർപ്പിടം ഉണ്ടാകണം. മറ്റു ജീവിത സൗകര്യങ്ങൾ ഉണ്ടാകണം. അതിൽ എതിർപ്പില്ല. എന്നാൽ നിങ്ങളുടെ ഈ നിയമം പാസ്സായാൽ ജന്മിമാർക്കു കുടികിടപ്പുകാരെ ഒഴിപ്പിക്കാൻ അവസരം കിട്ടുകയാണു്. ഇതിലെ വകുപ്പുകൾ ശരിയായി വായിച്ചു നോക്കിയതിൻറെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണു്. എത്രമാത്രം പർച്ചൈസു റൈറ്റു കൊടുത്തിട്ടുണ്ടോ അതിനപ്പുറമുള്ള സ്ഥലം കുടിയാൻ ഒഴിഞ്ഞുകൊടുക്കേണ്ടതായി വരും. 1964-ൽ ശ്രീ പി. ടി. ചാക്കോയുടെ നിയമത്തിൽ കുടികിടപ്പുകാർക്കു നൽകിയ സാമൂഹിക നീതിപോലും, ഈ രാജ്യത്തെ കുടിയാനും കുടികിടപ്പുകാരും അനേക വർഷങ്ങളായി സമരം ചെയ്തു വിയർപ്പും രക്തവും ചിന്തി നേടിയെടുത്ത സാമൂഹിക നീതിപോലും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

കെ. ആർ. ഗൗരി ഈ നിയമനിർമ്മാണംമൂലം നഷ്ടപ്പെടുത്തിയിരിക്കുകയാണെന്നാണ് എന്റെ അഭിപ്രായം.

സർ, കുടിയാന ഇപ്പോഴും കിട്ടിയിരിക്കുന്നതു് എന്താണു്? പതിനായിരക്കണക്കിന കുടിയാന്മാർ കച്ചേരിയിൽ പോയി വക്കാലത്തു കൊടുക്കേണ്ട സ്ഥിതിയാണു്. ഇന്നത്തെ വ്യവസ്ഥപ്രകാരം കുടികിടപ്പുകാരനു പർച്ചേസു് റൈറിനു മാർക്കറ്റു വാല്യു കൊടുക്കണം എന്ന അഭിപ്രായത്തോടു എനിക്കോ ഞങ്ങളുടെ പാർട്ടിക്കോ യോജിപ്പില്ല. കുടികിടപ്പുകാരനു കൂടുതൽ പ്രയാസം ഉണ്ടാക്കാനാണു് ഇതുപകരിക്കുന്നതു്. മാർക്കറ്റു വാല്യുവിനെ സംബന്ധിച്ചിടത്തോളം പറയുന്നതു് മാർക്കറ്റു വാല്യുവിന്റെ 25 ശതമാനം പർച്ചേസു് പ്രൈസു് എന്നു തീരുമാനിച്ചതിനുശേഷം അതിൽ ഒന്നു പകുതി കുടികിടപ്പുകാരനും ഗവണ്മെന്റിന്റെ കുടികിടപ്പു ഫണ്ടിൽ നിന്നും ഒന്നു പകുതി കൊടുക്കണമെന്നുമാണു് വ്യവസ്ഥ ചെയ്തിട്ടുള്ളതു്. കുടികിടപ്പുകാരനു കുടികിടപ്പവകാശം കിട്ടണമെങ്കിൽ അയാൾ ലാൻഡ്ടൈബ്യൂണലിനു് അപേക്ഷ കൊടുക്കണം. അപേക്ഷ കൊടുത്തു വക്കീലിനെ ഏർപ്പാടു ചെയ്യണം. വക്കീലിനു ഫീസു കൊടുക്കണം. അതു മാത്രം പോരാ. കുടികിടപ്പുകാരൻ വാങ്ങാൻ പോകുന്നതു പത്തു സെന്റു ഭൂമിയാണെങ്കിൽ അതിന്റെ മാർക്കറ്റു വാല്യു എത്രയാണെന്നു തിട്ടപ്പെടുത്തണം. അങ്ങനെ തിട്ടപ്പെടുത്താൻ കമ്മീഷനെ ഏർപ്പാടു ചെയ്യണം. കമ്മീഷൻ പടി ഇരുന്നൂറോ അഞ്ഞൂറോ രൂപ—അതും ഏർപ്പാടു ചെയ്യണം. കമ്മീഷൻ, ദേഹണ്ഡമുണ്ടെങ്കിൽ അതും കയ്യാല വച്ചിട്ടുണ്ടെങ്കിൽ അതും മറ്റു ചമയങ്ങളുണ്ടെങ്കിൽ അതും എല്ലാം നോക്കി മതിപ്പു വാല്യു തിട്ടപ്പെടുത്തും. പ്രമാണവിലയുടെ അടിസ്ഥാനത്തിൽ മാർക്കറ്റു വാല്യു നിർണ്ണയിക്കുമ്പോഴും അതിന്റെ ഒന്നു പകുതി കുടിയാൻ കെട്ടിവച്ചെങ്കിൽ മാത്രമേ പർച്ചേസ്റൈറ്റു കൊടുക്കുകയുള്ളു എന്നു പറഞ്ഞാൽ കുടിയാനു എന്തു ആനുകൂല്യമാണു് ലഭിക്കുക. ഇതെല്ലാം പ്രചരണത്തിനു കൊള്ളാമെന്നുമാത്രമേ ബഹുമാനപ്പെട്ട മന്ത്രിയോടു എനിക്കു പറയുവാനുള്ളു. പാവപ്പെട്ട കുടിയാനെ സംബന്ധിച്ചിടത്തോളം പർച്ചേസ് റൈറ്റു കിട്ടി എന്നു കൊട്ടിഘോഷിച്ചാൽ മാത്രം പോരാ. അവനു താമസിക്കുവാൻ സൗകര്യം കിട്ടണം. ഈ നിയമപ്രകാരം ഒരു കൂലിപ്പണിക്കാരൻ ഒന്നു രണ്ടു വർഷക്കാലം താലൂക്കു് ഹെഡ് കചാർട്ടേഴ്സിൽ കയറിയിറങ്ങി ലാൻഡു ടൈബ്യൂണലിൽ കേസു് കൊടുത്തു അവർ നിശ്ചയിച്ചിട്ടുള്ള മതിപ്പു വിലയുടെ ഒന്നു പകുതി വരുന്ന രൂപ കെട്ടി വെയ്ക്കണം. പട്ടണത്തിലാണെങ്കിൽ, റോഡു സൈഡിലുള്ള പുരയിടമാണെങ്കിൽ, മറ്റു സൗകര്യമുള്ള സ്ഥലത്താണെങ്കിൽ അവിടത്തെ മതിപ്പുവില വളരെ കൂടുതലായിരിക്കും. അതു കെട്ടിവെയ്ക്കുക എന്നു പറഞ്ഞാൽ പാവപ്പെട്ട കുടിയാനെ സംബന്ധിച്ചിടത്തോളം മാർക്സിസ്റ്റു് പാർട്ടിക്കാർ കാണിക്കുന്ന കടുത്ത വഞ്ചനയായിട്ടു വരും. ഈ രാജ്യത്തെ കുടികിടപ്പുകാരെ ഇതുകൊണ്ടു തൃപ്തിപ്പെടുത്താൻ കഴിയുകയില്ല. ഈ രാജ്യത്തെ അനേകായിരം കുടികിടപ്പുകാർ ഈ നിയമത്തിനെതിരായി സമരം നടത്തുന്ന കാലം അതിക്രമിച്ചിട്ടില്ല എന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. കുടികിടപ്പുകാരും മറ്റു പാവപ്പെട്ട ആളുകളും ഈ നിയമനിർമ്മാണത്തിനെതിരായി, ഈ കാപട്യത്തിനെതിരായി ഈ വഞ്ചനക്കെതിരായി നിങ്ങൾക്കെതിരായി സമരകാഹളം മുഴക്കും. തീർച്ചയായിട്ടും ഈ വഞ്ചന മാറി വെയ്ക്കണം. കുടികിടപ്പുകാരെ സംബന്ധിച്ചിടത്തോളം ഗുണപ്രദമായ ഒരു നിയമം കൊണ്ടുവരണം. ഗുണപ്രദമായ ഒരു നിയമനിർമ്മാണത്തിനു ഞങ്ങളുടെ പാർട്ടിയിലുള്ളവർ എതിരല്ല. ഗുണപ്രദമായ നിയമത്തിനു പകരം ഞാൻ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നു എന്ന ആവേശം കാണിക്കാൻ വേണ്ടി, ഞാൻ ഇതെല്ലാം ചെയ്തിട്ടുണ്ടു്, ഞാൻ പർച്ചേസ് റൈറിനുവേണ്ടി ഇതെല്ലാം ചെയ്തിട്ടുണ്ടു് എന്ന ആവേശം കാണിക്കുവാൻ വേണ്ടി ഒരു നിയമനിർമ്മാണം നടത്തിയാൽ അതു നടപ്പാകുകയില്ല. ആവേശംകൊണ്ടു ആനുകൂല്യം

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിൽ ഗ്യാരണ്ടി ചെയ്യാൻ കഴിയുകയില്ല. ഇതിലൊക്കെ സമഗ്രമായ മാറ്റം വരുത്തേണ്ടതാണു്.

മറ്റൊരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുന്നതു് കുടികിടപ്പുകാരെ സംബന്ധിച്ചു ഒരേക്കറിൽ താഴെയുള്ള ആളുകളുടെ കാര്യം ഈ നിയമത്തിൽ 80 (എ)-ൽ പറയുന്നുണ്ടു്. ഒരേക്കറിൽ താഴെയുള്ള ഒരു ഉടമസ്ഥന്റെ ഭൂമിയിൽ ഏതെങ്കിലും ഒരു കുടികിടപ്പുകാരൻ ഉണ്ടെങ്കിൽ ഇതിലെ 75–ാം വകുപ്പു പ്രകാരം ആ ഭൂമി അകപയർ ചെയ്യുന്നതിനു അപേക്ഷ കൊടുക്കാം. അങ്ങനെ അകപയർ ചെയ്യുന്നതിനു മുമ്പായി മാറ്റിത്താമസിപ്പിക്കുവാൻ ഉള്ള അപേക്ഷ സ്വീകരിക്കുന്നില്ലെങ്കിൽ കുടികിടപ്പുകാരന്റെ ആ അവകാശം സിറ്റിയിലോ പഞ്ചായത്തിലോ അതിന്റെ പ്രൊപ്പോർഷൻ അനുസരിച്ചു വാങ്ങിക്കൊടുക്കാം എന്നാണു് പറഞ്ഞിരിക്കുന്നതു്. ഒരേക്കറിൽ താഴെയുള്ള ആളുകൾക്കു് 20 സെന്റിനോ മുപ്പതു സെന്റിനോ മാത്രം ഉള്ള ഒരു ഉടമസ്ഥനു അതിൽ ഒരു കുടികിടപ്പുകാരൻ ഉണ്ടെങ്കിൽ ഈ നിയമം കൊണ്ടു് വലിയ ഗുണമൊന്നുമില്ല. അതിൽ മതിപ്പു വിലയുടെ എൺപത്തിയേഴര ശതമാനം കെട്ടി വെച്ചാൽ ഗവണ്മെന്റു ആ സ്ഥലം അകപയർ ചെയ്തു കൊടുക്കുമെന്നു പറയുന്നു. എൺപത്തിയേഴര ശതമാനം വില കൊടുക്കുവാൻ അയാൾക്കു പണം ഉണ്ടായിരിക്കുകയില്ല. അതുകൊണ്ടു് ഗവണ്മെന്റു് പണം ഉണ്ടാക്കി അകപയർ ചെയ്തുകൊടുക്കണം. സർക്കാർ എന്നു പറയുന്നതു ജനങ്ങളുടെ അവകാശം പങ്കിടുന്നതിനുവേണ്ടി കസാലയിൽ കയറി ഇരിക്കുന്നതല്ല. ജനങ്ങളുടെ അവകാശം പങ്കിടാൻ ആകെ ഉടമ്പടി ചെയ്യലല്ല. 'എ' ക്കു് ഇത്ര 'ബി' ക്കു ഇത്ര 'സി' ക്കു ഇത്ര എന്നു പറയുകയല്ല. സർക്കാർ എന്നു പറയുന്നതു 'എ' യോടും 'ബി' യോടും 'സി' പാവപ്പെട്ട ആളുകളുടെ പക്കൽ നിന്നും നികുതി മേടിക്കുന്ന ഘടകമാണു്. അങ്ങനെയുള്ള ട്രഷറിയിൽനിന്നും പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം അവർക്കു ഗുണകരമായ നടപടി സ്വീകരിക്കുന്നതിനു ആവശ്യമായ മുതൽമുടക്കുവാൻ സർക്കാർ തയ്യാറാകണം. മുതൽമുടക്കുവാൻ മറ്റു മാർഗ്ഗങ്ങൾ സർക്കാർ കണ്ടുപിടിക്കേണ്ടതാണു്. അതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിക്കണം. അല്ലാതെ കുടുംബഭാഗ ഉടമ്പടി നടത്തുന്ന കാരണവനെപോലെയുള്ള സ്ഥാനമല്ല ശ്രീമതി ഗൗരി എടുക്കാനുള്ളതു്. ഇല്ലെങ്കിൽ ഈ നിയമപ്രകാരം പതിനഞ്ചു സെന്റു ഭൂമിയുള്ള ഒരാളുടെ സ്ഥലത്തു പത്തുസെന്റിൽ ഒരു കുടികിടപ്പുണ്ടെങ്കിൽ കുടികിടപ്പുകാരനു കിട്ടുന്നതു് പത്തു സെന്റും ഉടമസ്ഥനു കിട്ടുന്നതു് അഞ്ചുസെന്റുമായിരിക്കും. ശ്രീ. ഈ. ജോൺ ജേക്കബ്ബും ഞാനും ഇതിലെ സെലക്ടു കമ്മറ്റി മെമ്പറന്മാരാണു്. ഞങ്ങൾ കൂട്ടനാട്ടിലെ കാര്യം എടുത്തു പറഞ്ഞു. കൂട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം ചില പ്രത്യേകതയുണ്ടു്. അവിടെ താമസത്തിനു സൗകര്യമായി ചില സ്ഥലങ്ങൾ മാത്രമാണു് ഉള്ളതു്. അതുതന്നെയും ചില വരമ്പുകളായിരിക്കും. അയാൾക്കു നൂറുകണക്കിനോ ആയിരക്കണക്കിനോ പാടശേഖരങ്ങൾ ഉണ്ടായിരുന്നാലും താമസിക്കുവാൻ പത്തോ പതിനഞ്ചോ സെന്റു വരമ്പുകൾ മാത്രമെ ഉണ്ടായിരിക്കുകയുള്ള. അതിന്റെ മദ്ധ്യത്തിൽ ഒരു കുടികിടപ്പുണ്ടെങ്കിൽ ഇപ്പോഴത്തെ പുതിയ രീതിയനുസരിച്ചു കുടികിടപ്പുകാരനു പത്തുസെന്റിന്റെ പർച്ചേസു് റൈറ്റു കിട്ടുകയാണെങ്കിൽ ഈ ഭൂസ്വാമിക്കു് അതു അഞ്ചുസെന്റായി കുറഞ്ഞുപോകും. ലാൻഡു് ടൈബൂണലിലും മറ്റും പോയാൽ കുടികിടപ്പുകാരനു പത്തു സെന്റു് കിട്ടുകയും ഉടമസ്ഥനു് അഞ്ചു സെന്റു് കിട്ടുകയും ചെയ്യുമെന്ന അവസ്ഥയുണ്ടായാൽ ഇതിൽ എത്ര നീതിയുണ്ടു്. കൂട്ടനാട്ടിനെ സംബന്ധിച്ചിടത്തോളമെങ്കിലും ഇതിൽ മാറ്റം വരുത്തേണ്ടതാണു്. ഞങ്ങൾ അന്നു അതു മന്ത്രിയോടു പറഞ്ഞപ്പോൾ മന്ത്രി സ്വീകരിച്ചില്ല. ഇനിയെങ്കിലും മന്ത്രി അതിൽ തക്ക മാറ്റങ്ങൾ വരുത്തണമെന്നാണു് എനിക്കു പറയുവാനുള്ളതു്. ഇതിന്റെ പിന്നിലുള്ളതു കൂട്ടനാടൻ പാടശേഖരങ്ങളിൽ അസമാധാനവും അസ്വസ്ഥതയും അഴിച്ചുവിടുന്നതിനും വരമ്പുകളിൽ കത്തിക്കുത്തു നടത്തുന്നതിനും അങ്ങനെ വിപ്ലവം വരുത്തുന്നതിനും വേണ്ടി കരുതിക്കൂട്ടി കൊണ്ടുവന്നിരിക്കുന്ന ഒരു നിയമനിർമ്മാണമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

അല്ലാതെ കുടികിടപ്പുകാരനെ രക്ഷിക്കാൻ വേണ്ടിയല്ല. കുടികിടപ്പുകാരനു് ആവശ്യമാണെങ്കിൽ ഇത്തരം പ്രദേശത്തു് അയാംകുള്ള പാടത്തിൽനിന്നും കൊടുക്കണം. അയാംക്കു നിലം ഉണ്ടെങ്കിൽ അതിൽ കൃഷിചെയ്യാൻ വേണ്ടി കൊടുക്കട്ടെ. ഞങ്ങാംക്കു അതിലൊന്നും ആക്ഷേപം ഇല്ല. കുട്ടനാട്ടിനെ സംബന്ധിച്ചിടത്തോളം താമസ സൗകര്യം കുറവായ ആളുകളെ സംബന്ധിച്ചിടത്തോളമെങ്കിലും അത്തരത്തിലുള്ള ഒരു ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവരുമെന്നു ഞാൻ പ്രത്യാശിക്കുകയാണു്. ഞങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ രാജ്യവ്യാപകമായ കുടികിടപ്പുകാരന്റെ പ്രശ്നം പരിഹരിക്കുന്നതിനായി ചില നിർദ്ദേശങ്ങാം ഉണ്ടു്. സക്കാർ എന്നു പറഞ്ഞാൽ പ്രമാണമെഴുത്തിന്റെ ചുമതല വഹിക്കുക മാത്രമല്ല. കുടികിടപ്പുകാരായ പാവപ്പെട്ട ഭൂമിയില്ലാത്ത ആളുകളെ മാറിത്താമസിപ്പിക്കുവാൻ കുടികിടപ്പു ഫണ്ടുണ്ടാക്കിയതു കൊണ്ടു മാത്രമായില്ല. വെറുതെ കിടക്കുന്ന ഭൂമിയുണ്ടെങ്കിൽ, വനമുണ്ടെങ്കിൽ അവിടെ ഇത്തരം ആളുകളെ മാറിത്താമസിപ്പിക്കണം. അവക്കു വിദ്യാഭ്യാസത്തിനായി അവിടെ സ്കൂളുകളും കോളേജുകളും ഉണ്ടാക്കിക്കൊടുക്കുക, തൊഴിൽ സൗകര്യത്തിനായി വ്യവസായസ്ഥാപനങ്ങാം ഉണ്ടാക്കിക്കൊടുക്കുക മുതലായ സൗകര്യങ്ങാം ചെയ്തുകൊടുക്കണം. ഒരു പത്തോ പതിനായിരമോ വനഭൂമി ഇങ്ങനെ എടുത്തു് അവിടെ കുടിപാർപ്പു് നടത്തുക. തൊഴിൽസൗകര്യക്കുറവാണെങ്കിൽ തൊഴിൽസൗകര്യം ഉണ്ടാക്കിക്കൊടുക്കുക. സ്ഥിരമായി ഓരോരുത്തരുടേയും ഭൂമിയിൽ പാട്ടക്കാരനായി അല്ലെങ്കിൽ കുടികിടപ്പുകാരനായി കഴിയുന്ന രീതി വിഭാവനം ചെയ്യാതെ സ്ഥിരമായി ഈ പ്രശ്നം പരിഹരിക്കുന്നതിനുള്ള വകുപ്പുകാം ഇതിൽ എഴുതിച്ചേർക്കാതെ വെറും പ്രചരണത്തിനു കൊണ്ടുവന്നിട്ടുള്ള ഈ നിയമനിർമ്മാണത്തിൽ ഞങ്ങാംക്കു യാതൊരു താല്പര്യവുമില്ല. അവക്കു ആനുകൂല്യം കൊടുക്കുന്നതിനു ഞങ്ങാം ഒരിക്കലും എതിരല്ല, ഈ ബിൽ പ്രകാരം കുടികിടപ്പുകാരന്റെ പരിതഃസ്ഥിതി കൂടുതൽ വഷളാകാതിരിക്കുവാൻവേണ്ടി പറയുകയാണു്.

രണ്ടാമതായി എനിക്കു പറയുവാനുള്ളതു് ഇതിലെ ഷെഡ്യൂളിനെ സംബന്ധിച്ചാണു്. ഇതിൽ ഷെഡ്യൂം രണ്ടിൽ സ്റ്റാൻഡേർഡു് ഏക്കർ നിർണ്ണയിച്ചിരിക്കുന്നതിൽ ഞങ്ങാംക്കു അഭിപ്രായവ്യത്യാസം ഉണ്ടു്. അങ്ങനെ നിർണ്ണയിച്ചിരിക്കുന്നതു് ജില്ലയുടെ അടിസ്ഥാനത്തിലാണു്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളുടെ അടിസ്ഥാനത്തിലാണു് തെങ്ങിൻതോട്ടങ്ങളെ തരംതിരിച്ചിട്ടുള്ളതു്. ഇതു വളരെ അശാസ്ത്രീയമായ ഒരു തരംതിരിവാണു്. ഈ കാര്യം സെലക്ടു്കമ്മിറ്റിയുടെ ചർച്ചാവേളയിൽത്തന്നെ ഞാൻ പറഞ്ഞിട്ടുള്ളതാണു്. ബഹുമാനപ്പെട്ട മന്ത്രി അന്നു അതു സ്വീകരിക്കുവാൻ തയ്യാറായില്ല. ഇന്നെങ്കിലും അതു സ്വീകരിക്കുവാൻ തയ്യാറാകണം എന്നഭ്യർത്ഥിക്കുകയാണു്. ഓരോ ജില്ലയിലുംവ്യത്യസ്തമായ അളവുകോൽ ഉപയോഗിച്ചിരിക്കുന്നതു ശരിയല്ല അതു തികച്ചും അശാസ്ത്രീയമായ മാനദണ്ഡമാണു്. കായലോരപ്രദേശങ്ങളിൽ തെങ്ങു ധാരാളമായി വിളവു നൽകും. അങ്ങിനെയുള്ള കോസ്റ്റൽ ഏരിയായിൽപെടുന്ന ജില്ലകാം ഒന്നായിട്ടും മദ്ധ്യപ്രദേശത്തുള്ളവ ഒന്നായിട്ടും മലയോരപ്രദേശത്തുള്ളവ ഒന്നായിട്ടും തരംതിരിവു നടത്തണം. തെങ്ങിന്റെ വിളവനുസരിച്ചും മണ്ണിന്റെ ഫലപുഷ്ടി അനുസരിച്ചും ഉള്ള തരംതിരിവു നടത്തണം. അതിനു പകരം കോട്ടയം ജില്ലയിൽ ഒന്നേകാൽ ഏക്കർ തെങ്ങിൻപുരയിടം ഒരു സ്റ്റാൻഡേർഡു് ഏക്കറാണു്. അങ്ങനെ പല കുഴപ്പങ്ങളും ഉണ്ടു്. ചിലയിടത്തു കൂടുതൽ കുഴപ്പങ്ങാം ഉണ്ടു്. പലയിടത്തും കുറച്ചിട്ടുണ്ടു്, ചിലയിടത്തു കൂടുതൽ കൊടുത്തിട്ടുണ്ടു്. സൗകര്യത്തിന്റെ പേരിലാണു് എന്നാണു് മന്ത്രി പറഞ്ഞതു്. ബഹുമാനപ്പെട്ട മന്ത്രിയുടെ സൗകര്യത്തിന്റെ പേരിൽ ജില്ലയെ വേർതിരിച്ചിരിക്കുകയാണു്. ചില സ്ഥലങ്ങളിൽ ഒന്നേകാൽ ഏക്കർ ഉണ്ടായിരുന്നതു് ഒന്നായി കുറഞ്ഞു, ചില സ്ഥലത്തു

LIBRARY ARCHIVES Kerala Legislative Assembly

ഒന്നായിരുന്നതു് ഒന്നരയായി വദ്ധിച്ചിട്ടുണ്ടു്. ഈ അശാസ്ത്രീയമായ നിലപാടിൽ മാറ്റം വരുത്തിയേ തീരൂ. ആവശ്യമായ ഭേദഗതികളം സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണു്. സർ, ഞാൻ മീനച്ചിൽ കർഷകർക്കു വേണ്ടി സംസാരിക്കുകയാണു്. അവിടത്തെ കേരകൃഷി നശിച്ചിരിക്കുകയാണു്. തെങ്ങു രോഗം പിടിപെട്ട എല്ലാ തെങ്ങുകളും നശിച്ചിരിക്കുകയാണു്. തെങ്ങെല്ലാം വെട്ടിമാറ്റി അവിടെ റബ്ബർ വെച്ചുപിടിപ്പിക്കുകയാണു്. കേരകൃഷി റബ്ബർകൃഷി യായി മാറുകയാണു്. കാരണം കേരകൃഷി ആദായകരമല്ല. അതുകൊണ്ടു് കോസ്റ്റൽ ഏരിയ അല്ലെങ്കിൽ കേരകൃഷിക്കു പറ്റിയ മണ്ണുള്ള സ്ഥലം ക്ലാസു് ഒന്നായി തിരിക്കുള്ള. ഉദാഹരണമായി കുറ്റ്യാടി; മണ്ണാർക്കാടു്, വൈക്കം, വടയാർ, ഈ സ്ഥലങ്ങളെല്ലാം ക്ലാസു് ഒന്നായി തിരിക്കുന്നതിനു പകരം ചില ജില്ലകളോടു് പ്രതികാരം കാണിക്കുന്ന മട്ടിൽ തിരിച്ചിരിക്കുന്നതിൽ ഖേദമുണ്ടു്. ആ സമീപനത്തിൽ മാറ്റം വരുത്തണമെന്നഭ്യർത്ഥിക്കുകയാണു്.

സർ, ഇതിൽ കൊടുത്തിരിക്കുന്ന ക്ലാസു് 29 (എ) യെക്കുറിച്ചു് ഞങ്ങൾ വളരെയധികം സംശയം പ്രകടിപ്പിക്കുകയാണു്. ഭരണഘടനാവിരുദ്ധമായ പല വകുപ്പുകളും ഈ നിയമത്തിലുണ്ടു്. അതിനു് ഒന്നാമത്തെ ഉദാഹരണമാണു് 29 (എ). അതിൽ പറഞ്ഞിരിക്കുന്നതു്

"29A. *Bar of proceedings under Chapter XII of the Code of Criminal Procedure in certain cases.*—(1) Where a person claiming to be a tenant applies for the preparation of a record of rights or for the determination of the fair rent or for the purchase of the right, title and interest of the landowner and intermediaries, if any, in respect of the land cultivated by him, them, notwithstanding anything contained in any other law, no Magistrate shall have jurisdiction under Chapter XII of the Code of Criminal Procedure, 1898, in respect of a dispute between that person and any other person claiming to be in possession of that land relating to that land, pending disposal of the application." എന്നാണു് സർ, ഇതു കൊണ്ടു വരാൻ പോകുന്ന ഫലം എന്താണെന്നു വെച്ചാൽ ഈ രാജ്യത്തു് അസ്വസ്ഥതയും വഴക്കും ഉണ്ടാകുമെന്നുള്ളതാണു്. അതിനുള്ള സാഹചര്യമാണു് ഇതു കൊണ്ടുണ്ടാകുന്നതു്. മാത്രമല്ല ക്രിമിനൽ പ്രൊസീഡിയർ കോഡിലെ 12–ാം അദ്ധ്യായത്തിൽ ഒരു ആർ. ഡി. ഓ. സ്സു് നൽകിയിരിക്കുന്ന അവകാശം അല്ലെങ്കിൽ ഒരു എക്സിക്യൂട്ടീവു് ഫസ്റ്റു് ക്ലാസു് മജിസ്ട്രേട്ടിനു നൽകിയിരിക്കുന്ന അധികാരം നടപ്പിലാക്കാൻ പാടില്ലെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. സമാധാനലംഘനം ഉണ്ടാകുമ്പോഴോ ഒരു വസ്തുവിൽ തർക്കം ഉണ്ടാകുമ്പോഴോ കേസ്സു നടത്തുന്നതിനെപ്പറ്റിയാണു് ക്രിമിനൽ പ്രൊസീഡിയർ കോഡിലെ 12–ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്നതു്. എന്നാൽ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നതനുസരിച്ചു് റിക്കാർഡ്സു് ഓഫു് റൈറ്റ്സിനെ സംബന്ധിച്ചുള്ള തർക്കത്തെ സംബന്ധിച്ചിടത്തോളം യാതൊരു കോടതിയും ഇടപെടാൻ പാടില്ല. ഇങ്ങനെയായാൽ എങ്ങനെ മിസ്ചീഫു് ഇല്ലാതാക്കുവാൻ സാധിക്കും? യഥാർത്ഥത്തിൽ ഒരാൾ കുടികിടപ്പുകാരനായിരിക്കുകയില്ല. 'എ' എന്നുള്ള ഒരാൾ 'ബി' എന്നയാളിന്റെ ലാൻഡിൽ കുടികിടപ്പുകാരനാണെന്നും പറഞ്ഞു പ്രിപ്പറേഷൻ ഓഫു് റിക്കാർഡു് ഓഫു് റൈറ്റ്സിനെ സംബന്ധിച്ചിടത്തോളം ഒരു വെള്ളക്കടലാസിൽ ആപ്ലിക്കേഷൻ എഴുതി ആർ. ഡി. ഓ. യുടെ അടുക്കൽ അപേക്ഷിക്കുകയാണു്. എന്നിട്ടു് 'ബി'യുടെ പുരയിടത്തിൽ 'എ' കയറി പുര വയ്ക്കാൻ തുടങ്ങുമ്പോൾ 'ബി' അതിനെ തടസ്സപ്പെടുത്തുന്നതിനു വേണ്ടി കോടതിയിൽ ചെന്നു് അപേക്ഷിച്ചാൽ കോടതിക്കു് അതിൽ ഈ വകുപ്പു പ്രകാരം ഇടപെടാൻ പാടില്ല. സർ, ഇതു ഭരണഘടനാവിരുദ്ധമായ ഒരു വകുപ്പാണു്. ക്രിമിനൽ പ്രൊസീഡിയർ കോഡിലെ വകുപ്പുകൾക്കു വിരുദ്ധമായ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

ഒരു വകുപ്പാണു്, കേന്ദ്രനിയമത്തിലെ വകുപ്പുകൾക്കു വിരുദ്ധമായിട്ടുള്ള ഈ വകുപ്പു് നിലനിൽക്കുകയില്ലെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഇത്തരത്തിലുള്ള വളരെക്കൂടുതൽ വ്യവസ്ഥകളും ഈ ബില്ലിനകത്തുണ്ടു്. 9–ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിക്കൊണ്ടുവന്നിരിക്കുന്ന ഈ നിയമം ഭരണഘടനാവിരുദ്ധമായ വകുപ്പുകളും ഉൾക്കൊണ്ടതാണു്, കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നവയാണു്. ഇതിന്റെ അവസാനത്തെ ഫലം എന്താണെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണു്. ഈ നിയമം പാസ്സാകുമ്പോൾ ഈ ഗവണ്മെൻറു് ഉണ്ടെങ്കിലും ഇല്ലെങ്കിലും ഞാൻ പറയാൻ ആഗ്രഹിക്കുകയാണു്, ഈ നാട്ടിലെ പാവപ്പെട്ട ആളുകളുടെ കരങ്ങളിൽ ഉണ്ടായിരിക്കുന്ന, അവർ തുച്ഛമായിട്ടെങ്കിലും അനുഭവിച്ചുകൊണ്ടിരിക്കുന്ന, സ്വായത്തമായിരിക്കുന്ന ഭൂമിയുടെ അവകാശവും പരിരക്ഷയും ഒരു സുപ്രഭാതത്തിൽ ഇവിടത്തെ റവന്യൂമന്ത്രിയുടെ ഭാവനയിൽ ഉദിച്ചുന്നർയ പരിഷ്ക്കാരങ്ങളുടെ ഫലമായി നഷ്ടപ്പെടുകയാണു്. അതിനുള്ള പരിഹാര നടപടികളും ഈ രാജ്യത്തെ പാവപ്പെട്ടവർ എടുക്കും. ഈ ബില്ലിനകത്തു് ഇപ്പോൾ കൊടുത്തിരിക്കുന്ന വ്യവസ്ഥകളിൽ മാറ്റേണ്ടവ മാറ്റണം. തെറ്റുകൾ തെറ്റാണെന്നു് ചൂണ്ടിക്കാണിച്ചാൽ, ഭരണഘടനാവിരുദ്ധമായതു് ഭരണഘടനാവിരുദ്ധമാണെന്നു് ചൂണ്ടിക്കാണിച്ചാൽ അതു തിരുത്താൻ തയ്യാറാകാതെ ഞങ്ങളുടെ നേരെ കല്ലെറിയുന്ന മനോഭാവം സ്വീകരിക്കുന്നതു ശരിയല്ല. ഞങ്ങൾ ഈ നാട്ടിലെ കുടികിടപ്പുകാരുടെ ശത്രുക്കളല്ല, ഞങ്ങൾ ചേരിതിരിവിനുവേണ്ടി നില്ക്കുന്നവരല്ല, ഞങ്ങൾ വർഗ്ഗസമരത്തിനുവേണ്ടി നില്ക്കുന്നവരല്ല. ഈ നാട്ടിലെ കുടികിടപ്പുകാരേയും, ചെറുകിടക്കാരേയും ഒരുപോലെ കാണുന്നവരാണു്. അവരെ അഭിവൃദ്ധിപ്പെടുത്തണമെന്നു് ആഗ്രഹിക്കുന്നവരാണു് ഞങ്ങൾ. എല്ലാ ഘടകങ്ങളേയും എല്ലാ വിഭാഗങ്ങളേയും ഒരേപോലെ അഭിവൃദ്ധിപ്പെടുത്തുന്നതിനും അവരെയെല്ലാം ഒരേപോലെ കാണുന്നതിനും വേണ്ടി ആഗ്രഹിക്കുന്നവരാണു് ഞങ്ങൾ. ഈ രാജ്യത്തു് സമ്പത്സമൃദ്ധമായ ഒരു നല്ല ഭാവിയുണ്ടാക്കുന്നതിനാവശ്യമായ ഒരു നല്ല നിയമനിർമ്മാണത്തിനുവേണ്ടി നിലകൊള്ളുന്നവരാണു് ഞങ്ങൾ. റവന്യൂമന്ത്രി ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന പിടിവാശി ഉപേക്ഷിക്കണം. ഈ ബില്ലിൽ മാറ്റം വരുത്തേണ്ട വ്യവസ്ഥകളിൽ മാറ്റം വരുത്തണം. ഈ ബില്ലിന്റെ സെലക്ടു്കമ്മിറ്റി സ്റ്റേജിൽ റവന്യൂമന്ത്രി പിടിവാശി പിടിച്ചതുപോലെ, ഞാൻ കൊണ്ടുവന്ന നിയമമാണിതു്, ഇതിൽ ഒരു മാറ്റം വരുത്താൻ സാദ്ധ്യമല്ല എന്നുള്ള നിലപാടു് മാറ്റേണ്ടതാണു്. തെറ്റുകളുണ്ടെന്നും നടപ്പിലാക്കാൻ പറ്റാത്തതുമായ വകുപ്പുകളുണ്ടെന്നു് ബോദ്ധ്യമാകുന്നവയും മറ്റുള്ളവർ ചൂണ്ടിക്കാണിക്കുന്നവയും ആയ വകുപ്പുകൾ ഭേദഗതി ചെയ്യാൻ തയ്യാറാവണം. ആവശ്യമായ ഭേദഗതികളും കൊണ്ടുവന്നു് ഈ നിയമത്തെ ഒന്നുകൂടി പരിഷ്ക്കരിക്കണമെന്നു് പറഞ്ഞുകൊണ്ടു് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. കണപതി : *സർ, இந்த நில சீர்திருத்த மசோதா இங்கு இந்த நேரத்தில் கொண்டுவந்ததைப் பற்றி நான் மிகவும் சந்தோஷப்படுகிறேன். ஆனால் இதை பிரச்சாரம் செய்கிறபடி புரட்சிகரமான மசோதா என்று கூற முடியாது. நாம் இந்த மசோதாவை எடுத்துக்கொண்டால் பழைய டிவானுக இருந்த ஸர். ஸி. பி. ராமசாமி ஐயர் காலத்திலும் நடந்துவந்தது போலவே இருக்கிறது என்பது தெளிவாகும். அதாவது பணம் மூட்டைகளுக்கு ஆதரவாகவும் ஏழைமக்களுக்கு பாதகமாகவும் தான் இருந்தது என்பது தெளிவு. நாம் இதற்கு முன்னால் இருந்த கவர்மென்டை எடுத்துக் கொண்டாலும் இதுதான் நடந்து வந்தது. தற்போது நிலவிலுள்ள நமது கவர்மென்டும் இந்த மாதிரிதான் சபையில் இந்த மசோதாவை கொண்டு வந்திருக்கிறது. நான் இதை ஒருபுறம் ஆதரித்தாலும் இன்னொரு புறம் எதிர்க்கவேண்டிய நிலையும் ஏற்பட்டதைப் பற்றி வருந்தாமல் இருக்க*

LIBRARY ARCHIVES Kerala Legislative Assembly

முடியாது. நான் பணக்காரர்களையோ அல்லது பாவப்பட்ட ஏழை ஜனங்களையோ வித்தியாசமின்றி ஒரே மாதிரி பார்க்கும் நிலையில் இருப்பவன் என்பது இதிலிருந்து தெரியவரும். ஸர். ஸி. பி. ராமசுவாமி ஐயர் காலத்திலும் கூட எதேச்சாதிகாரம் தான் நடந்து வந்தது. நாம் விரும்புவது ஒரு சோஷலிச சமுதாயத்தை ஏற்படுத்துவதாகும். இதற்கு ஒரு உதாரணம் எடுத்துக் காட்ட விரும்புகிறேன். அதாவது நமது மத்திய அரசாங்கத்தில் பிரதம மந்திரி இந்திரா காந்தி அவர்கள் பெரிய உடமையாகிய பாங்குகளை தேசியமாக்கியது எல்லோரும் அறிந்த விஷயம். பல எதிர்ப்புகள் இருந்தும் ஒருவராலும் செய்ய முடியாத ஒரு காரியத்தைச் செய்து முடித்தார். அவருடைய பேரும் புகழும் உலகெல்லாம் பரவியது. மேலும் தைரியமாக ஒருவரிடமும் ஆலோசிக்காமல் இவர் செய்த பாங்கு காரியத்தைப் பற்றி புகழாமல் இருக்க முடியாது. அதே மாதிரி நமது ரெவன்யூ மந்திரி அவர்கள் பிளாண்டேஷன் தொழில்களுடைய காரியத்தில் எவ்வளவோ பெரிய காரியங்கள் செய்து முடிக்க வேண்டியதாகும். தைரியமாக தேசீயமயமாக்கவேண்டும். இதில் பயப்படவேண்டிய அவசியமே இல்லை. உதாரணமாக தேவிகுளம், பீர்மேடு முதலிய தாலுகாக்களை எடுத்துக் கொண்டால் அங்கு பெரிய உடமையாகிய கண்ணன்தேவன் கம்பெனி இருக்கிறது. அந்தக் கம்பெனிக்கு 5000-ஏக்கர்களும் வேஸ்ட் லாண்டுகளும் இருக்கிறது. பாவப்பட்ட பிளாண்டேஷன் தொழிலாளிகளை எடுத்துக் கொண்டால் அவர்களுக்கு இருபது சென்டோ அல்லது முப்பது சென்டோ பல வருடங்களாக பரம்பரையாக காய்கறி தோட்டங்கள் வைத்திருக்கிறார்கள். இதை குடிகிடப்பில் கொண்டுவர வேண்டும். கூடிப்போனால் அரை ஏக்கர் வரை இருக்கலாம். இவர்கள் ஐம்பது, நூறு ஆண்டுகளாக பரம்பரை பரம்பரையாக கையாண்டு வருகிறார்கள். தற்போதுள்ள சட்டத்தை எடுத்துக்கொண்டால் இவர்கள் எல்லாம் அந்த லாண்டை விட்டு வெளியேற வேண்டும் நிலையில் தான் சட்டம் கொண்டுவந்திருக்கிறது. இது பாவப்பட்ட ஏழை பிளாண்டேஷன் தொழிலாளிகளை பாதிப்பதாகவுள்ள சட்டமென்பது தெளிவு. பெரிய பூஷ்வாக்களுக்கு ஆதரவாக உள்ள சட்டமென்பது இதிலிருந்து தெரியவருகிறது.

റവന്യൂമന്ത്രി ശ്രീമതി കെ. ആർ. ഗൗരി: മിസ്റ്റർ ഗണപതി മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാമായിരുന്നു. എനിക്ക് മനസ്സിലാക്കാൻ വേണ്ടിയാണ് മലയാളത്തിൽ സംസാരിക്കണമെന്നു പറയുന്നതു്. തമിഴിൽ സംസാരിക്കുന്നതു കൊണ്ടു് എനിക്കൊന്നുംതന്നെ മനസ്സിലാകുന്നില്ല.

ശ്രീ. എൻ. ഗണപതി: മലയാളത്തിൽ എനിക്കു നല്ലപോലെ സംസാരിക്കാൻ അറിഞ്ഞുകൂടാ.

ശ്രീ. ടി. എ. മജീദ്: സർ, ശ്രീ. ഗണപതിക്കു് നല്ല സാഹിത്യത്തിൽ മലയാളഭാഷയിൽ സംസാരിക്കാനറിയാം.

ശ്രീ. എൻ. കണപതി: അപ്പടിയാനാൽ പെരിയ കമ്പെനി ഉടമൈയാകിയ കണ്ണൻദേവൻ കമ്പെനിയൈപ് പോലുള്ള പെരിയ നില ഉടമൈകളൈ തേചീയമാക്കവേണ്ടുമെന്റു നാൻ വർപുറുത്തി ഇന്ത സപൈയിൽ കൂറുകിറേൻ. റെവന്യൂ മന്തിരി അവർകളുക്കു തൈരിയമിരുന്താൽ ഇതൈത് തേചീയമാക്ക മുൻവരവേണ്ടും. നാൻ ഇതർകു ഒത്തുക്കൊൾകിറേൻ. പണക്കാരൻ ഏഴൈ എന്റ പാകുപാടു ഇൻറി ഇതൈത് തേചീയമാക്കവേണ്ടും എൻപതു താൻ എനതു കോരിക്കൈ. സർ, അടുത്തപടിയാക മുതലാളി, തൊഴിലാളി എന്റ വിത്തിയാചം കാട്ടക് കൂടാതു. ഏഴൈ പിളാണ്ടേഷൻ തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

[ஸ்ரீ. என். கணபதி :]

விகள் குடிசை கட்டி தாமதித்தால் அவர்களுக்கு ஷோகாஸ் நோட்டீஸ் அல்லது சஸ்பென்ட் செய்து வெளியேற்றினார்கள். குடில் என்பதற்கு டெபனிஷன் பழைய பில்லில் ஐநூறு ரூபாய் வரையில் தான். தற்போது உள்ள சட்டப்பிரகாரம் 600 ரூபாய் வரையில் இடம் பெறும். இதில் இவர்கள் மாட்டுத் தொழு, கோழிப் பண்ணை முதலியன அமைத்துக்கொள் கிறார்கள் போலும். நமது அசெம்பிளியில் பல பார்ட்டிகள் இருக்கிறது. ஆனால் அதில் லெப்ட், ரையிட் இவைகள் தம்மில் அடி வைக்கிறது. உதா ரணமாக நமது ரெவன்யூ மந்திரி லெப்ட் கட்சியைச் சார்ந்தவர்கள். இன்டஸ்ட்ரீஸ் மந்திரியாகிய டி. வி. தாமஸ் அவர்கள் ரையிட் கட்சியைச் சார்ந்தவர்கள். நமது சட்டசபையில் இவர்களை பார்த்தால் விரோதிகள் என்று தோன்றும். ஆனால் காரியத்தில் எல்லாம் ஒன்று தான். பார்ப்பவர் களுக்கு அடிவைப்பது போல் தோன்றும். உண்மையில் அப்படியல்ல. அடுத்தபடியாக நமது பிளாண்டேஷனை எடுத்துக்கொண்டால் முதல் ஸ்தானம் வகிப்பது தேயிலை. இரண்டாவது ஸ்தானம் வகிப்பது ரப்பர், மூன்றுவது ஸ்தானம் வகிப்பது ஏலம் முதலியன. மற்ற தென்னந்தோப்பு, குருமிளகு, நெல் முதலியவற்றை எடுத்துக்கொண்டால் இதில் எது கூடுதல் ஆதாயம் உள்ளது என்று ஆராய்ந்து தாரதம்மியப்படுத்திப் பார்த்தால் தேயிலை தான் முதல் ஆதாயம் உள்ளது என்பது தெரியவரும். நான் சொல்வது என்னவென்றால் முதலாவது பெரிய பணக்காரர்களின் மேல் கை வைக்க வேண்டும். பிறகு அடுத்தடுத்து பணக்காரர்களிடம் வரவேண்டும். திருமதி இந்திரா காந்தி செய்ததுபோல முதலாவது பெரிய பாங்குகளைத் தேசீயமயமாக்குவது தான் முதற் படியாகும். அதுபோல் பெரிய ஜெம்மிமாரிடம் உள்ளதுமான தோட்டங்களை தேசீயமயமாக்க வேண்டும். அல்விதம் இந்த கவர்மெண்ட் செய்ய முன்வந்தால் நானும் என்னுடைய பார்ட்டியும் உங்களை ஆதரிக்க தயங்கமாட்டோம். அதற்கு வேண்டிய ஒத்தாசைகளைச் செய்ய எப்பொழுதும் தயார். இதில் எந்த விதமான வேறுபாடும் இல்லை. எந்தக் காரணங்கள் கொண்டும் இதை மாற்றி வைக்கக்கூடாது என்பது தான் எனது நோக்கமாகும். அடுத்த படியாக இன்று காலையில் ஒரு கேள்விக்கு விடையாக நமது உணவு மந்திரி அவர்கள் சொன்னார்கள் ரேஷன் ஆறு அவுன்ஸ் அதாவது 160 கிராம் இப்பொழுது கொடுக்கப்பட்டு வருகிறது. அடுத்த இரண்டு மாதங்களில் இன்னும் குறைக்கப்படும் என்று. நாம் பேப்பர்களில் வாசித்திருக்கலாம் அதாவது மாக்சிஸ்டு பார்ட்டி எம். பி. சக்ரபாணி மற்றும் சாத்துண்ணி மாஸ்டர் இவர்கள் பிரசங்கத்தில் கூறியிருக்கிறார்கள் பூமியில் கையேற்றம் நடத்துவோம் என்று. நான் கேட்கிறேன் எங்கள் மலைப்பிரதேசமான தேவிகுளம், பீர்மேடு, உடும்பஞ்சோலை முதலிய பிரதேசங்களில் பிளாண் டேஷன் ஏரியாக்களில் ஏன் கையேற்றம் நடத்தவில்லை என்று. அப்படி யானால் நான் அவரை ஆதரிக்கிறேன்.

டிபுடி ஸ்பீக்கர் : அதைப்பற்றி பேசியாச்சு.

ஸ்ரீ. என். கணபதி : ஸர், அடுத்தபடியாக முக்கியமான ஒரு விஷயத்தைக் கூற நான் ஆசைப்படுகிறேன். அதாவது மத்திய அமைச்சர் திரு. பனம்பள்ளி கோவிந்த மேனனை சொன்னார் பிளாண்டேஷன்களை தேசீயமாக்கவேண்டுமென்று. அதில் நமது சட்டசபைக்கும், ராஜ்ய சர்க்காருக்கும் அதிகாரம் உண்டு என்று. அப்படி அனுமதி வேண்டு மானாலும் நல்க தயார் என்றும் கூறினார். மேலும் பெரிய நிலச்சுவான்தார் போன்ற முதலாளி உடமைகளும் திரு. எஸ். பி. லூயிஸ்

LIBRARY ARCHIVES Kerala Legislative Assembly

போன்றவர்களுக்கு ஆதரவும், ஊக்கமும் அளிக்கப்பட்டு வருகிறது. ஸர், ஏன் இந்த மாதிரி பாராபட்சம் அல்லது டிஸ்கிரிமினேஷன் காண்பிக்கிறீர்கள். தேயிலை, ரப்பர், காப்பி, சிங்கோனா போன்ற முதலியவைகளை தேசியமாக்கவேண்டும். நாம் நன்கு உழைத்து நெற்றி வியர்வை நிலத்தில் சிந்தும்படி செய்தால் அதிக உணவுப் பொருள் விளைச்சலை எதிர்பார்க்கலாம். அவ்விதம் நாம் செய்யாமல் சோம்பேறிகளாக இருந்து அமெரிக்கா போன்ற வேற்று நாடுகளை எதிர்பார்த்து நிற்கிறோம். மேலும் அமெரிக்கா விலிருந்து கோதுமை நமக்கு சப்ளை செய்யப்பட்டு வருவது தெரிந்த விஷயம். அதைப் பற்றி கூடுதல் சொல்ல விரும்பவில்லை. நாம் சாப்பாட்டிற்கு ஜனதிபதி நிக்சனை எதிர்பார்த்து நிற்கவேண்டிய பரிதாபகரமான நிலை ஏற்பட்டிருக்கிறது. இதை நினைக்கும்போது யார் தான் வருந்தாமல் இருக்க முடியும். அடுத்தபடியாக காம்பன்சேஷனை குறித்து சில விஷயங்களை நினைவுபடுத்துகிறேன். காம்பன்சேஷன் தொகை குறைக்கவேண்டுமென்று தான் எனது அபிப்பிராயம். இது 72 (எ) பிரகாரம். இதை எல்லாம் கருத்திற்கொண்டு ரெவன்யூ மந்திரி அவர்கள் ஒரு கமிட்டி ஏற்படுத்தி நல்ல முறையில் அவசரப்படாமல் நிதானமாக ஆலோசித்து பரிசீலனை செய்யவும் வேண்டிய மாற்றங்களை ஏற்படுத்தவும் இந்த மசோதாவில் செய்யவேண்டுமென்று நான் மந்திரி அவர்களை கேட்டுக்கொள்கிறேன். ஸர், மற்றொரு முக்கியமான விஷயம் என்னவென்றால் சர்க்கார் வனங்களில் தடிகளை வெட்டு விற்பனை செய்கிறார்கள். அதைப்பற்றி நான் சட்டசபையில் ஒரு குற்றச் சாட்டு வன இலாகா மந்திரியின் மேல் கொண்டுவந்தது ஞாபகமிருக்கலாம். இவ்விதம் தடிகளை வெட்டியெடுத்தால் நாளடைவில் வனங்களில் தடிகளே காண முடியாமல் போய்விடும் என்பது உறுதி. திருவிதாங்கூரிலுள்ள சர்க்கார் வனங்களில் எத்தனையோ பணம் படைத்த முதலாளிமார்கள் 100, 200, 500 ஏக்கர்கள் கைவசம் வைத்திருக்கிறார்கள். கோதமங்கலம், அடிமாலி போன்ற இடங்களில் வரி போலும் அசஸ் செய்யாமல் தள்ளிவிடுகிறார்கள். அதன் காரணம் என்னவென்றால் பணக்காரர்களிடம் உத்தியோகஸ்தர்கள் போக அஞ்சுகிறார்கள். இப்படி எத்தனையோ உதாரணங்களை எடுத்துக் கூற என்னால் முடியும். தனிவுடமைகளின் வனங்களை எடுக்கும் பொழுது சர்க்கார் வனங்களையும் ஏன் எடுத்து பூமி இல்லாத ஏழைகளுக்கு விநியோகிக்கக் கூடாது. மணியங்காடன் கமிட்டி அறிக்கையைச் சர்க்கார் பொதுவாக அங்கீகரித்தும் பெரும்பாலும் ஏராளம் மக்களுக்குக் கூடுதல் நன்மை செய்யும் அடிப்படியுள்ளதால் சர்க்கார் வன பூமிகளையும் இந்த மசோதாவில் உட்படுத்த வேண்டும் என்று கேட்டுக்கொள்கிறேன். நிலமில்லாதாருக்கு காலதாமதமின்றி விநியோகிக்கவேண்டும். அல்லது பெரும் பணமூட்டைகள் கையேறி ஏழைகளுக்கு நிலம் கிடைக்காமல் போக ஏதுவாகும். சமயமின்மையால் பிரசங்கம் நிறுத்துகிறேன்.

ശ്രീ. കെ. കരുണാകരൻ: സർ, കാർഷിക പരിഷ്ക്കരണനിയമങ്ങളെ എപ്പോഴും സ്വാഗതം ചെയ്തിട്ടുള്ള ഒരു പാർട്ടിയാണ് എന്റെ പാർട്ടി.

ഡെപ്യൂട്ടി സ്പീക്കർ: ചെയർമാന്മാരിൽ ആരും ഇപ്പോൾ സഭയിൽ ഇല്ലാത്തതുകൊണ്ട് ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റർ അല്പസമയം ഒന്ന് ഇവിടെ ഇരുന്നാൽ ഞാൻ ചായ കഴിച്ചിട്ടു വരാം.

[Shri Alexander Parambithara in the Chair]

ശ്രീ. കെ. കരുണാകരൻ: ഈ നിലയിൽ ഈ ബില്ലിന്റെ അവതരണ ഘട്ടത്തിൽത്തന്നെ ഇതിനെ സ്വാഗതം ചെയ്യുകയും അതേയവസരത്തിൽ ഒരു നിയമനിർമ്മാണം നടത്തുമ്പോൾ പാകപ്പിഴകൾ കഴിവതും ഒഴിവാക്കി നിയമ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

പരവും ഭരണഘടനാപരവുമായ എല്ലാ വശങ്ങളും പരിശോധിച്ച് വളരെ കാര്യമായ നിലയിൽ നടപ്പിൽ വരുത്തുന്നതിനുവേണ്ട സഹായകമായ നിർദ്ദേശങ്ങൾ നൽകുക എന്ന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഈ ബില്ല് അവതരിപ്പിച്ച കാലഘട്ടം മുതൽ ഇന്നോളം ഈ ബില്ല് തങ്ങളുടെ മാത്രം കുത്തകയിൽ പെട്ടതാണെന്നും ഈ ബില്ല് പാസ്സാക്കുന്ന കാര്യത്തിൽ തങ്ങൾക്കു മാത്രമേ താല്പര്യമുള്ളുവെന്നും മറ്റുള്ളവരെല്ലാം ഇതിനു തടസ്സം സൃഷ്ടിക്കുന്നവരാണെന്നും ഇതിന്റെ ഏതെങ്കിലും വകുപ്പുകളെ സംബന്ധിച്ചിടത്തോളം തങ്ങൾ സ്വീകരിച്ചിട്ടുള്ള നിലപാടിൽ യാതൊരുവിധ മാറ്റവും വരുത്തരുതെന്ന ഉറച്ച വിടാവാശിയോടുകൂടിയാണ് ഈ ബിൽ കൈകാര്യം ചെയ്തിട്ടുള്ള മന്ത്രി പ്രവർത്തിച്ചിട്ടുള്ളതെന്നും ഈയവസരത്തിൽ ഖേദപൂർവ്വം പറയാതിരിക്കാൻ നിവൃത്തിയില്ല. സെലക്ട് കമ്മിറ്റി സ്റ്റേജും എല്ലാം പരിശോധിച്ചാൽ ഇതു കാണാൻ കഴിയും. കാരണം ഈ റിപ്പോർട്ടിൽ ഭരണകക്ഷിയിൽപ്പെട്ട പ്രധാന ഘടകങ്ങളെല്ലാം തന്നെ—ബഹുമാനപ്പെട്ട മന്ത്രിയുടെ കക്ഷി ഒഴിച്ചാൽ—ഭിന്നാഭിപ്രായക്കുറിപ്പുകൾ എഴുതിയിട്ടുണ്ട്. ഭരണകക്ഷി ഇത്രയധികം ഭിന്നാഭിപ്രായക്കുറിപ്പുകൾ എഴുതിയിട്ടുള്ള ഒരു നിയമം നമ്മുടെ സ്റ്റേറ്റിലെന്നല്ല, ഏതെങ്കിലും സ്റ്റേറ്റിന്റെ ചരിത്രത്തിൽ ഉണ്ടോ എന്നു സംശയമാണ്. എന്തുകൊണ്ടാണ് ഈ സ്ഥിതിവിശേഷമുണ്ടായത്? ബില്ലിനെക്കുറിച്ചുള്ള ചർച്ചാവേളയിൽ ബില്ല് പ്രാവർത്തികമാക്കുമ്പോഴുണ്ടാകുന്ന നിയമത്താലുള്ള ന്യൂനതകളെക്കുറിച്ച് ചൂണ്ടിക്കാണിച്ചാൽ അതു ശ്രദ്ധിക്കാൻ മുതിരാതെ തങ്ങൾ എടുത്ത നിലപാടാണ് ശരി എന്നുള്ള മർക്കടമുഷ്ടി സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകുകയാണ് റവന്യൂമന്ത്രി ചെയ്തത്. സർ, ഒരു നിയമനിർമ്മാണത്തെക്കുറിച്ചു പറയുമ്പോൾ അതിന്റെ ന്യൂനതകൾ ചൂണ്ടിക്കാണിക്കുന്നതു് ആ നിയമത്തോടുള്ള എതിർപ്പുകൊണ്ടല്ല. നേരെമറിച്ച് പാസ്സാക്കപ്പെടുന്ന നിയമം അനുഭവത്തിൽ വരണമെന്നുള്ളതുകൊണ്ടാണ്. യൂണിവേഴ്സിറ്റി ബിൽ ഈ സഭയിൽ ചർച്ചയ്ക്കു വന്ന അവസരത്തിൽ ഈ ഭാഗത്തു നിന്നും ഞങ്ങൾ ചില ന്യൂനതകൾ ചൂണ്ടിക്കാണിച്ചു് അതു നിയമപരമായി തെറ്റാണെന്നു പറയുകയുണ്ടായി. അതൊന്ന് സ്വീകരിച്ചില്ല. ഞങ്ങൾ അന്നെടുത്ത നിലപാടു് ശരിയായിരുന്നു എന്നു് ഇന്നു ഹൈക്കോടതിവിധിയിൽനിന്നും വ്യക്തമാകുന്നുണ്ട്, അതു അവസാനത്തേതാണെന്നു പറയുന്നില്ലെങ്കിലും ഈ ഭാഗത്തുണ്ടായിരുന്ന സംശയങ്ങൾ അടിസ്ഥാനമില്ലാത്തതല്ല പരിഗണിക്കേണ്ടതായിരുന്നു എന്നു ഇപ്പോഴത്തെ ഹൈക്കോടതിവിധിയിൽനിന്നും മനസ്സിലാക്കാം.

ശ്രീ. എ. കെ. അപ്പു: ബഹുമാനപ്പെട്ട മെമ്പർ സപ്പോർട്ടുചെയ്തതും ഹൈക്കോടതി തള്ളിക്കളഞ്ഞിട്ടുണ്ടല്ലോ?

ശ്രീ. കെ. കരുണാകരൻ: ഇല്ലെന്നു ഞാൻ പറഞ്ഞില്ല. ചിലപ്പോൾ അങ്ങനെയും ഉണ്ടാകും. ഞങ്ങൾ ചെയ്തോ മറ്റാളുകൾ ചെയ്തോ എന്നുള്ളതല്ല പ്രശ്നം. നിയമനിർമ്മാണവേളയിൽ ആരു ഭരിക്കുന്നു ആരു കൊണ്ടുവരുന്നു എന്നുള്ളതല്ല പ്രശ്നം. നിയമം പാസ്സാക്കിയാലുണ്ടാകുന്ന ഫലത്തെക്കുറിച്ചാണ് ചിന്തിക്കേണ്ടതു്. ആ കാര്യങ്ങളെക്കുറിച്ചു് പരിശോധിക്കണം. ഇങ്ങനെയുള്ള പരിശോധന ഈ ബില്ലിന്റെ കാര്യത്തിൽ നടന്നിട്ടില്ല എന്നു് ഖേദപൂർവ്വം പറയേണ്ടിയിരിക്കുന്നു. എന്താണ് ഈ ബില്ല് ഇതേപടി പാസ്സാക്കാമെന്നു വിചാരിക്കാത്തതു്. പാസ്സാക്കിയതുകൊണ്ട് വല്ല പ്രയോജനവുമുണ്ടോ? ഇതിന്റെ ഒറിജിനൽ ആക്ടിനു സംരക്ഷണം കിട്ടിയിട്ടുണ്ട്. 9—ാം ഷെഡ്യൂൾ ഭദ്രമാക്കിവെച്ചിട്ടുണ്ട്. ഒരു നോട്ടിഫിക്കേഷൻകൊണ്ട് ഭൂമിയുടെ ഉടമസ്ഥാവകാശം, കൃഷിക്കാരനു ഭൂമിയുടെ അവകാശം ഫലവത്താക്കുന്നതിനുള്ള ഒരു നിയമം വലിയ വിപ്ലവമാണ്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂമിയിൽ അദ്ധ്വാനിക്കുന്നവനേറ്റതാണെന്നുള്ള തത്വം അംഗീകരിച്ചുകൊണ്ട് ഉണ്ടാക്കിയിട്ടുള്ള നിയമനിർമ്മാണത്തെ കോടതിയിൽ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ചോദ്യം ചെയ്യുകയാണെങ്കിൽപോലും പരിരക്ഷ കൊടുക്കാൻവേണ്ടി ഭരണഘടന ഭേദഗതി ചെയ്യാൻ, അതു ഭദ്രമാക്കാൻ മുൻകൈ എടുത്തു് ബില്ലിലെ ന്യൂനതകൾ ചൂണ്ടിക്കാണിക്കുമ്പോൾ, ബില്ലിനെ എതിർക്കുകയല്ല, ഭൂമിയിൽ ജോലിചെയ്യുന്നവനു് ബില്ലിന്റെ ഗുണം കിട്ടണമെന്ന നിർബ്ബന്ധത്തോടുകൂടിയാണു് ചൂണ്ടിക്കാണിക്കുന്നതു്. അതുകൊണ്ടാണു് നിയമവശങ്ങളെക്കുറിച്ചു ചൂണ്ടിക്കാണിക്കുന്നതു്. ഇനി ഞാൻ ഈ ബില്ലിന്റെ ഉള്ളിലേയ്ക്കു കടക്കുന്നതിനുമുമ്പു് ഈ ബില്ലു് അവതരിപ്പിക്കാനുണ്ടായ കാലതാമസത്തെക്കുറിച്ചു് ഒരു വാക്കു പറയാൻ ആഗ്രഹിക്കുകയാണു്. ഇവിടെ ബഹുമാനപ്പെട്ട റവന്യൂമന്ത്രി ഈ ബില്ലു് അവതരിപ്പിച്ചുകൊണ്ടു് അപ്പോളജൈറ്റിക്കായിട്ടു പറഞ്ഞു അല്പം കാലതാമസം വന്നിട്ടുണ്ടു്, പക്ഷെ കാലതാമസം വന്നതു മനഃപൂർവ്വമല്ല, ചില പ്രത്യേകസാഹചര്യങ്ങളം കൊണ്ടാണെന്നു്. സർ, ചില കാര്യങ്ങൾക്കു മുൻഗണനകൊടുക്കേണ്ട സന്ദർഭങ്ങളം വരും. പക്ഷെ, നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം മറ്റേതിനെക്കാളും മുൻഗണന കൊടുക്കേണ്ട കാര്യമാണു് കാർഷികബന്ധബില്ലെന്നുള്ള കാര്യത്തിൽ ഞങ്ങളാരും എതിരു നിന്നിട്ടില്ല. എന്നു മാത്രമല്ല അതെടുക്കേണ്ടതായിരുന്നു. വേറെ ഒന്നുരണ്ടു നിയമനിർമ്മാണങ്ങളം വരുന്ന അവസരത്തിൽ ചില ദിവസങ്ങളുടെ താമസംകൊണ്ടു മാത്രമാണെങ്കിൽ പ്രയോറിട്ടി മാറേറണ്ടതില്ലെന്ന നിലപാടു് സ്വീകരിച്ചിട്ടുണ്ടു്, അതു ശരിയാണു്. പക്ഷെ ഈ നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യത്തിൽ ഈ ഗവണ്മെൻറിനു്, യഥാർത്ഥത്തിൽ ഇതുകൊണ്ടു് കർഷകനു പ്രയോജനകരമായിത്തീരണമെന്നുള്ള കാര്യത്തിൽ ആത്മാർത്ഥതയുടെ കണികയെങ്കിലുമുണ്ടായിരുന്നെങ്കിൽ ഈ നിയമസഭ ആരംഭിച്ചപ്പോൾ ആദ്യം ചെയ്യേണ്ടതു് ഇതായിരുന്നു. ആ കാര്യത്തിൽ മാർക്സിസ്റ്റ്കാർ എത്രതന്നെ ആവേശം കാണിച്ചാലും കർഷകരോടു സ്നേഹമുണ്ടെന്നു പറഞ്ഞാലും വിശ്വസിക്കാൻ പ്രയാസമുണ്ടു്. അങ്ങനെ അവരുടെ വലിയൊരു തുറുപ്പുചീട്ടു് നഷ്ടപ്പെട്ടിരിക്കുകയാണു്. ജന്മിയും കുടിയാനുമെന്നു പറഞ്ഞുകൊണ്ടു് ഈ രണ്ടു വർഗ്ഗങ്ങളേയും തരംതിരിച്ചുകൊണ്ടു് കുടിയാനുവേണ്ടി പൊരുതുന്നവരാണു് തങ്ങളെന്നു പറഞ്ഞുകൊണ്ടു് ആ വിഭാഗത്തിനു ആനുകൂല്യങ്ങളം നഷ്ടപ്പെടുത്തുകയാണു് ചെയ്യുന്നതു്. വെട്ടാൻ കൊണ്ടുപോകുന്ന ആടായാൽത്തന്നെയും നല്ല പ്പാവില മുമ്പിൽ കാണിച്ചുകൊണ്ടുപോകുമ്പോൾ അല്പം ആശ്വാസം അതിനുണ്ടാകും. വെട്ടാനെന്നുള്ളബോധം ആടിനുണ്ടാവുകയില്ല. കാർഷികബന്ധബില്ലെന്ന ആഗ്രഹം ജനിപ്പിച്ചുകൊണ്ടു് കൃഷിക്കാരെ തങ്ങളുടെ പേരിയിലേയ്ക്കു കൊണ്ടുവന്നു് സംഘട്ടനത്തിൽ അവരെ എത്തിച്ചു് പ്രശ്നങ്ങൾ പരിഹരിക്കുന്നതു് അത്ര ആശ്വാസപ്രദമായിരിക്കുമെന്നു ഞാൻ കരുതുന്നില്ല.

ബഹുമാനപ്പെട്ട റവന്യൂമന്ത്രി രണ്ടു കാരണങ്ങളം പറഞ്ഞു. ഒന്നു്, താൻ ഭക്ഷ്യവകുപ്പിന്റെ ചുമതല ഏറ്റെടുത്തിരിക്കുന്നതുകൊണ്ടു് വലിയ ഭാരിച്ച ചുമതലതനിക്കുണ്ടായിരുന്നു. അതുകൊണ്ടു് വേണ്ടതുപോലെ സമയം കിട്ടിയില്ല. രണ്ടാമതായി, ഇതിനെല്ലാം അതിഭയങ്കരമായി തടസ്സം നില്ക്കുന്ന ഒരു കേന്ദ്രമിരിക്കുന്നു. ഈ ബില്ലു് അവിടെ അയച്ചപ്പോൾ അതു തിരിച്ചയയ്ക്കാതെ പിടിച്ചുവച്ചു് ബിൽ പാസ്സാക്കുന്നതിനു് വലിയ ഒരു തടസ്സം സൃഷ്ടിച്ച രീതിയിൽ പ്രതിപാദിച്ചിട്ടുണ്ടു്. സഭയ്ക്കു വെളിയിൽ വെച്ചുപോലും ബഹുമാനപ്പെട്ട റവന്യൂമന്ത്രി കാർഷികപരിഷ്ക്കരണനിയമം നടപ്പാക്കുന്നതിനു് കേന്ദ്രത്തിന്റെ സഹായകരമല്ലാത്ത നിലപാടു്, തടസ്സം സൃഷ്ടിച്ചിട്ടുണ്ടെന്നു പറയുകയുണ്ടായി. ഇതു നീക്കുന്നതിനു് ആവശ്യമായിവന്നാൽ കർഷകർ സംഘടിച്ചു് സമരംചെയ്തു് അതിനെ മാറ്റി എടുക്കുമെന്നു് ധൈര്യപൂർവ്വം പ്രസ്താവിക്കുകയുണ്ടായി. ആ വീരവാദം കഴമ്പില്ലാത്തതാണെന്നു കേന്ദ്രത്തിന്റെ മറുപടി വന്നപ്പോൾ വ്യക്തമായി. അതിരിക്കട്ടെ. ഭക്ഷ്യവകുപ്പു് താൻ കൈകാര്യം ചെയ്യുന്നതുകൊണ്ടാണു് ഈ നിയമം പാസ്സാക്കാൻ വൈകിച്ചതെന്നു പറഞ്ഞാൽ ഞാൻ മുന്നണിയുടെ ഗതികേടിനെപ്പറ്റി ആലോചിച്ചുപോവുകയാണു്. നമ്മുടെ സംസ്ഥാനത്തിലെ ജനങ്ങൾ അവർ നിറുത്തിയ ആളുകളെ യഥേഷ്ടം വോട്ടു് ചെയ്തു് വിജയിപ്പിച്ചു്

[ശ്രീ. കെ. കരുണാകരൻ]

116 ആളുകളെ ഐക്യമുന്നണിയിലേക്കു് ജയിപ്പിച്ചുവിട്ട. ഇവിടെ എന്തെങ്കിലും ഒരു പ്രശ്നത്തെസംബന്ധിച്ചു് വിമർശനം വന്നാൽ മന്ത്രിമാർ സത്യവിരുദ്ധമായിട്ടു് എടുക്കുന്ന നടപടികൾക്കെതിരായി അവിശ്വാസം കൊണ്ടുവരാൻ 20 അംഗങ്ങൾ പോലുമില്ലാത്ത അവസ്ഥയിൽ വന്നിട്ടു് പ്രതിപക്ഷം എന്തെങ്കിലും പറഞ്ഞാൽ കേൾക്കാൻ തയ്യാറാകുന്നില്ല എന്നു പറയുമ്പോൾ റവന്യൂമന്ത്രി പറയും ഇതിനൊക്കെ പോംവഴിയുണ്ടു്, ഒ.ർമൂലി നിങ്ങൾ അവിശ്വാസം കൊണ്ടുവരിക എന്നു്. ഒരു ഗവണ്മെൻറിനെതിരായി അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിനു് അവതരണാനുമതിക്കുള്ള 20 അംഗങ്ങളെപ്പോലും പ്രതിപക്ഷത്തിനു കിട്ടാത്ത സാഹചര്യത്തിൽ തിരഞ്ഞെടുക്കപ്പെട്ട ആളുകൾ അടങ്ങിയ മുന്നണിക്കു് കാർഷികബന്ധബില്ലിന്റെ കാര്യത്തിൽ കാലതാമസം പാടില്ലെന്നുള്ള നിലപാടിൽ ഭക്ഷ്യകാര്യം മറെറാരാളെ ഏല്പിക്കാൻ കിട്ടുമായിരുന്നില്ലേ ? ഇന്നു് ആരാണു് ഭക്ഷ്യവകുപ്പു് കൈകാര്യം ചെയ്യുന്നതു്. ഇന്നതു് മറെറാരു മന്ത്രി കൈകാര്യം ചെയ്യുകൊണ്ടിരിക്കുകയാണു്. എന്തെല്ലാം അഭിപ്രായവ്യത്യാസമുണ്ടെങ്കിലും ശരി മുമ്പത്തേതിൽനിന്നും കൂടുതൽ അപകടമൊന്നും വന്നിട്ടില്ലെന്നുള്ളതു് എല്ലാവരും സമ്മതിക്കുന്നതാണു്. മെച്ചപ്പെട്ടതാണോ എന്നുള്ള പ്രശ്നം വേറെ. കർഷകന്റെ കാര്യത്തിൽ താല്പര്യമുണ്ടെങ്കിൽ കർഷകന്റെ കാര്യത്തിൽ കാലതാമസം കൂടാതെ നിയമനിർമ്മാണം നടത്തണമെന്ന ആഗ്രഹത്തിന്റെ കണികയെങ്കിലുമുണ്ടായിരുന്നെങ്കിൽ റവന്യൂമന്ത്രി ഭക്ഷ്യവകുപ്പു് മറെറാരു മന്ത്രിയെ ഏല്പിച്ചു് ഈ നിയമനിർമ്മാണത്തിനുവേണ്ടി സ്വൽപസമയവും ചെലവഴിച്ചെങ്കിൽ ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുമായിരുന്നു. അന്നു് ഭക്ഷ്യവകുപ്പു് കൈമാറാം ചെയ്തിരുന്നെങ്കിൽ അതു് റവന്യൂമന്ത്രിയുടെ കഴിവുകേടുകൊണ്ടാണെന്നു് ആരും പറയുമായിരുന്നില്ല. ഇപ്പോഴും ഒരു പക്ഷേ പറഞ്ഞേക്കാം. അപ്പോഴും കാർഷികബന്ധനിയമം നടപ്പിലാക്കുന്ന കാര്യത്തിൽ ഭക്ഷ്യവകുപ്പു് കൈകാര്യം ചെയ്യുകൊണ്ടുള്ള ബുദ്ധിമുട്ടുകളാണു് തടസ്സമായി നിന്നതെന്നു പറഞ്ഞാൽ അതു് പരിമിതമായ ഭാഷയിൽ പറഞ്ഞാൽ ജനവഞ്ചനയാണു്.

രണ്ടാമത്തെ വാദം കേന്ദ്രം അവതരണാനുമതി നൽകിയില്ലെന്നാണു്. കാർഷിക പരിഷ്കരണനിയമത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഭരണഘടനയുടെ 7–ാമത്തെ ഷെഡ്യൂളിൽ രണ്ടാമത്തെ ഐറ്റത്തിൽ 18–ാമത്തെ ഇനമാണു് നമുക്കിതിനു് സന്ദർഭം നൽകുന്നതു്. അതു് സ്റ്റേറ്റു് ലിസ്റ്റാണു്. പക്ഷേ ഈ നിയമം പാസ്സാക്കുന്നതിനുമുമ്പു് കേന്ദ്രത്തിന്റെ അനുവാദം ആവശ്യമില്ലെന്നു് ആരോ ചൂണ്ടിക്കാണിച്ചപ്പോൾ ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ചിലതു് എഴുതിവായിക്കുകയുണ്ടായി. ആവശ്യമില്ല എന്നുള്ള അഭിപ്രായമല്ല എനിക്കുള്ളതു്. കാരണം ഈ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പല വകുപ്പുകളും കേന്ദ്രനിയമത്തിലെ വകുപ്പുകൾക്കു വിപരീതമായി വരുന്നു എന്നുള്ളതുകൊണ്ടാണു് കേന്ദ്രത്തിന്റെ അനുവാദം ആവശ്യമായി വരുന്നതു്. കേന്ദ്രനിയമവും സംസ്ഥാനങ്ങൾ നിർമ്മിക്കുന്ന നിയമവും തമ്മിൽ സംഘട്ടനം ഉണ്ടാകുമ്പോൾ നിയമം നിലനില്ലുകയില്ലെന്ന കാര്യവും നമുക്കറിയാം. ആ സ്ഥിതിക്കു് മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം. ഇതിൽതന്നെ Transfer of Property Act, Criminal Procedure Code .ഇതിനെല്ലാം ഭേദഗതികൾ വരുന്നുണ്ടു്. ഇങ്ങനെയുള്ള സാഹചര്യത്തിൽ സ്റ്റേറ്റിനു പരിരക്ഷ നൽകാൻ ഭരണഘടനയിൽ വേറൊരു വകുപ്പുണ്ടു്. ആർട്ടിക്കിൾ 255 'No Act of Parliament or of the Legislature of a State, and no provision in any such Act, shall be invalid by reason only that some recommendation or previous sanction required by this Constitution was not given, if assent to that Act was given'..... by the President, or by the Governor, etc.

അപ്പോൾ ഈ നിയമം അവതരിപ്പിക്കുന്നതിനുമുമ്പു്, ചർച്ചയ്ക്കെടുക്കുന്നതിനുമുൻപു് കേന്ദ്രത്തിന്റെ അവതരണാനുമതി കിട്ടിയില്ലെങ്കിലും ഭരണഘടനയിലെ

LIBRARY ARCHIVES Kerala Legislative Assembly

ആർട്ടിക്കിൾ 255 അനുസരിച്ച് ഒരു നിയമം ഈ സഭ പാസാക്കിക്കഴിഞ്ഞാൽ ആ നിയമത്തിനു പ്രസിഡൻറിന്റെ മുൻകൂറായുള്ള അംഗീകാരം കിട്ടിയിട്ടില്ല. അനുവാദം വാങ്ങിച്ചിട്ടില്ലെന്ന തടസ്സം നീക്കുന്നതിനായി ഭരണഘടനയിൽ തന്നെ വ്യക്തമായ വകുപ്പുണ്ട്. അപ്പോൾ എന്താണ് സർ തടസ്സമായിട്ടുള്ളത് ? വളരെ വ്യക്തമാണ്. സംസ്ഥാന ഗവണ്മെൻറിനു ആവശ്യമായിരുന്നുവെങ്കിൽ അതു ചെയ്യുന്നതിനു യാതൊരു വിരോധവുമില്ല. പിന്നെ കഴിയുന്നിടത്തോളം കേന്ദ്രവുമായി ഒന്നു ആലോചിച്ചു നിർമ്മാണം നടത്തുന്നതു നല്ലതാണു. വിശേഷിച്ചു ഭൂപരിഷ്കരണ നിയമത്തെ സംബന്ധിച്ചിടത്തോളം ഒരു അഖിലേൻഡ്യാ നയം ഉണ്ടായിരിക്കണമെന്നുള്ളതു കൊണ്ടു ആ അഖിലേന്ത്യാ നയം ഉണ്ടാകണമെന്നു പറയുന്നതിനുള്ള കാരണം ഉണ്ട്. ഭൂപരിഷ്കരണ നിയമത്തിന്റെ ഫലമായി നമ്മുടെ രാജ്യത്തിലെ ക്യാഷ് ക്രോപ്പുകളെ എങ്ങനെ ബാധിക്കും. ഉൽപ്പാദനത്തെ എങ്ങനെ ബാധിക്കും, ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിക്കുകയാണെങ്കിൽ പ്ലാനിംഗ് കമ്മിഷന്റെ പ്ലാനിംഗിനെ ഏതു രീതിയിൽ തകരാറിലാക്കും എന്നെല്ലാം പരിശോധിച്ചുകൊണ്ടു കഴയുന്നതും ഒരു ഗൈഡൻസ് എന്നുള്ള നിലയിൽ പ്ലാനിംഗ് കമ്മിഷന്റെ ആഗ്രഹം അനുസരിച്ചു ഇങ്ങനെയുള്ള ബില്ലുകൾ പ്ലാനിംഗ് കമ്മിഷന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. അവിടെ അവതരിപ്പിച്ചിട്ടുള്ള നിയമനിർമ്മാണവും പ്ലാനിംഗ് കമ്മിഷന്റെ നിർദ്ദേശങ്ങളുമായി ചില കാര്യത്തിലെങ്കിലും പൊരുത്തമില്ലെന്നു വരികിലും പ്ലാനിംഗ് കമ്മിഷന്റെ പരിശോധനയ്ക്ക് അയച്ചിട്ട് ഇവിടെ ചർച്ചനടത്താമായിരുന്നു അങ്ങനെ ചർച്ച ചെയ്തു അംഗീകരിച്ചതിനു വിപരീതമായി വല്ല നിർദ്ദേശവും വരികയാണെങ്കിൽ അതു പരിശോധിക്കുകയും ഭേദഗതി വരുത്തുകയും ചെയ്യാമായിരുന്നു. എന്തിനധികം പറയുന്നു സർ, ഇവിടെ ഈ ബില്ലിന്റെ സെലക്ററു കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചതിനുശേഷം അതിന്റെ പൊതു ചർച്ച കഴിയുന്നതിനു മുമ്പുതന്നെ, പൊതു ചർച്ചാവേളയിൽ പലഭാഗത്തുനിന്നും കിട്ടുന്ന നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തേണ്ടിവരുമെന്നുള്ളതു ശരിയാണെങ്കിലും പൊതുചർച്ച അവസാനിക്കുന്നതിനു മുൻപുതന്നെ, ഗവണ്മെൻറു ഭാഗത്തുനിന്നുള്ള ഇരുപത്തിയേഴു ഭേദഗതികളും ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ നോട്ടീസ് നൽകിക്കഴിഞ്ഞിരിക്കുകയാണു. ഈ സ്ഥിതിക്കു കേന്ദ്രത്തിന്റെ അനുവാദം കിട്ടുന്നതിനും പ്ലാനിംഗ് കമ്മീഷനുമായുള്ള ചർച്ചയ്ക്കും വേണ്ടി കാത്തിരിക്കാതെ ബിൽ അവതരിപ്പിച്ചു പരിഗണയ്ക്കെടുക്കാമായിരുന്നു. അതിനിടയിൽ ഏതെങ്കിലും ഭേദഗതികളോ നിർദ്ദേശങ്ങളോ വരികയാണെങ്കിൽ പരിഗണിക്കാമായിരുന്നു. അപ്പോൾ കാലതാമസം വരുത്തിയതു കേന്ദ്രത്തിന്റെ തടസ്സം കൊണ്ടാണെന്നുള്ള വാദം കഴമ്പില്ലാത്തതാണു, കഥയില്ലാത്തതാണു. ഞാൻ മുമ്പുതന്നെ പറഞ്ഞതു ഒന്നുകൂടി ആവർത്തിക്കുകയാണു. ജനങ്ങളെ ഒരു തരത്തിൽ അല്ലെങ്കിൽ മറെറാരു തരത്തിൽ തെറ്റിദ്ധരിപ്പിക്കുകയാണു. ആ നിലയിൽ കാലതാമസത്തെപ്പറ്റി ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ നൽകിയിട്ടുള്ള രണ്ടു വ്യാഖ്യാനങ്ങളും ഒരിക്കലും ഈ രാജ്യത്തെ ജനങ്ങളെ തൃപ്തിപ്പെടുത്താൻ സഹായകമായിട്ടുള്ളതല്ല.

ഇനി ഈ ബില്ലിലെ ചില വകുപ്പുകൾ പരിശോധിക്കാം. എന്റെ കക്ഷിയിൽപ്പെട്ട ബഹുമാനപ്പെട്ട പറവൂർ മെമ്പർ എന്റെ പാർട്ടിയുടെ നില എന്താണെന്നു മിക്കവാറും ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ഈ ബില്ലിലെ പല വകുപ്പുകളെ സംബന്ധിച്ചും അതിന്റെ പ്രായോഗികവശത്തെ സംബന്ധിച്ചും ചില കാര്യങ്ങളൊഴിച്ചാൽ ഞങ്ങൾക്കു വലിയ തർക്കമൊന്നുമില്ല. സർ, ഇതിൽ കൂടിയാനെ നിർവ്വചനം ചെയ്യുന്ന വകുപ്പു പ്രധാനപ്പെട്ടതാണു. യഥാർത്ഥത്തിൽ ഭൂമിയിൽ ജോലി ചെയ്യുന്നവർ, കൈവശക്കാരൻ ഭൂമിയിൽ അധികാരമുള്ളവനായിരിക്കണം. യഥാർത്ഥത്തിൽ ഭൂമിയിൽ ജോലിചെയ്യുന്ന കർഷകനെ ഭൂമിയുടെ അവകാശിയാക്കിത്തീർക്കുന്ന സ്ഥിതിവിശേഷം ഉണ്ടാക്കണം. പാടത്തു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

പോയി നോക്കി നിൽക്കുന്നവനും 'കർഷകൻ' എന്നുള്ള സ്ഥിതിവിശേഷമാണു് ഇപ്പോഴുള്ളതു്. യഥാർത്ഥത്തിൽ ഭൂമിയിൽ അദ്ധ്വാനിക്കുന്നവൻ ആരോ അവനു് അവകാശം കിട്ടണം. ഇവിടെ 4 (എ) ഭേദഗതി വരുത്തിയിരിക്കുകയാണു്. ഇന്നത്തെ നിലയിൽ കർഷകൻ എന്നുദ്ദേശിക്കുന്നതു് കർഷകത്തൊഴിലാളി അല്ലാത്തവനാണു്. ആ കർഷകനു് അനുകൂല്യം കിട്ടണമെന്നുള്ളതു് തക്കമേറ സംഗതിയാണു്. അങ്ങനെയുള്ള ആളുകൾക്കു് ആനുകൂല്യം കിട്ടാൻ നിയമനിർമ്മാണം ഉണ്ടാകുമ്പോൾ ഇന്നത്തെ നമ്മുടെ പരിധി വച്ചുകൊണ്ടു് പാകപ്പിഴകൾ വന്നാൽ അവനു് യഥാർത്ഥമായി കിട്ടാനുള്ളതും പോകും. ഞാൻ ഈയവസരത്തിൽ ഓർക്കുന്നതു് നമ്മുടെ സ്റ്റേറിലെ ഒരുദ്യോഗസ്ഥൻ ഒരിക്കൽ ദൽഹിയിൽ ഐ.എ.എസ്. സെലക്ഷനു് പോയ കഥയാണു്. ട്രാവൻകൂർ കൊച്ചിൻ ഇൻറഗ്രേഷൻ കഴിഞ്ഞ ഉടനേയാണു്. വേറെ ചില ഉദ്യോഗസ്ഥന്മാരുംകൂടി ഉണ്ടായിരുന്നു. ഈ ഉദ്യോഗസ്ഥനോടു് ഇൻറർവ്യൂ നടത്തിയപ്പോൾ പല ചോദ്യങ്ങളും ചോദിച്ചെങ്കിലും ഒന്നിനും മറുപടി പറയാൻ കഴിഞ്ഞില്ല. ഇവിടെ നിന്നും പോയപ്പോഴത്തന്നെ ശരിയായിട്ടായിരുന്നില്ല. മറെറാരാളം വാങ്ങിച്ച അതേ അളവിലുള്ള ഉടുപ്പാണു് വാങ്ങിച്ചതു്. അതു പാകമായിരുന്നില്ല. ഇൻറർവ്യൂവിനു് ചോദിച്ച ചോദ്യങ്ങൾക്കൊന്നിനും മറുപടി പറയാൻ കഴിഞ്ഞുമില്ല. ഇൻറർവ്യൂ കഴിഞ്ഞു ആ ഉദ്യോഗസ്ഥൻ പറഞ്ഞതു് ഐ.എ.എസ്. കിട്ടിയില്ലെങ്കിൽ പോകട്ടെ, എൻെറ അസിസ്റ്റൻറു് സെക്രട്ടറി സ്ഥാനത്തിനെങ്കിലും നഷ്ടം വരികയില്ലല്ലോ എന്നാണു്. അതുപോലെയാണു് ഈ 4 (എ) ഭേദഗതികൊണ്ടു് എന്തെങ്കിലും ആനുകൂല്യങ്ങൾ കൊടുക്കാൻ ഉദ്ദേശിക്കുന്ന അവസരത്തിൽ നിയമത്തിൻെറ കാതലായ ഭാഗം പോകുന്നതിൽ നിന്നും രക്ഷപ്പെടുത്തണമെന്നുള്ളതു്. ഒന്നുമില്ലെങ്കിലും നിലവിലുള്ളതെങ്കിലും നഷ്ടമാകരുതു്. ഇന്ത്യൻ ഭരണഘടനയിലെ ഒൻപതാം ഷെഡ്യൂൾ അതു് ഭദ്രമാക്കുന്നുണ്ടു്. അതുകൊണ്ടു് അതിനു വലിയ കോട്ടമൊന്നും ഉണ്ടാകുകയില്ല.

പിന്നെ മോർട്ടുഗേജിനെ സംബന്ധിച്ചാണു്. യഥാർത്ഥത്തിൽ ഭൂമിപണയം വച്ച ആൾ, അതായതു് കടത്തിനു സെക്യൂരിട്ടി മാത്രമായിട്ടുള്ളതു്. നേരെ മറിച്ചു് കാർഷിക പരിഷ്കരണങ്ങളെല്ലാം വരുമെന്നും വളരെക്കാലമൊന്നും കൃഷിഭൂമിയിൽജോലിചെയ്യുന്നവനെ ചൂഷണം ചെയ്യാൻ ഒക്കുകയില്ലെന്നും മനസ്സിലാക്കിയ ചിലയാളുകൾ കൂടിയായ സ്വാഭാവത്തിലുള്ളതെങ്കിലും രേഖാമൂലം പണയം ഉണ്ടെന്നു് വരുത്തിതീർത്തു് യഥാർത്ഥ കുടിയാനെ വഞ്ചിക്കാനുള്ള നീക്കം നടത്തുന്നുണ്ടു്. അതിനെ വ്യക്തമായും തടയണം. നേരെമറിച്ചു് ദാരിദ്ര്യം കൊണ്ടു്, കാശു് ഇല്ലാത്തതുകൊണ്ടു് അല്പം ഭൂമിയുള്ളതു പണയം വച്ചുകഴിഞ്ഞാൽ കുറെ കൊല്ലത്തേയ്ക്കു് തിരിച്ചെടുക്കാൻ സാധിച്ചിട്ടില്ലാത്ത കേസ്സുകളുണ്ടു്. ഒരു കുടുംബത്തിൻെറ ചെലവുകഴിച്ചു് ഒട്ടും തന്നെ സംഖ്യ മിച്ചം വയ്ക്കാൻ സാധിക്കാതെ വരുന്നായവസരത്തിൽ പണയംവച്ച ഭൂമി തിരിച്ചെടുക്കാൻ സാധിക്കാതെ വരുന്നവർക്കു് പരിരക്ഷ നൽകേണ്ടതല്ലേ ? തീർച്ചയായും അവർക്കു് പരിരക്ഷ നല്കണം. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. ആ സ്വഭാവത്തിലുള്ളതാണെങ്കിൽ ട്രാൻസ്ഫർ ഓഫ് പ്രോപ്പർട്ടീസ് ആക്ടിൻെറ പരിധിയിൽ വരുന്നതാണു്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇതിനുവേണ്ടി ഒരു നിയമനിർമ്മാണം ചെയ്യുകഴിഞ്ഞാൽ അതിനു നിയമസാധുത്വം ഉണ്ടാകുകയില്ലെന്നുള്ളതാണു് വിദഗ്ധാഭിപ്രായം. അപ്പോൾ കൂടുതൽ ആളുകളെ ഉൾക്കൊള്ളിക്കാൻ വേണ്ടി ശ്രമിക്കുന്ന ശ്രമത്തിനിടയിൽ കാതലായ ഭാഗം വിട്ടുപോകാതിരിക്കാൻ എന്തു ചെയ്യണമെന്ന കാര്യം ഒന്നു ഗൗരവപൂർവ്വം ചിന്തിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണു്. 50 കൊല്ലത്തിനു മേലായതു് ഇനി എന്നാണു് ഒഴിപ്പിക്കാൻ പോകുന്നതു്. ഇതുവരെ എന്തുകൊണ്ടു സാധിച്ചില്ല എന്നെല്ലാം ചോദിക്കാം. അതുപോലെ തന്നെ 30 കൊല്ലത്തെ സംബന്ധിച്ചിടത്തോളവും

LIBRARY ARCHIVES Kerala Legislative Assembly

20 കൊല്ലത്തെ സംബന്ധിച്ചിടത്തോളവും എല്ലാം വ്യവസ്ഥകളുണ്ട്. ഏതൊക്കെയാണെങ്കിലും ഭൂമിയിൽ ജോലിചെയ്യുന്നവനെ സംബന്ധിച്ചിടത്തോളം അവനു പരിരക്ഷ നൽകണമെന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നേയുള്ളൂ.

പിന്നെയുള്ളതു് അർഹതയില്ലാത്തവൻ ഭൂമിയെ സംബന്ധിച്ചുള്ള ഇടപാട് ചെയ്തിട്ടുണ്ടെങ്കിൽ അതിനെ സംബന്ധിച്ചു പരാമർശിക്കുന്നതു് 7 (ബി) വകുപ്പാണു്. 1957 ഏപ്രിൽ 11-ാം തീയതി കൈവശം ആയിരുന്നാൽ പാട്ടം നൽകിയതു് അർഹതയില്ലാത്ത ആളാണെങ്കിലും കുടിയാനായി കണക്കാക്കുന്നതാണെന്നാണു് ഈ വകുപ്പിൽ പറയുന്നതു്. 1957 ഏപ്രിൽ 11-ാം തീയതി എന്നു പറയുന്നതു് എല്ലാപേർക്കും അറിയാം, അന്നു നിർബന്ധമായി കൈവശം വച്ചാലും ഭൂപരിഷ്കരണനിയമപ്രകാരം അതു മാറിയെടുത്തതെങ്കിൽത്തന്നെ 1969 ൽ വീണ്ടും ഈ നിയമം വരാൻ പോകുന്നുവെന്നു് മുൻകൂട്ടിക്കണ്ടു് വീണ്ടും കയ്യടക്കി വച്ചിട്ടുണ്ടെങ്കിൽ അതെല്ലാം കുടിയാനായി പരിഗണിക്കുമെന്നാണു് പറയുന്നതു്. ചില പ്രദേശങ്ങളിൽ ചില പ്രമാണിമാർ അവരുടെ കൈയ്യുക്കുകൊണ്ടു് ഭൂമി കൈവശം വച്ചിട്ടുണ്ടു്. അതും തെറ്റാണു്. ഇതുരണ്ടും എങ്ങനെ തരം തിരിക്കാൻസാധിക്കുമെന്നുള്ളതു് വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണെന്നു ഞാൻ സമ്മതിക്കുന്നു. എങ്കിലും ഇതു പരിശോധിച്ചു് പരിഹാരം ഉണ്ടാക്കിയില്ലെങ്കിൽ അതിനു നിയമപരമായ തടസ്സം ഉണ്ടോ എന്ന കാര്യം കൂടി നാം പരിചിന്തിക്കേണ്ടതാണു്,

പിന്നെ 13 (എ) ആണു് മറ്റൊരു വിവാദപരമായ വകുപ്പു്. 1964 ഏപ്രിൽ 1-ാം തീയതിക്കുശേഷം കോടതി വിധിയനുസരിച്ചു് തിരിച്ചു കിട്ടിയ ഭൂമി, ആ ഭൂമി ആരാണോ കൈവശം വച്ചിരുന്നതു് (1964 ഏപ്രിൽ 1-ാം തീയതിക്കു മുമ്പു്) അവർ ഇന്നാവശ്യപ്പെട്ടാൽ തിരിയെ കൊടുക്കണം. പക്ഷേ ഉത്തമവിശ്വാസപ്രകാരം മറ്റൊരാൾ വാങ്ങിച്ചാൽ അയാൾ തിരിച്ചുകൊടുക്കണമെന്നു പറയുന്നതു് വിവേചനമാണു്. കോടതി വിധിപ്രകാരം വാങ്ങിക്കുന്നതു് ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണു്. കാരണം നിലവിലുള്ള നിയമമനുസരിച്ചു് കിട്ടിയിട്ടുള്ള ഒരാനുകൂല്യം പിന്നെ ഒരു നിയമം കൊണ്ടു് റദ്ദുചെയ്യുകയെന്നുള്ളതു് ശരിയല്ല. കോടതി വിധിപ്രകാരം വീണ്ടെടുത്ത ഭൂമി ഉത്തമവിശ്വാസപ്രകാരം മറ്റൊരാൾക്കു് കൈമാറിയാൽ അങ്ങനെ കൈമാറ്റം ചെയ്തു് കിട്ടിയ ആൾക്കു് ഭൂമിയിൽ അധികാരമില്ല, അവകാശമില്ല എന്നു പറയുന്നതു് ശരിയല്ല. തികച്ചും ഡിസ്ക്രിമിനേഷൻ ആണു്. അതുകൊണ്ടു് ഇതു് ശരിയാണോ എന്നു പരിശോധിക്കണം. ഒരു കാര്യം ചോദിക്കുവാൻ ഞാനാഗ്രഹിക്കുകയാണു്. ഒരു നിയമം അനുസരിച്ചു് അല്ലെങ്കിൽ ഒരു നിയമത്തിന്റെ ആനുകൂല്യം വച്ചു് ഒരു കോടതി വിധി നടപ്പിലാക്കിക്കഴിഞ്ഞാൽ ആ വിധിയെ റദ്ദുചെയ്തു് മറ്റൊരു ഭേദഗതി നിയമം കൊണ്ടുവരിക എന്ന ഒരു നിലപാടു് പൊതുവെ നാം സ്വീകരിക്കുന്നതു് ശരിയാണോ ? ഇതാലോചിക്കേണ്ടതാണു്. നാളെ മറ്റൊരു ഗവണ്മെന്റു് വന്നു് ഇന്നുള്ള ചില ആനുകൂല്യങ്ങളും നീക്കംചെയ്യപ്പെടുന്ന നിയമനിർമ്മാണം ഉണ്ടാക്കുന്നുവെന്നു വിചാരിക്കുക. അതു വേദന ഉണ്ടാക്കുകയില്ലേ ? തീച്ചയായും വേദന ഉണ്ടാക്കും. അതായതു കാലത്തുണ്ടായിട്ടുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ കിട്ടിയിട്ടുള്ള ആനുകൂല്യങ്ങളും പുനഃപരിശോധിക്കുന്നതു് ഒരു നല്ല വഴക്കമല്ല. അതേയവസരത്തിൽ അർഹതപ്പെട്ട ആളുകളുടെ കാര്യത്തിൽ യാതൊരഭിപ്രായവ്യത്യാസവുമില്ല. ഇതിന്റെ ബുദ്ധിമുട്ടുകളും ഞാൻ ആദ്യംതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. നിയമപരമായി വിവേചനം കാണിച്ചാൽ അതു ചോദ്യം ചെയ്യപ്പെടാം. ഞാൻ വളരെയധികം ദീർഘിപ്പിക്കുന്നില്ല. കാരണം ബഹുമാനപ്പെട്ട റവന്യൂമിനിസ്റ്റർ പറഞ്ഞിട്ടുള്ളതു് ഇന്നതന്നെ തീർക്കണമെന്നാണു്. പക്ഷേ പഞ്ചായത്തു് രാജ്ബിൽ, യൂണിവേഴ്സിറ്റിയിൽ അത്രപ്രധാനമല്ലാത്ത മറ്റു ചെറിയ ചെറിയ ബില്ലുകളും പോലും ദിവസങ്ങളോളം ചർച്ചനടത്തിയിട്ടുള്ളതാണു്. ഇതാണെങ്കിൽ വളരെ വേഗത്തിലാണു്. ഏതായാലും ഞങ്ങളും തടസ്സം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

നില്ക്കുന്നില്ല. പക്ഷേ ഇത്രയധികം ഭേദഗതികളും വരുത്തിയിട്ടുള്ള ഒരു ബില്ലില്ല. ഞാൻ പറയുന്നതു് 9-ാം ഷെഡ്യൂളിന്റെ പുറത്തു കടക്കാതെ അതിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് കളിച്ചുനോക്കാമെന്നാണു്. അതല്ലെങ്കിൽ പുതിയൊരു ബില്ലാകാം. വളരെ വിശദമായി ചർച്ചചെയ്യേണ്ട ഒരു ബില്ലായിരുന്ന ഇതു്. എന്തായാലും ഞാൻ അതിനു് മുതിരുന്നില്ല.

പിന്നെ ഒന്നുള്ളതു് 29 (എ) ആണു്. 29 (എ) എന്നു പറയുന്നതു് ക്രമിനൽ പ്രൊസീഡുവർ കോഡിലെ വ്യവസ്ഥകളിൽ നിന്നും രക്ഷനൽകുന്നതാണു്. ഈ ബില്ലിലെ ഏറ്റവും ആപത്തേറിയ വകുപ്പായിട്ടാണു് ഞാൻ ഇതിനെ കാണുന്നതു്. ബലംപ്രയോഗിച്ചു് കൈവശം വച്ച ഉടനെതന്നെ രക്ഷകിട്ടാൻ വേണ്ടി കോടതിയിൽപോയി സ്റ്റേ വാങ്ങിക്കുക. ഈ ഭേദഗതിവകുപ്പും മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു പാർട്ടിയുടെ പ്രമേയവും രണ്ടുംകൂടി വേണം സർ നോക്കേണ്ടതു്. സാധാരണ ഗതിയിലായിരുന്നുവെങ്കിൽ നമ്മുടെ നാട്ടിലെ കുറെ കരപ്രമാണികളും ബലം പ്രയോഗംകൊണ്ടു് ഭൂമി കൈവശം വച്ചു് അതിൽനിന്നും രക്ഷകിട്ടാൻവേണ്ടികോടതിയെ സമീപിക്കുന്ന സമ്പ്രദായമുണ്ടായിരുന്ന. നമ്മളം അതിനെ എതിർക്കുന്നവരാണു്. 'കൈയ്യുക്കുള്ളവൻ കാര്യക്കാരൻ' എന്നുള്ളതു മാറി ഒരു സോഷ്യലിസ്റ്റു സാമൂഹ്യക്രമത്തിലേയ്ക്കു് നിങ്ങിക്കൊണ്ടിരിക്കുന്ന ഒരു രാഷ്ട്രമാണു നമ്മുടേതു്. ആ നിലയിലേക്കു് നമ്മുടെ രാജ്യം പുരോഗമിച്ചു കൊണ്ടിരിക്കുകയാണു്. ഇന്നു് കർഷകൻ സംഘടിച്ചിട്ടുണ്ടു്, കാർഷിക തൊഴിലാളികളും സംഘടിച്ചിട്ടുണ്ടു്. സംഘടിതമായ അവകാശങ്ങളും നേടിയെടുക്കാനുള്ള അവകാശം നിയമംമൂലം നല്കിയിട്ടുണ്ടു്, നിയമം മൂലം നൽകിയ അവകാശങ്ങളും പോലും സംഘടിതമായി വാങ്ങിക്കാൻ സാധിക്കാത്ത ആളുകളാണു്. അതു മറെറാരു കാര്യം. മാർക്സിസ്റ്റു പാർട്ടിയുടെ പ്രഖ്യാപനത്തെപററി പറയുമ്പോളും ഒരു കാര്യം ചൂണ്ടിക്കാണിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇതു പാസ്സായാൽ നിയമവിധേയമായിരിക്കണം. ഭരണഘടനാവിരുദ്ധമായിരിക്കരുതെന്നെല്ലാം പറയുമ്പോളും ചിലർ ഉള്ളിൽ ചിരിക്കുകയാണു്. 'വിഡ്ഢി', വങ്കൻ, ഇതെല്ലാം ഞങ്ങളം ആലോചിട്ടുണ്ടോ; ഞങ്ങളം മറിച്ചാണു് ആലോചിച്ചുകൊണ്ടിരിക്കുന്നതു്. ഞങ്ങളം മനഃപൂർവ്വം എഴുതിച്ചേർത്തിട്ടുള്ളതല്ലേ' എന്നാണു് അവർ ചിന്തിക്കുന്നതു്, ഇതു് രണ്ടാമതു തൊട്ടു് ഇങ്ങോട്ടെല്ലാപേരും പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. സി. കെ. ബാലകൃഷ്ണൻ:—സർ, പ്രകോപനം ഉണ്ടാക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരൻ നായർ: ഞങ്ങളം ഒന്നും ചോദിക്കണ്ട എന്നു വിചാരിച്ചിരിക്കുകയാണു്.

ശ്രീ. കെ. കരുണാകരൻ: അവക്കു് ജനങ്ങളോടു പറയണം, കണ്ടോ ഞങ്ങളം പലതും നിങ്ങളംക്കുവേണ്ടി ഉദ്ദേശിച്ചതാണു്. നശിച്ച ഭരണഘടന, എന്തിനു നോക്കിയാലും ഈ ഭരണഘടന തടസ്സം, ഈ കോടതികളം തടസ്സം, ഇതു രണ്ടും ഇരിക്കുന്നിടത്തോളം കാലം ഒന്നും ചെയ്യാൻ സാദ്ധ്യമല്ല എന്നൊക്കെ പറയണം. കഴിവുകേടിനെ മറച്ചുവയ്ക്കാൻവേണ്ടി ഇങ്ങനെയൊക്കെ പറയണം. ഇങ്ങനെ പറഞ്ഞില്ലെങ്കിൽ ഈ നാട്ടിലെ ജനങ്ങളം മറിച്ചു് പലതും ചോദിച്ചുകളയും. എന്തിനാണു് ഇവിടത്തെ ഭരണഘടന എതിരായി നിൽക്കുന്നതു്. വലിയ വിപ്ലവപാർട്ടിയാണെന്നും വിപ്ലവപ്രസ്ഥാനത്തിന്റെ ഭാഗമാണെന്നും പറയുന്ന മാർക്സിസ്റ്റുപാർട്ടിപോലും ബാങ്കുദേശസാൽക്കരണത്തെ അംഗീകരിച്ചിട്ടുണ്ടല്ലോ, ആ ബാങ്കുദേശസാൽക്കരണം ഏതാനും മണിക്കൂറുകൊണ്ടു നടത്താൻ ഈ ഭരണഘടന തടസ്സമല്ലല്ലോ? കോടതി എതിരായി നിൽക്കുമെന്നു പ്രതീക്ഷിക്കാനും സാദ്ധ്യമല്ല. അപ്പോളും ഭരണഘടന തടസ്സമാണെന്നു പറയു

LIBRARY ARCHIVES Kerala Legislative Assembly

ന്നത്തു ശരിയല്ല, സത്യവിരുദ്ധമാണു്. ഭരണഘടനാപരമായി നിയമം നിർമ്മിച്ചാൽ സോഷ്യലിസത്തിലേയ്ക്കു് നീങ്ങാൻ കഴിയുമെന്നു് അങ്ങനെ തെളിയിക്കപ്പെട്ടിരിക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖര വാര്യർ: യൂണിവേഴ്സിറ്റി ബില്ലു് പാസ്സാക്കുന്ന സമയത്തു് കോളേജ് അദ്ധ്യാപകരുടെ അവകാശങ്ങളും സംരക്ഷിക്കുന്ന കാര്യത്തിലുള്ള വകുപ്പുകളും ഏതാണ്ടു് നമുക്കെല്ലാം യോജിച്ചു് പാസ്സാക്കാൻ കഴിഞ്ഞെങ്കിലും അതിനെ സംബന്ധിച്ചു് കോടതിയുടെ അഭിപ്രായമെന്താണെന്നു് ബഹുമാനപ്പെട്ട മെമ്പർക്കറിയാമല്ലോ?

ശ്രീ. കെ. കരുണാകരൻ: ബഹുമാനപ്പെട്ട മെമ്പർ ഞാൻ നേരത്തെ പറഞ്ഞതു് ശ്രദ്ധിച്ചില്ലെന്നു തോന്നുന്നു. അതു ഞാൻ നേരത്തെ പറഞ്ഞു.

സർ, ഇങ്ങനെയുള്ള വകുപ്പുകളും എഴുതിച്ചേർത്തുകഴിഞ്ഞാൽ ഈ ഭരണഘടനയും കോടതിയുമൊക്കെ ഉള്ളിടത്തോളംകാലം യാതൊരു രക്ഷയും കിട്ടുകയില്ലെന്നു പറഞ്ഞുനടക്കാൻ സാധിക്കും. അതിനുവേണ്ടി മനഃപൂർവ്വം ചില വകുപ്പുകൾ എഴുതിച്ചേർത്തിട്ടുണ്ടു്. അതിൽ ഒന്നാണു് 29 (എ).

സർ, ബലമായിട്ടു് ഭൂമിയിൽ കൈയേറിയിട്ടു് പറയുകയാണു് ഇതു് ഇപ്പോഴും എന്റെ ഭൂമിയാണു്. കൈയേറിയ ഉടനെ എന്റേതാണെന്നു പറഞ്ഞാൽ അല്ലാ എന്നു പറയാൻ ട്രിബ്യൂണൽ വരുന്നതുവരെ, ട്രിബ്യൂണൽ പറയുന്നതുവരെ അതിന്റെ ഉടമസ്ഥനു് അങ്ങോട്ടു ചെല്ലാൻ പാടില്ല. വെറുതേ നോക്കി ഇരുന്നുകൊള്ളണം. ട്രിബ്യൂണലുകളും കോടതിയല്ല. എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാരാണു്. എക്സിക്യൂട്ടീവു് ഉദ്യോഗസ്ഥന്മാരെ എങ്ങനെയാണു് ഉപയോഗിക്കുന്നതെന്നു് നാം കണ്ടുകൊണ്ടിരിക്കുകയാണു്. മിനിഞ്ഞാന്നു് ഞാൻ ഒരു അടിയന്തിര പ്രമേയത്തിന്റെ ചർച്ചാവേളയിൽ ചൂണ്ടിക്കാണിച്ചതുപോലെയാകും ഇതും. ഞാൻ നെടുവിള ചെന്നു. അവിടെ ചെന്നപ്പോഴും ഈ സഭയിലെ ഒരംഗമായിരുന്ന ശ്രീ. ബാലകൃഷ്ണന്റെ വീടടക്കം തകർക്കപ്പെട്ടിരിക്കുകയാണു്. അതിനെപ്പറ്റി അന്വേഷിച്ചപ്പോഴും ആ പ്രദേശത്തു് ആളിനെ കിട്ടാത്തതുകൊണ്ടു് പുറമേനിന്നും ആളിനെ ടാക്സിയിലും മറ്റു വണ്ടികളിലും കയറ്റിക്കൊണ്ടുവന്നു് ഒരു ജാഥയെന്ന വ്യാജേന നടന്നു് വീടു് ആക്രമിച്ചു എന്നാണു് മനസ്സിലാക്കാൻ സാധിച്ചതു്. വീടാക്രമിക്കപ്പെട്ടപ്പോഴും ശ്രീ. ബാലകൃഷ്ണനോടു കൂറുള്ള, സ്നേഹമുള്ള ഹരിജനങ്ങളും അദ്ദേഹത്തിന്റെ രക്ഷയ്ക്കായി ഓടിയെത്തി. ഇവിടെ തൊഴിലാളി മുതലാളി ബന്ധമൊന്നുമില്ല. ഒരു ഹരിജൻ നേതാവായ ശ്രീ. ബാലകൃഷ്ണന്റെ വീടു് ആക്രമിക്കപ്പെട്ടപ്പോഴും ഈ രാജ്യത്തെ ഹരിജനങ്ങൾക്കു് വേദനയുണ്ടായി. അവർക്കു് ആവേശമുണ്ടായി. അവർ ബാലകൃഷ്ണന്റെ രക്ഷയ്ക്കു വന്നു. ആ സംഘട്ടനത്തിൽ രണ്ടു കൂട്ടർക്കും പരുക്കുപറ്റിയിരുന്നു. രണ്ടു കൂട്ടരും ആശുപത്രിയിലാണു്. എന്നിട്ടു് നീതിന്യായത്തിനു് ചുമതലപ്പെട്ട പോലീസുകാർ ചെയ്തതു് ആക്രമിക്കാത്തവരെ അറസ്റ്റു ചെയ്യുകയാണു്. തടഞ്ഞവരെ അറസ്റ്റുചെയ്തു. ആക്രമിച്ചവരെ അറസ്റ്റു ചെയ്തില്ല. അതുപോലെതന്നെ ഈ പ്രദേശത്തേക്കു് ആരെങ്കിലും കടക്കാൻ പോയാൽ കടന്നുപോകാൻ പാടില്ലെന്നുപറയും. ഇതു ആരാണു പറയുന്നതു്? കുഴപ്പമുണ്ടായാൽ അതു തടയാൻ ചുമതലപ്പെട്ട പോലീസുകാരാണു്. അക്രമം ചെയ്യുന്നവരെ എന്താണു് അറസ്റ്റു ചെയ്യാത്തതെന്നു ചോദിച്ചപ്പോഴും അങ്ങനെ അറസ്റ്റു ചെയ്യാൻ നിയമമുണ്ടെങ്കിലും മുകളിൽനിന്നും മറിച്ചു് നിർദ്ദേശമുണ്ടു് എന്നാണു് അവർ പറയുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, ഒരു പോയിന്റു് ഓഫ് ഓർഡർ. ഇതിനെ സംബന്ധിച്ചു് ഒന്നുരണ്ടു കേസുകളും ഇപ്പോഴും നിലവിലുണ്ടു്. അതുകൊണ്ടു് ഈ പറയുന്നതു സബ് ജൂഡീസാകും.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇതെല്ലാം അടിയന്തിരപ്രമേയസമയത്തു പറയാൻ കഴിയാത്തതുകൊണ്ടാണോ ഇപ്പോൾ പറയുന്നതു്?

ശ്രീ. കെ. കരുണാകരൻ: എക്സിക്യൂട്ടീവു് ആഫീസറന്മാക്കു് അധികാരം കൊടുത്താൽ അതു് എങ്ങനെ ഉപയോഗിക്കുമെന്നുള്ളതിനെ സംബന്ധിച്ചു് ഒരു ഉദാഹരണം പറയുകയായിരുന്നു. ഉദ്യോഗസ്ഥന്മാക്കു് സ്വാഭാവികമായും സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധിക്കാതെവരും. മന്ത്രിയോ ബന്ധപ്പെട്ട മറ്റാളുകളോ ആയിരിക്കുകയില്ല ഇതിൽ ഇടപെടുന്നതു്. പുറമേനിന്നു് ഒരു പാർട്ടി പ്രവർത്തകൻ പറയും ഇന്ന ഉദ്യോഗസ്ഥൻ ഗുരുതരമായ കുറ്റം ചെയ്തിരിക്കുന്നു അതുകൊണ്ടു് അയാളെ സസ്പെൻറു ചെയ്തിരിക്കുന്നു എന്നു്. പിറ്റേദിവസം അയാളെ സസ്പെൻറു ചെയ്യുകയും ചെയ്യും. ഇന്നത്തെ ഗവണ്മെൻറിൻെറ ഈ രീതിയിലുള്ള നടപടികളും തുടരുകയാണെങ്കിൽ ഈ കാര്യത്തിലും ന്യായമായി കാര്യങ്ങളും നടന്നുപോവുകയില്ല.

ഇവിടെ സംഭവിച്ചിരിക്കുന്നതു് എന്താണു്? യഥാർത്ഥ കൃഷിക്കാരൻെറ ഭൂമി ചില ആളുകളും ബലപ്രയോഗംകൊണ്ടു് കൈയടക്കാൻ തയ്യാറായാൽ പരിരക്ഷ നൽകാൻപോലും വ്യവസ്ഥയില്ലാത്ത നിയമം എഴുതി വച്ചിരിക്കുകയാണു്. ബലം പ്രയോഗിച്ചു് ഭൂമി പിടിച്ചെടുക്കുകയെന്ന ആഹ്വാനം നടത്തിയിരിക്കുന്നതുകൊണ്ടാണു് ഞാൻ ഇതു് എടുത്തുപറയുന്നതു്. യഥാർത്ഥത്തിൽ അർഹതയുള്ളവരുടെ കാര്യത്തിലാണെങ്കിൽ തീർച്ചയായിട്ടും എനിക്കു് അനുകമ്പയുണ്ടു്. പക്ഷേ, ഇവിടെ അതല്ല.

സർ, ഇനി ഡിസൻറിംഗു് നോട്ടിൽ ഞാൻ പറഞ്ഞിട്ടുള്ള ഒന്നുരണ്ടു കാര്യങ്ങൾകൂടി പറഞ്ഞു് അവസാനിപ്പിച്ചുകൊള്ളാം. അതിൽ പല കാര്യങ്ങളും ഞാൻ പറഞ്ഞുകഴിഞ്ഞിരിക്കുന്നു. ഞാൻ ചെറുകിടക്കാരൻെറ മര്യാദപ്പാട്ടത്തെ സംബന്ധിച്ചു് പറഞ്ഞിട്ടുണ്ടു്. സർ, ജന്മി–കുടിയാൻ ബന്ധം തുടരുകയും പാട്ടം ആണ്ടുതോറും കൊടുത്തുകൊണ്ടിരിക്കുകയും ചെയ്യണമെന്നുള്ള ഒരു സ്ഥിതിവിശേഷമാണെങ്കിൽ ഇന്നത്തെ പാട്ടത്തിൻെറ 50 ശതമാനമെന്നുള്ളതു് 25 ശതമാനമാക്കിയാലും വ്യക്തിപരമായിട്ടു് എനിക്കു് ആക്ഷേപമില്ല. കാരണം, അദ്ധ്വാനിച്ചവനു് അവൻെറ അദ്ധ്വാനഫലത്തിൽ കാതലായ ഒരു ഷെയർ കിട്ടണം. ഇവിടെ മര്യാദപ്പാട്ടത്തിൻെറ പ്രശ്നം വരുന്നതു് ആ ഭൂമിയുടെ വില നിശ്ചയിക്കുന്ന കാര്യത്തിലാണു്. നിലവിലുള്ള പാട്ടം, മര്യാദപ്പാട്ടം ഏതായാലും അതിൻെറ 50 ശതമാനം. സർ, പല കൃഷിക്കാരും ഈ നിയമനിർമ്മാണം നടക്കുന്നു എന്നുള്ളതിൻെറ പേരിലും അല്ലാതെയും അവരുടെ മര്യാദക്കാരായ കുടിയാന്മാരുമായിട്ടു് സംസാരിച്ചു് ഈ പാട്ടം 6-ം 7-ം എന്നുള്ളതു് 4-ം 5-ം ഒക്കെ ആക്കിയിട്ടുണ്ടു്. അങ്ങനെ വരുമ്പോൾ മര്യാദക്കാരല്ലാതെ രസീതുപോലുമില്ലാത്തവക്കു് കൂടുതൽ പാട്ടം കിട്ടും. അതേസമയം മര്യാദപ്പാട്ടം മര്യാദയുടെ പേരിൽ 4 പാട്ടമാക്കിയവനു് രണ്ടു പാട്ടമേ ആകുകയുള്ളു. ഇതു ശരിയല്ല. ഇവിടത്തെ പ്രശ്നം ചെറുകിടക്കാരൻേറതാണു്. കാമ്പൻസേഷൻ കൊടുക്കേണ്ട കാര്യത്തിലൊക്കെ ഇതിൽ വ്യവസ്ഥയുണ്ടു്. 20000-നു മുകളിൽ വരുന്ന ആളുകൾക്കു് ഇത്ര കാമ്പൻസേഷനെന്നൊക്കെ പറഞ്ഞിട്ടുണ്ടു്. വലിയ കാശുകാക്കു് കാമ്പൻസേഷൻ കുറയ്ക്കുന്നതിൽ യാതൊരു വിരോധവുമില്ല. ചെറുകിടക്കാരൻെറ സ്ഥിതി എന്താണു്? 50 സെൻറുകാരൻെറയും ഒരേക്കർകാരൻെറയും രണ്ടേക്കർകാരൻെറയും സ്ഥിതി എന്താണു്? അവക്കു് ആവശ്യമായ പരിരക്ഷ കൊടുക്കേണ്ടതു് ഒരു ആവശ്യമല്ലേ? ബഹുമാനപ്പെട്ട റവന്യൂ മിനിസ്റ്റർ പറയുമായിരിക്കും അതിനുവേണ്ടി ഒരു നിധി രൂപീകരിക്കുമെന്നു്. പാവങ്ങൾക്കു് ബീഡി വലിക്കാൻ തികയാത്ത നിധിയാണതു്. പാട്ടം നിശ്ചയിച്ചാൽ നിലവിലുള്ള മര്യാദപ്പാട്ടമായിരിക്കണമെന്നു നിശ്ചയിക്കണം. പക്ഷേ, വില ഈടാക്കുമ്പോൾ 50 ശതമാനത്തിൽ കൂടുതൽ ഈടാക്കാൻ പാടില്ല കൃഷിക്കാരനിൽനിന്നും. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

സംഖ്യ സക്കാർ കൊടുക്കണം. ഇത്ര പറയുമ്പോഴും ഒരു പക്ഷേ ചോദിക്കുമായിരിക്കും ഇതിന്റെയെല്ലാം ഭാരം ഭരണകക്ഷിയല്ലേ വഹിക്കേണ്ടതെന്നു്. അതു കൊണ്ടു് പ്രതിപക്ഷത്തിനു് ഇഷ്ടംപോലെ പറയാമെന്നു്. സർ, ഇതു് സ്റ്റേറ്റിന്റെ മൊത്തത്തിലുള്ള പ്രശ്നമാക്കിയെടുത്താൽ എന്റെ പാർട്ടി അനുകൂലിക്കാം. ദുരിതാശ്വാസപ്രവർത്തനങ്ങളെ സംബന്ധിച്ചു് ഒരു കാര്യം ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണു്. സിലോൺ, ബർമ്മ, സിംഗപ്പൂർ മുതലായ വിദേശ രാജ്യങ്ങളിൽനിന്നും എല്ലാ സ്വത്തും ഉപേക്ഷിച്ചു് ഇൻഡ്യയിൽ വരുന്ന ആളുകൾക്കു് അഭയാർത്ഥികൾ എന്നുള്ള നിലയിലുള്ള സാമ്പത്തിക സഹായവും താമസ സൗകര്യവും മറ്റും ഉണ്ടാക്കിക്കൊടുക്കുന്നുണ്ടു്. അവരെ കുടിയിരുത്തുന്ന കാര്യത്തിൽ എല്ലാവരും സഹകരിക്കുന്നുണ്ടു്. കാരണം അതു് ഒരു രാഷ്ട്രത്തിന്റെ ചുമതലയാണു്. സർ, എനിക്കു പറയാനുള്ളതു് ഈ ചെറുകിടക്കാരനെയും ഒരു അഭയാർത്ഥിയായി കണക്കാക്കണം. അവന്റെ ഭൂമിയിലുള്ള അവകാശം നഷ്ടപ്പെട്ടാൽ അങ്ങനെ നഷ്ടപ്പെടുന്നവർക്കു് ആശ്വാസം നല്കാൻ ഗവണ്മെന്റു് ഒരു ഫണ്ടുണ്ടാക്കണം. അതിനുവേണ്ടി വൻകിട ജന്മിമാരെയും വൻകിട വ്യവസായികളെയും പിടികൂടുകയാണെങ്കിൻ, നിയമപ്രകാരം പിടികൂടുകയാണെങ്കിൽ ഞങ്ങളും അതിനോടു പരിപൂർണ്ണമായും സഹകരിക്കാം. കൊള്ളലാഭമടിക്കുന്ന മുതലാളിമാരിൽനിന്നും ഇതിനാവശ്യമായ പണം നിയമപ്രകാരം ഈടാക്കണം. എത്രകൂടുതൽ ഈടാക്കാൻ സാധിക്കുമോ അതിനാവശ്യമായ നിയമനിർമ്മാണം നടത്തിയും പണം സമ്പാദിക്കണം. നമ്മുടെ ഇവിടെ പണമുണ്ടാക്കാൻ കഴിയാത്ത ആളുകളാണോ? സക്കാർ ഉദ്യോഗസ്ഥന്മാർ വളരെയധികം അസംതൃപ്തരാണെങ്കിൽത്തന്നെയും വിവേചനം കാണിച്ചുകൊണ്ടാണെങ്കിലും അവരുടെ ശമ്പളവും അലവൻസും വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏകദേശം 20 കോടി രൂപ ചെലവാക്കിയിട്ടുണ്ടു്. വെറും രണ്ടു ശതമാനം മാത്രം വരുന്ന ഒരു സമൂഹത്തിനുവേണ്ടി അത്രയും വമ്പിച്ച തുക ചെലവഴിക്കാൻ തയ്യാറായ ഈ ഗവണ്മെന്റു് എന്തുകൊണ്ടു് സർ 50 സെന്റുകാരനും ഒരേക്കറുകാരനുമായ പാവപ്പെട്ട കൃഷിക്കാരനു് ആശ്വാസം നല്കിക്കൂടാ? അതിനുവേണ്ടി തീച്ചയായും ഒരു ഫണ്ടുണ്ടാക്കണം. അപ്പോഴും ചെറുകിടക്കാരനെ സംബന്ധിച്ചിടത്തോളം മര്യാദപ്പാട്ടത്തിന്റെ കാര്യത്തിൽ കൂടുതൽ ആനുകൂല്യം കൊടുക്കാൻ തയ്യാറാകണം. വൻകിടക്കാരനെ സംബന്ധിച്ചിടത്തോളം പരിധി നിശ്ചയിച്ചുകൊണ്ടു് ന്യായമായിട്ടുള്ളതുമാത്രം കൊടുക്കുകയും വേണം. മര്യാദപ്പാട്ടമെന്നു പറയുമ്പോഴും കുടിയാൻ ജന്മിക്കു് കാലാകാലം കൊടുക്കാനുള്ള പാട്ടമല്ല. നേരെമറിച്ചു് ചെറുകിടക്കാരന്റെ ഭൂമിയെ സംബന്ധിച്ചിടത്തോളം വില നിശ്ചയിക്കുന്നതാണു്. ഈ നിയമം പാസ്സായാൽ ഒരു ദിവസംപോലും താമസിക്കരുതു്, ഒരു പാട്ടംപോലും കൊടുക്കാൻ ഇടവരുത്തരുതു്, അടുത്ത ദിവസംതന്നെ ഒരു നോട്ടിഫിക്കേഷൻ ഇറക്കണം.

അടുത്തതായി എനിക്കു പറയാനുള്ളതു് 72-ാം വകുപ്പിൽ വരുത്തിയിട്ടുള്ള ഭേദഗതിയെപ്പറ്റിയാണു്. ഒറിജിനൽ ആക്ടിലെ വ്യവസ്ഥപ്രകാരമാണെങ്കിൽ നാളെ ഒരു നോട്ടിഫിക്കേഷൻ ഇറക്കിയാൽ ഉടമസ്ഥാവകാശം കൃഷിക്കാരനു കിട്ടും. അതു് കൊക്കിനെ പിടിക്കാൻ പുതിയ മാർഗ്ഗം കണ്ടുപിടിച്ചതുപോലെയാണു്. പുതിയ കണ്ടുപിടുത്തമനുസരിച്ചു് കൊക്കിനെ നേരെപോയി പിടിക്കുകയല്ല. നല്ല വെണ്ണ കൊണ്ടുവന്നു് വെയിലുള്ള അവസരം നോക്കി കൊക്കിന്റെ തലയിൽ വച്ചുകൊടുക്കുകയും വെണ്ണ ഉരുകി കണ്ണിൽ ഇറങ്ങി കണ്ണു കാണാൻ പാടില്ലാതാകുമ്പോഴും അതിനെ പിടിക്കുകയുമാണു് ചെയ്യുന്നതു്. അതുപോലെയാണു് ഈ പുതിയ 72-ാം വകുപ്പും. മുമ്പാണെങ്കിൽ 72-ാം വകുപ്പു പ്രകാരം ഒരു നോട്ടിഫിക്കേഷൻ ഇറക്കിയാൽ ഭൂമിയുടെ ഉടമസ്ഥാവകാശം കൃഷിക്കാരനു കിട്ടും. ഇപ്പോഴാണെങ്കിൽ ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു് ഭൂമിയെല്ലാം സക്കാരിനേറ്റാക്കുകയാണു്. പിന്നെ സക്കാരും കുടിയാനുമായിട്ടാണു് ബന്ധം. ചക്കരക്കുടത്തിൽ കൈയിട്ടു് നക്കിനക്കി രുചി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കരുണാകരൻ]

അറിഞ്ഞവർ ഇതു് ശരിക്കു് പാവങ്ങൾക്കു് കിട്ടാൻ അനുവദിക്കുകയില്ല. ഈ ഭൂമി കൈവശം വന്നുകഴിഞ്ഞാൽ രണ്ടു പ്രയോഗങ്ങൾ ഉണ്ടു്. ഒന്നു്, ആ ഭൂമി കിട്ടേണ്ടവർ പാർട്ടിയാഫീസിൽവന്നു് കാണണമെന്നു പറയാം. രണ്ടു്, ഇതും കൊണ്ടു് ഒരു എലക്ഷനു് പോയിക്കഴിഞ്ഞാൽ ഞങ്ങൾക്കുവേണ്ടി സജീവമായി പ്രവർത്തിച്ചവർക്കുവേണ്ടി പങ്കിടാൻ ഭൂമി കിട്ടും. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും എടുക്കാൻ ചെല്ലുമ്പോൾ ഭൂമി കാണുകയില്ല. എങ്കിലും ഭൂമി കിട്ടുമെന്ന ഒരു പ്രതീക്ഷ ജനിപ്പിക്കാം. എനിക്കു പറയാനുള്ളതു് കൃഷിഭൂമി കൃഷിക്കാരനുതന്നെ നേരിട്ടു കിട്ടത്തക്ക നിലയിലുള്ള വ്യവസ്ഥതന്നെ വേണം. അങ്ങനെയല്ലാതെ ജന്മിയുടെ രൂപം മാറിയതുകൊണ്ടുമാത്രം കാര്യമായില്ല. സ്വകാര്യജന്മിയെന്നോ സർക്കാർ ജന്മിയെന്നോ പറഞ്ഞതുകൊണ്ടു് കൃഷിക്കാരനു് യാതൊരു നേട്ടവുമില്ല. ഭൂമിയിൽ ഉടമസ്ഥാവകാശം അവനു കിട്ടണം. അതുകൊണ്ടു് 72-ാം വകുപ്പിലുള്ള ഈ ഭേദഗതി ആവശ്യമില്ല. പഴയ നിയമത്തിലുള്ളതുതന്നെ നിലനിൽക്കണം.

പിന്നെ കുടികിടപ്പുകാരുടെ കാര്യമാണു്. കുടികിടപ്പുകാരുടെ വ്യാപ്തി പഴയതിൽനിന്നും കുറച്ചു ഭേദഗതി ചെയ്തിട്ടുണ്ടു്. പഴയ ആക്ടിൽ മിനിമം 3 സെൻറും മാക്സിമം 10 സെൻറും എന്നു പറഞ്ഞിരുന്നതു് കോർപ്പറേഷനിലാണെങ്കിൽ 3 സെൻറും മുനിസിപ്പാലിറ്റിയിലാണെങ്കിൽ 5 സെൻറും പഞ്ചായത്തേരിയായിലാണെങ്കിൽ 10 സെൻറും എന്നും മാറ്റിയതു് കാലത്തിൻെറ മാറ്റത്തിനനുസരിച്ചു് വരുത്തിയിട്ടുള്ള മാറ്റമാണെന്നു പറയാം. എന്നാൽ അത്ര വലിയ ഒരു പുരോഗതിയാണു് ഇതെന്നു നമുക്കാക്കും പറയാൻ സാധിക്കുകയില്ല. എങ്കിലും അത്രയുമായി.

ശ്രീ. ടി. കെ. കൃഷ്ണൻ: കൂടുതൽ പുരോഗതി വരുത്താൻ മെമ്പർ തയ്യാറാണോ?

ശ്രീ. കെ. കരുണാകരൻ: എന്താണിത്ര സംശയം. ന്യായമായി ചെയ്യാനുള്ള കാര്യങ്ങൾ ന്യയമായ നിലയിൽ ചെയ്യണം. അതുപോലെതന്നെ നീതി ചെയ്താൽ മാത്രം പോരാ നീതിയാണു് ചെയ്യുന്നതെന്നു് ആളുകളെ ബോദ്ധ്യപ്പെടുത്തണം. അതുപോലെതന്നെ ഒരു നിയമനിർമ്മാണമുണ്ടാക്കുമ്പോൾ സാമ്പത്തികസ്ഥിതികൂടി പരിഗണിക്കേണ്ടതുണ്ടു്. ഈ ബില്ലിൻെറ ചർച്ചാവേളയിൽത്തന്നെ കർഷകനുമാത്രം പരിധി നിശ്ചയിക്കുന്നതെന്താണു് മറ്റു വ്യവസായികൾക്കു് പരിധി നിശ്ചയിച്ചുകൂടേ, അർബൻ ഏരിയായിൽ എന്താണു് പരിധി നിശ്ചയിക്കാത്തതു് എന്നൊക്കെ ചോദിക്കുകയുണ്ടായി. ഞാൻ അതിനോടു യോജിക്കുന്നില്ല. എന്തുകൊണ്ടാണു്? സമ്പത്തു വർദ്ധിപ്പിക്കാം. വ്യവസായികൾക്കു വ്യവസായം വികസിപ്പിക്കുകയും ലാഭമുണ്ടാക്കുകയും പണം കുന്നുകൂന്നായി കൂട്ടുകയും ചെയ്യാം. ഭൂമിയാണെങ്കിൽ ആർക്കും കൂട്ടാൻ സാധിക്കുകയില്ല. ഭൂമി ഈശ്വരദത്തമാണെന്നു വിശ്വസിക്കുന്നവരും അതല്ലെന്നു വിശ്വസിക്കുന്നവരുമുണ്ടു്. ഏതായാലും ഭൂമിയുടെ വ്യാപ്തി ഒരു സ്റ്റേറ്റിൽനിന്നു മറെറാരു സ്റ്റേറ്റിലേക്കു മാറ്റിയതുകൊണ്ടോ ഒരു രാഷ്ട്രത്തിൽനിന്നു മറെറാരു രാഷ്ട്രത്തിലേക്കു മാറ്റിയതുകൊണ്ടോ വർദ്ധിക്കുന്നില്ല. അതുകൊണ്ടു് ഭൂമിയുടെ പരിധി നിശ്ചയിക്കേണ്ടതാവശ്യമാണു്. ആദായത്തെക്കുറിച്ചുള്ള പ്രശ്നമല്ല. പക്ഷേ ഭൂമിയെ ആശ്രയിച്ചു നിൽക്കുന്ന കർഷകനു് ആശ്വാസം നൽകണം.

ശ്രീ. ഇ. ജോൺ ജേക്കബ്: ആദായത്തെ സംബന്ധിച്ചു് ഒരു സീലിംഗ് വയ്ക്കുന്നതിൽ എന്താണഭിപ്രായം?

ശ്രീ. കെ. കരുണാകരൻ: അതില്ലെങ്കിലും നമ്മൾ വിചാരിക്കുന്ന സോഷ്യലിസം പൂർണ്ണമാണു്. അതിനല്ല സീലിംഗ് വേണ്ടതു്. ആദായത്തിൻെറ വിഹിതത്തിനാണു് സീലിംഗ് വേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly

സർ, കുടികിടപ്പുകാരനെ സംബന്ധിച്ചിടത്തോളം ഈ നിയമത്തിൽ കൂടി കിടപ്പവകാശം വിനിയോഗിക്കാനുള്ള ഒരു വ്യവസ്ഥയാണുള്ളതു്. ഈ നിർദ്ദേശം സമർപ്പിച്ച കൂട്ടത്തിൽ ഒരാളാണു് ഞാൻ. ആ നിയമമുണ്ടാക്കുമ്പോഴും അവിടെയും ഈ പരിഗണന വേണം. ചെറുകിട കർഷകനെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഇപ്പോഴും മാക്സിമം വാല്യുവിന്റെ 25 ശതമാനമാണു് പറഞ്ഞിട്ടുള്ളതു്. അതിന്റെ പകുതി കുടികിടപ്പുകാരൻ കൊടുക്കണം. അതിൽ മാക്സിമം വാല്യുവിന്റെ 25 ശതമാനം എന്നുള്ളതു് മാറ്റണം. അതാണു് നിർദ്ദേശിച്ചിട്ടുള്ളതു്. കുടികിടപ്പുകാരനോടു് 12 ശതമാനത്തിൽ കൂടുതൽ വാങ്ങാൻ സാദ്ധ്യമല്ല. അതെങ്കിലും കുറയ്ക്കാനുള്ള സാദ്ധ്യത കണ്ടുപിടിക്കേണ്ടതാവശ്യമാണു്. അതുപോലെതന്നെ കുടികിടപ്പുകാരനു് യഥാർത്ഥമായ ആശ്വാസം ഈ ബില്ലിൽ എഴുതിച്ചേർത്തിട്ടുള്ളതു പോരാ. ചില ഏരിയായിലാണെങ്കിൽ, വിശേഷിച്ചു് കോസ്റ്റൽ ഏരിയായിലാണെങ്കിൽ ഭൂമി കിട്ടാനില്ല. ഉള്ള ഭൂമിയിൽ താമസിക്കുകയാണു്. അവരെ എന്തുചെയ്യണം? ഇക്കാര്യം എല്ലാവരും ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ചില കുടിലുകളിൽ ചെന്നാൽ അവിടെ ഒന്നിലധികം കുടുംബങ്ങൾ കഴിയുന്നതു കാണാം. അവക്കു ഭൂമി വിതരണം ചെയ്യുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നൽകുകയും അവരെ റീഹാബിലിറേറ്റു് ചെയ്യുകയും ചെയ്യണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്. കൂടുതലൊന്നും ഞാൻ പറയുന്നില്ല. കഴിഞ്ഞതു് എന്തുതന്നെയായാലും ശരി ഇനിയുള്ള സമയങ്ങളിൽ കഴിയുന്നിടത്തോളം ന്യൂനതകൾ പരിഹരിച്ചുകൊണ്ടു് ഈ ബിൽ പാവപ്പെട്ട ആളുകൾക്കു് അനുഭവസാദ്ധ്യമാക്കുന്നതിനുള്ള സമീപനം ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്നും കഴിഞ്ഞകാലങ്ങളിലുള്ള മക്കടമുഷ്ടി ഉപേക്ഷിക്കണമെന്നും പറഞ്ഞുകൊണ്ടു് ഞാൻ നിർത്തുന്നു.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ, ഗൗരി:) സർ, നിയമസഭയിൽ ഉയർന്നു വന്നിട്ടുള്ള എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയുന്നതിനുമുമ്പു്, ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഉണ്ടായിരുന്ന അന്തരീക്ഷത്തിൽനിന്നു വ്യത്യസ്തമായി എല്ലാ ഭാഗത്തുനിന്നും ഈ ബിൽ വേഗം പാസ്സാക്കിയെടുക്കണമെന്നുള്ള ഒരു മനോഭാവം ഉയർന്നുവന്നിട്ടുള്ളതിൽ ഞാൻ സന്തോഷിക്കുകയാണു്. അതിനു് ഞാൻ നിയമസഭാസാമാജികന്മാക്കെല്ലാം കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്തുള്ള കൃഷിക്കാരും കുടികിടപ്പുകാരും അവരുടെ അവകാശങ്ങൾ അനുഭവിച്ചുകിട്ടുന്നതിനുവേണ്ടി ഈ ബിൽ എത്രയും വേഗം പാസ്സാക്കണമെന്നും അല്ലെങ്കിൽ അതിനുവേണ്ടി അവർ പ്രക്ഷോഭണം നടത്തുമെന്നും വെറുതെ അടങ്ങിയിരിക്കുന്നതല്ല എന്നും തെളിയിക്കുകയും ചെയ്തുകഴിഞ്ഞിരിക്കുന്നു. സർ, ഈ ബിൽ വ്യത്യസ്തമായ അഭിപ്രായഗതികളോടുകൂടി വിഭിന്നമായ അന്തരീക്ഷത്തിൽ സെലക്ടു് കമ്മിറ്റി കൂടി റിപ്പോർട്ടു് വന്നതാണെന്നു് സെലക്ടു് കമ്മിറ്റിയംഗങ്ങൾ വരെ ഇവിടെ പറഞ്ഞതിൽ ഞാൻ ഖേദിക്കുകയാണു്. നമുക്കറിയാം, സാധാരണ ഒരു സെലക്ടു് കമ്മിറ്റി റിപ്പോർട്ടു് സെലക്ടു് കമ്മിറ്റിയിൽക്കൂടി എങ്ങനെയാണു വരുന്നതെന്നു്. സെലക്ടു് കമ്മിറ്റി റിപ്പോർട്ടിൽ എന്റെയോ എന്റെ പാർട്ടിയുടെയോ മുഴുവൻ അഭിപ്രായമല്ല വന്നിരിക്കുന്നതു്. അതു ഞാൻ ഉറപ്പിച്ചു പറയുകയാണു്. സെലക്ടു് കമ്മിറ്റിയിൽ ഭൂരിപക്ഷമുള്ള അഭിപ്രായമാണു് റിപ്പോർട്ടായി രൂപീകൃതമാകുന്നതു്. ഞങ്ങളെ സംബന്ധിച്ചിടത്തോളം കുടികിടപ്പുകാരനും അതുപോലെതന്നെ മറ്റു കുടിയാന്മാർക്കും ഇതിൽ കൊടുത്തിരിക്കുന്ന ആനുകൂല്യങ്ങളെക്കാൾ വളരെ കൂടുതൽ കൊടുക്കണമെന്നുണ്ടു്. ഇതിൽ രേഖപ്പെടുത്തിയിരിക്കുന്ന Purchase, right, മിച്ചഭൂമി കാമ്പൻസേഷൻ ഇതെല്ലാം കൂടുതലാണെന്ന അഭിപ്രായമുണ്ടു്.

ശ്രീ. ആർ. എസ്. ഉണ്ണി: സെലക്ടു് കമ്മിറ്റി റിപ്പോർട്ടു് ഒറിജിനൽ ആക്ടിൽനിന്നും പുറകോട്ടു പോയിട്ടുള്ളതാണെന്നാണോ പറയുന്നതു്? അതോ അതിൽനിന്നും പുരോഗമിച്ചിട്ടുള്ള തത്വങ്ങൾ ആണെന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ഇപ്പോഴും ആ വക കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ചിലതു പുരോഗമനവും ചിലതു പുറകോട്ടു പോകലും രണ്ടും നടന്നു ട്ടുണ്ട്. അതിനെക്കുറിച്ചു പിന്നീടു സംസാരിക്കാം. ഇവിടെ സംസാരിച്ച ആളു കളും പറഞ്ഞു മാർക്സിസ്റ്റ് മെമ്പറന്മാരൊഴിച്ചു മറ്റുള്ള പാർട്ടിയിൽപെട്ട മെമ്പറ ന്മാർ ഡിസൻറിംഗ് നോട്ട് എഴുതിയിരിക്കുന്ന സ്ഥിതിക്കു റവന്യു മന്ത്രിയുടെ പിടിവാശിമൂലമുണ്ടായ സെലക്ട് കമ്മിറ്റി റിപ്പോർട്ട് ആണിതെന്നു്. അങ്ങനെയല്ല. അക്കാര്യം ഞാൻ നിയമസഭയെ അറിയിക്കാൻവേണ്ടി പറയുകയാണു്. റവന്യുമന്ത്രിയും മാർക്സിസ്റ്റ് പാർട്ടിയുംമാത്രം വിചാരിക്കുകയാണെങ്കിൽ ഇതു പോലെയൊരു സെലക്ട് കമ്മിറ്റി റിപ്പോർട്ട് അല്ല ഇവിടെ വരുന്നതു, മറ്റു വിധത്തിലായിരിക്കും റിപ്പോർട്ടു വരുന്നതു്. സെലക്ട് കമ്മിറ്റി റിപ്പോർട്ടു ഭൂരിപക്ഷം പേരുടെ അഭിപ്രായമില്ലാതെ വരാൻ കഴിയുകയില്ല. ചെയർമാനെന്നുള്ള നിലയിൽ ഡിസെൻറിംഗ് നോട്ട് എഴുതാത്തതിൽ ഞാൻ പശ്ചാത്തപിക്കുകയാണു് ചെയ്യുന്നതു്. കൂടുതൽ ഞാൻ അതിനെക്കുറിച്ചു പറയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: ചെയർമാനുപോലും ഡിസെൻറിംഗ് നോട്ട് എഴുതാനുള്ള സാഹചര്യം ഉണ്ടായി എന്നാണോ പറയുന്നതു്?

ശ്രീമതി കെ. ആർ. ഗൗരി: എൻെറ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ടെന്നു ബഹുമാനപ്പെട്ട കരുണാകരൻ വിചാരിക്കുന്നു. എനിക്കും എൻെറ പാർട്ടിക്കും കൂടിയാനും കൂടികിടപ്പുകാരനും കൊടുക്കേണ്ട ആനുകൂല്യങ്ങളെ സംബന്ധിച്ചിടത്തോളമുള്ള അഭിപ്രായങ്ങളും മുഴുവനും ഇതിൽ വന്നിട്ടില്ലെന്നു മാത്രമേ ഞാൻ പറഞ്ഞിട്ടുള്ളൂ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, ഒരു ചോദ്യം.....

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാൻ വഴങ്ങുന്നില്ല. സർ, ആദ്യമായി ഞാൻ പറയാൻ തുടങ്ങുന്നതു് ഈ ഭേദഗതിനിയമം അവതരിപ്പിക്കാനുണ്ടായ കാലതാമസത്തെക്കുറിച്ചാണു്. അതിനെക്കുറിച്ചു ഇവിടെ വളരെക്കൂടുതൽ ഒച്ചപ്പാടു് ഉണ്ടാക്കിക്കഴിഞ്ഞു. സർ, നേരു നേരാണെന്നു പറഞ്ഞുപോയാൽ വലിയ അബദ്ധമാണെന്നാണു് ഇപ്പോഴും ഞാൻ മനസ്സിലാക്കുന്നതു്. ആരോടും ഉള്ള കാര്യം നേരെയങ്ങു പറയുക എന്നുള്ളതു് എൻെറ ഒരു സ്വഭാവമാണു്. അതു എത്ര ശ്രമിച്ചിട്ടും മാറാറാൻ കഴിയുന്നില്ല. ഞാൻ ഉള്ള കാര്യം അങ്ങു പറഞ്ഞു. അരിയുടെ ബുദ്ധിമുട്ടും മറ്റും ഉണ്ടായിരുന്നതുകൊണ്ടു് വിചാരിച്ചിരുന്നതുപോലെ വേഗം നിയമം അവതരിപ്പിക്കാൻ സാധിച്ചില്ല. അതിൻെറയർത്ഥം കാർഷിക പരിഷ്ക്കരണരംഗത്തു് ഉദാസീനത കാണിച്ചു എന്നും ചെയ്യേണ്ട കാര്യങ്ങളും ചെയ്തിട്ടില്ല എന്നും ആണെന്നു ആരും വിചാരിക്കരുതു്, 1967 ജൂൺമാസത്തിനു മുമ്പു് ഈ നാട്ടിൽ ഒഴിപ്പിക്കപ്പെടുമെന്നു വിചാരിച്ചിട്ടുള്ള കൃഷിക്കാർക്കും കൂടികിടപ്പുകാർക്കും അവരുടെ നിവ്വചനം വിപുലപ്പെടുത്തി അവരെ ഒഴിപ്പിക്കലിൽ നിന്നും രക്ഷ കൊടുക്കുന്നതിനു് ഒഴിപ്പിക്കൽ നിരോധന നിയമം പാസ്സാക്കി. സർ, അതുപോലെതന്നെ രണ്ടര കോടിയോളം രൂപയുടെ പാട്ടക്കുടിശിക ഈടാക്കുന്നതിനു കോടതിയിൽ കേസ്സുണ്ടായിരുന്നു. കൂടിയാന്മാരുടെ പാട്ടക്കുടിശിക ഈടാക്കുന്നതിനുള്ള നടപടികളും തടഞ്ഞുകൊണ്ടും സ്റ്റേ ഓഫ് എവിക്ഷൻ ബിൽ പാസ്സാക്കി, നിയമമാക്കി. അങ്ങനെ ലക്ഷക്കണക്കിനു കൂടിയാന്മാരേയും കൂടികിടപ്പുകാരേയും അവരുടെ ഭൂമിയിലും കൂടികിടപ്പിലും കൂടുതൽ അവകാശങ്ങളോടുകൂടി ഉറപ്പിച്ചുനിർത്തി. അതോടുകൂടിയാണു് സാവകാശത്തിൽ ഈ ബിൽ ഉണ്ടാക്കുന്നതിനുള്ള നീക്കം ആരംഭിച്ചതു്. ഈ ബിൽ ഉണ്ടാക്കുന്നതിനുള്ള നീക്കമെന്നുള്ളനിലയിൽ ആദ്യമായി 1967 സെപ്തംബർ മാസത്തിൽ എല്ലാ പാർട്ടികളുമടങ്ങുന്ന ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിച്ചു. ഭേദഗതിനിയമം വേണമോ അതോ പുതുതായി ഒരു നിയമം ഉണ്ടാക്കണമോ ആ ബില്ലിൽ അട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയിരിക്കേണ്ട തത്വങ്ങൾ എന്തായിരിക്കണം, എന്തെല്ലാം ആനുകൂല്യങ്ങൾ കൊടുക്കണം, എന്തായിരിക്കണം ബില്ലിന്റെ അടിസ്ഥാനതത്വം എന്നുള്ളതിനെ സംബന്ധിച്ചെല്ലാം 1967 സെപ്തംബർ മാസത്തിൽ ശ്രീമാൻ കരുണാകരന്റെയും ശ്രീമാൻ മാണിയുടെയും ഐക്യമുന്നണിയിലെ മറ്റു ഘടകപ്പാർട്ടികളുടേയും മെമ്പറന്മാരടങ്ങുന്ന ഹൈലെവൽ കമ്മിറ്റി കൂടി ആലോചിച്ചതാണ്. ആ കമ്മിറ്റി ഒരു sub committee രൂപീകരിക്കുകയും sub committee ചർച്ച ചെയ്യുന്നും, സംസ്ഥാനത്തിൽ ഉള്ള എല്ലാ പാർട്ടികളുടേയും പ്രതിനിധികളിൽ നിന്നു കിട്ടിയ വിവരങ്ങൾവെച്ച sub committee 8-12-1967 ൽ കൂടുകയും ചർച്ച ചെയ്യുകയും, അതിനുശേഷം ബില്ല് draft ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

ശ്രീ. കെ. കരുണാകരൻ: ആ കമ്മിറ്റി ഒരിക്കൽ മാത്രമേ കൂടിയിട്ടുള്ള എന്നുള്ളതു ശരിയല്ലേ?

ശ്രീമതി കെ. ആർ. ഗൗരി: ഒരിക്കലേ കൂടിയിട്ടുള്ള. അതല്ല പ്രശ്നം. ബില്ല് താമസിച്ചുപോയി. റവന്യൂമന്ത്രിയാണ് ഇതിന്റെ കുറക്കാരി എന്ന വിധത്തിൽ എല്ലാ ഭാഗത്തുനിന്നും വന്ന ആരോപണത്തിന് ഉള്ള വസ്തുത ഞാൻ വിശദീകരിക്കുകയായിരുന്നു. അതിനുശേഷം എല്ലാ പാർട്ടികളുടേയും അഭിപ്രായങ്ങൾ വെച്ചുകൊണ്ട് എന്തൊക്കെയാണ് ഇഷ്യൂ എന്നുള്ളതൊക്കെ നോക്കിയാണ് സബ്കമ്മിറ്റി അവസാനമായി കൂടിയതു്. അതിന്റെ റിപ്പോർട്ട് വന്നുകഴിഞ്ഞതിനുശേഷം ആണ് ബില്ലിന്റെ ഡ്രാഫ്റ്റിംഗിലേയ്ക്കു നീങ്ങിയതു്. 1968 ജനുവരി മാസത്തോടുകൂടി, അതായതു് നമ്മുടെ ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ ഉണ്ടായിരുന്ന സ്ഥിതിഗതികൾക്കു് ഒരയവു വന്നപ്പോൾ ബില്ലിന്റെ draftingനു് കൂടുതൽ സമയം വിനിയോഗിക്കാൻ കഴിഞ്ഞു. അതിനുമുമ്പു് ഒന്നും ചെയ്തില്ല എന്നല്ല, പക്ഷെ മുഴുവൻസമയവും അതു മാത്രം ജോലിയായി പരിഗണിച്ചില്ല എന്നു മാത്രം. പക്ഷെ മുഴുവൻ സമയവും ശ്രദ്ധിക്കാൻ കഴിഞ്ഞില്ലെന്നുള്ള നേരു് ഇന്നും ഞാൻ പറയുകയാണു്. കള്ളം പറയേണ്ട ഒരു കാര്യവുമില്ല. അങ്ങനെ 1968 ജനുവരി മാസത്തോടുകൂടി drafting ആരംഭിച്ചു. ബില്ല് മൂന്നാലു stage ആയിട്ടാണു പരിപൂർണ്ണമാക്കിയതു്. പരിപൂർണ്ണമാക്കി നിയമം 1968 August 19-ാം തീയതി നിയമസഭയിൽ അവതരിപ്പിച്ചു, 1968 August 14-ാം തീയതി കേന്ദ്രത്തിന്റെ അംഗീകാരത്തിനും അയച്ചു. ഇതിനിടയിൽ ആരോ പോദിച്ചു ഇതിന്റെ ഡ്രാഫ്റ്റിംഗും മറ്റു ജോലികളുമെല്ലാം ഉദ്യോഗസ്ഥന്മാർക്കു വിട്ടുകൊടുത്താൽ പോരെ എന്നു്. ഡ്രാഫ്റ്റിംഗ് അവരാണു് നടത്തിയതു്. പക്ഷെ നയരൂപീകരണം കഴിഞ്ഞാൽപ്പോലും വകുപ്പുവകുപ്പായി പരിശോധിച്ചു ആവശ്യമായ ഭേദഗതികളും നിർദ്ദേശങ്ങളും കൊടുക്കേണ്ടിവരും. എന്നെ സംബന്ധിച്ചിടത്തോളം എനിക്കു ചില ബലഹീനതകളുണ്ടു്. ഇതുപോലെ അതിപ്രധാനമായ ബില്ലിന്റെ ഡ്രാഫ്റ്റിംഗ് വേളയിലോ അതു അവതരിപ്പിക്കുന്നതിനു മുമ്പു ഓരോ വകുപ്പും വള്ളിയും വിസ്തൃവും ഓരോ വാക്കും പരിശോധനയ്ക്കു വിധേയമായി ആവശ്യമായ നിർദ്ദേശം ഉൾക്കൊള്ളിച്ചു വേണം അവതരിപ്പിക്കാനെന്നു്. ഇതു പറയുമ്പോൾ ഉദ്യോഗസ്ഥന്മാർ ബുദ്ധിമുട്ടിയിട്ടില്ലെന്നല്ല ഞാൻ പറഞ്ഞതു്. അവരും നിരന്തരമായി പരിശ്രമിച്ചു. എന്നാൽ എല്ലാ സ്റ്റേജിലും അവരോടൊപ്പം ഞാനും ഇരുന്നു വേണ്ടവിധത്തിൽ ബില്ല് ശരിയാക്കുന്നതിനു ശ്രമം നടത്തേണ്ടിവന്നു. എല്ലാഅവസരത്തിലും കൺസൽട്ടേഷൻ ആവശ്യമായിതീർന്നു. അങ്ങനെയാണു് ഇങ്ങനെയൊരു നിയമമുണ്ടാക്കാൻ കഴിഞ്ഞതു്. അതിനു കുറച്ചു കാലതാമസം വരും; അതു സ്വാഭാവികമാണു്. അതു സംഭവിച്ചുവെന്നേയുള്ളു. എന്തോ വലിയ ഒരു കൃത്യവിലോപം വരുത്തിക്കളയുന്നു, എന്തെങ്കിലുമൊക്കെ ഞഞ്ഞാമിഞ്ഞാ പറഞ്ഞിരിക്കുന്നതല്ലാതെ നടപ്പിലാക്കാനുള്ളതു നടപ്പിലാക്കുന്നില്ല, റവന്യൂമന്ത്രി മാറുള്ളവരുടെ മുന്നിൽ ഇതിനൊക്കെ ഉത്തരം പറയേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

വരുമെന്നൊക്കെ ഇവിടെ പറഞ്ഞുകേട്ട. ഞാൻ പൊതുജനങ്ങളുടെ ഇടയിൽനിന്ന് വന്നയാളാണു്. അവരുടെയിടയിൽ പ്രവത്തിക്കുന്നവളാണു്. തിരികെ അവരുടെ ഇടയിലേയ്ക്കു പോകേണ്ട ആളാണു്. ഒളിച്ചിരിക്കാൻ പോകുന്ന എന്നാരും ധരിക്കേണ്ട. 1965-ലെ തെരഞ്ഞെടുപ്പുകാലത്തു ഞങ്ങളെയെല്ലാം ചൈനാച്ചാരന്മാരെന്ന മുദ്രകുത്തി തടവിൽ പാർപ്പിച്ചിട്ടപോലും തെരഞ്ഞെടുപ്പുപ്രവത്തനത്തിനു് യാതൊരു സാഹചര്യവുമില്ലാതിരുന്ന അവസരത്തിൽപോലും 45 എം. എൽ. എ. മാരെ തെരഞ്ഞെടുക്കുകയും ഏറ്റവും വലിയ പാർട്ടിയായി പ്രഖ്യാപിക്കുകയും ചെയ്ത പാർട്ടിയിൽപ്പെട്ടയാളാണു് ഞാൻ.

സർ, ഈ ബില്ലു് ആദ്യം വന്നപ്പോൾ ബഹുമാനപ്പെട്ട മാണി പറഞ്ഞു, ഈ ബില്ലു് ഭരണഘടനാ വിരുദ്ധമായതാണെന്നു്. സർ, മാണിയെ ഒരു കാര്യം ഓർമ്മിപ്പിക്കുകയാണു്, കഷ്ടമെന്നു പറയട്ടെ, മാണിയെ ഗവണ്മെൻറിന്റെ അഡ്വക്കേറ്റു് ജനറലായി നിയമിക്കാൻ സാധിക്കാതെവന്നതിൽ ഖേദം ഉണ്ടു്. ഇന്നു് ഗവണ്മെൻറിനു് അഡ്വക്കേറ്റു് ജനറൽ ഉണ്ടു്, ലാ ഡിപ്പാർട്ടുമെൻറു് ഉണ്ടു്, ഗവണ്മെൻറിനു് നിയമോപദേശം വേണമെങ്കിൽ അറോർണി ജനറൽവരെ പോകാൻ കഴിയും. ഈ വിധത്തിൽ ഗവണ്മെൻറു് നിയമം അനുസരിച്ചു് അഭിപ്രായം ആരായാതെ ആണു് ബില്ലു് ഡ്രാഫ്റ്റു് ചെയ്തതു് എന്നു് ആരും ധരിക്കേണ്ട. അങ്ങനെ നിയമോപദേശം എടുത്തുകൊണ്ടു് വളരെ കരുതലോടുകൂടിയാണു് ഈ നിയമം കൊണ്ടുവന്നിട്ടുള്ളതു്. ഈ ബില്ലു് പാസ്സാക്കണമെന്നു് ആഗ്രഹമുള്ളതുകൊണ്ടാണു് ഇതൊരു ഭേദഗതിനിയമമായി കൊണ്ടുവന്നതു്. ഒമ്പതാമതു ഷെഡ്യൂളിൽ ചേത്ത നിയമം കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ല. എന്നാൽ 17-ാം ഭരണഘടനാ ഭേദഗതി സാധിക്കുകയില്ലെന്നാണു് 9-ാം schedule-ൽ നിയമം ചേക്കൽ മാത്രമായിരുന്നില്ല. 9-ാം schedule-ൽ ചേക്കലിനു പുറമെ Estate-ന്റെ വ്യാഖ്യാനം വിപുലപ്പെടുത്തലും ഉണ്ടു്. ശ്രീ മാണി ഒരു ക്രിമിനൽ വക്കീലിന്റെ ന്യായം പറയുകയാണു്. ഈ നിയമം റദ്ദു ചെയ്താൽ തന്നെ original നിയമം automatic ആയി റിവൈവു് ചെയ്തു കൊള്ളും.

ശ്രീ കെ. എൻ. മാണി: റിവൈവു് ചെയ്യാമെന്നു് എവിടെയെങ്കിലും പറഞ്ഞിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി: കോടതി വിധികളെയും മറ്റും എടുത്തുകൊണ്ടു് ഡിപ്പാർട്ടുമെൻറിന്റെ അഭിപ്രായം അറിഞ്ഞുകഴിഞ്ഞതിനുശേഷമാണു് നിയമം amendment Act ആയി കൊണ്ടുവന്നതു്. അങ്ങനെയുണ്ടാകും എന്നു് അനേകം കോടതി വിധികളുണ്ടായിട്ടുണ്ടു്. ഇതിന്റെ അത്ഥം ഈ നിയമം റദ്ദുചെയ്തുപോകുമെന്നല്ല. റദ്ദുചെയ്യാൻ കഴിയുകയില്ല. എന്നാലും കരുതൽ എന്നുള്ള നിലയിൽ Amendment Act ആക്കിക്കൊണ്ടു വന്നതാണു്.

ഈ നിയമം ഒമ്പതാം ഷെഡ്യൂളിൽപ്പെട്ട നിയമമാണു്, ഒമ്പതാം ഷെഡ്യൂൾ നിയമം തൊടരുതു്, 17-ാം ഭരണഘടനാ ഭേദഗതി ഒമ്പതാം ഷെഡ്യൂളിൽ മാത്രം ഒതുങ്ങിയതാണു് എന്ന ധാരണയാണു്. ഈ കാരണങ്ങളാലാണു് ഇതുപോലുള്ള വിമർശനം വരാൻ ഇടയായതു് എന്നാണു് എന്റെ അഭിപ്രായം. പതിനേഴാമതു ഭേദഗതി 9-ാം schedule-ൽ ചില നിയമങ്ങൾ ഉൾപ്പെടുത്തൽ മാത്രമല്ല ശ്രീ മാണിയെപ്പോലുള്ളവർക്കു് ഉള്ളതെന്നു തോന്നുന്നു. എസ്റ്റേറ്റിന്റെ വ്യാഖ്യാനം വിപുലപ്പെടുത്തി കേരളത്തിലെ എല്ലാ കാർഷികഭൂമിയേയും Estate-ന്റെ വ്യാഖ്യാനത്തിൽ ചേത്തു. എസ്റ്റേറ്റിന്റെ വ്യാഖ്യാനം വിപുലപ്പെടുത്തിയിട്ടുണ്ടു്. ആ വ്യാഖ്യാനം ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

The expression Estate shall in relation to any local area have the same meaning as that expression or its local equivalent has in the existing law relating to land tenures in force in that area and shall also include:

(i) any jagir, inam or mufai or other similar grant and in the States of Madras and Kerala, any Janmam right;

(ii) any land held under ryotwari settlement;

(iii) any land held or let for purposes of agriculture or for purposes ancillary thereto including waste land, forest land, land for pasture or sites of buildings and other structures occupied by cultivators of land, agricultural labourers and village artisans.

മുൻപു് കേരള കാർഷികബന്ധനിയമം റദ്ദുചെയ്യാൻ ഇടയായതു് Estate-ന്റെ വ്യാഖ്യാനത്തിൽ കേരളത്തിലെ Ryotwari ഭൂമി ഉൾപ്പെട്ടിരുന്നില്ല. എന്നതാണു്—അതുകൊണ്ടാണു്. മുമ്പുണ്ടായിരുന്ന എസ്റ്റേറ്റിന്റെ വ്യാഖ്യാനം വിപുലപ്പെടുത്തി അഗ്രികൾച്ചറൽ ലാൻഡിൽ എല്ലാം ഉൾപ്പെടുത്തുന്ന വ്യാഖ്യാനം കൊടുത്തു. അതുകൊണ്ടു് കാർഷിക ഭൂമികളെ സംബന്ധിച്ചും, ലജിസ്ലേറ്റു ചെയ്യാൻ ഈ നിയമ സഭക്കു് അധികാരമുണ്ടു്.

Shri K. M. Mani: We have no objection regarding the competency of the Legislature to pass such a legislation എസ്റ്റേറ്റിന്റെ നിയമത്തിൽ ഇഷ്ടം പോലെ വല്ലതുമൊക്കെ എഴുതിച്ചേർത്താൽ അതു ഭരണഘടനാവിരുദ്ധമാണെന്നു് കോടതി പറയും.

ശ്രീമതി കെ. ആർ. ഗൗരി: ശ്രീ മാണി പറയുന്ന എസ്റ്റേറ്റിന്റെ വ്യാഖ്യാനത്തിൽ വല്ലതുമെഴുതിയാൽ റദ്ദാകുമെന്നു് ഗോലക്നാഥു് കേസിൽ 17-ാം ഭേദഗതി മുഴുവൻ അംഗീകരിക്കുകയും, future amendment മാത്രം പാടില്ല എന്നു പറയുകയാണു് ചെയ്തതു്. ഈ നിയമത്തിൽ അതേ വിധത്തിൽ അമൻറുമെൻറാകു് ഭരണഘടനാവിരുദ്ധമാണെന്നു പറഞ്ഞുകൊണ്ടു് റദ്ദുചെയ്യുവാൻ ഒരു കോടതിക്കും സാധിക്കുകയില്ല. എസ്റ്റേറ്റിന്റെ വ്യാഖ്യാനം വിപുലപ്പെടുത്തിയതുകൊണ്ടു് ഈ നിയമം പഴയകാലത്തു റദ്ദുചെയ്തതു പോലെ റദ്ദു ചെയ്യുവാൻ പറ്റുകയില്ല, പോകുന്നുമില്ല. ഏതെങ്കിലും ക്ലാസോ മറ്റോ ചിലപ്പോൾ റദ്ദു ചെയ്യ പേകുമെന്നല്ലാതെ ഈ നിയമം മുഴുവൻ റദ്ദു ചെയ്യാതിരിക്കത്തക്ക വിധത്തിൽ എല്ലാ കരുതൽ നടപടികളും എടുത്തിട്ടുണ്ടു്. കർഷകരുടെയും കുടിയാന്മാരുടെയും ഇടയിൽ സംഘടന വളർത്തി, അവർക്കു ജന്മിമാരിൽ നിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ നശിപ്പിക്കാതിരിക്കാനും, ഒരു വശത്തു് നിയമം നടപ്പിലാക്കിവേണ്ട സംരക്ഷണം നൽകുകയും ചെയ്യുക എന്നതാണു് ഈ ഗവണ്മെൻറിന്റെ നയം. അതുകൊണ്ടു് ഈ നിയമത്തിൽ അന്തർഭവിച്ചിരിക്കുന്ന അടിസ്ഥാന തത്വം കർഷകരും കുടികിടപ്പുകാരനും നടപ്പിലാക്കുമെന്നു് ഗവണ്മെൻറു് വിശ്വസിക്കുകയാണു്. ഈ നിയമം പാസ്സാക്കുന്നതിനു് എതിരായിട്ടുള്ള ശക്തി ആരായാലും അവരോടു് ഈ കേരളത്തിലെ ജനത ഒരു കാലത്തും ക്ഷമിക്കുകയില്ലെന്നും ഈ പിന്തിരിപ്പന്മാരെ കേരളത്തിലെ പ്രബുദ്ധരായ ജനത എതിർത്തു പരാജയപ്പെടുത്തും എന്നെനിക്കുറപ്പുണ്ടു്. കാലം മാറിയ കഥ വിദ്വാൻ ഭവാനറിയുന്നില്ല എന്നേ ഞാനോർമ്മിപ്പിക്കുന്നുള്ളൂ.

നിയമം താമസിപ്പിച്ചതിന്റെ ഒരു വശം ഞാൻ പറഞ്ഞു. ഇനി മറുവശം; ശ്രീ. കരുണാകരൻ ഭരണഘടന ഭേദഗതിയും മറ്റും എടുത്തു വളരെ ക്ലേശകരമായി സംസാരിക്കുന്നതായി കേട്ടു. എന്തിനു് ഇതു് കേന്ദ്ര ഗവണ്മെൻറിനു് അയച്ചു,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കേന്ദ്രത്തിൽ അയക്കേണ്ട കാര്യമുണ്ടോ ? നിങ്ങടെ എന്തിനു് കാത്തിരുന്നു ? എന്നൊക്കെ ചോദിച്ചു അതിനു് എനിക്കു പറയാനുള്ളതു്, 'ചൂടുവെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും പേടിക്കും'. 1957-ൽ ഈ പ്രോസസ്സു് എല്ലാം കഴിഞ്ഞു, ശ്രീ. പന്തു്ജി ജീവിച്ചിരുന്ന കാലമാണു്, അദ്ദേഹവുമായിട്ടു് ചർച്ച ചെയ്തു, അതു വ്യത്യാസപ്പെടുത്തി പാസ്സാക്കിയ നിയമമാണു്. ആ നിയമം 1959 ജൂൺ 30-ാം തീയതി ഈ നിയമസഭ പാസ്സാക്കിയതാണു്. ആ നിയമം പാസ്സാക്കിക്കഴിഞ്ഞതിനുശേഷം രാത്രിയും പകലും പ്രൊസീഡിംഗ്സു് ഇംഗ്ലീഷിലേക്കു് ട്രാൻസ്ലേറ്റു് ചെയ്യുന്നതിനു് ഉദ്യോഗസ്ഥന്മാരോടൊപ്പം ഞാനും ഇരുന്നു. അന്നത്തെ രാഷ്ട്രീയകാലാവസ്ഥ വച്ചുകൊണ്ടു് അന്നത്തെ ഗവണ്മെൻറിനെ പിരിച്ചുവിടുന്നതിനു മുൻപു് ആ നിയമം കേന്ദ്ര ഗവണ്മെൻറിൽ പ്രസിഡണ്ടിൻെറ അംഗീകാരത്തിനയച്ചു. ആ ഗവണ്മെണ്ടിനെ dismiss ചെയ്തു. പ്രസിഡണ്ടിൻെറ അംഗീകാരത്തിനു സമർപ്പിച്ച നിയമം വെളിച്ചം കാണുന്നതു് കേരളത്തിലെ കർഷക ജനതയുടെ സംഘടിത ശക്തിയും പ്രക്ഷോഭണവും കണ്ടതിനു് ശേഷം ആണു്.

Here is a circular issued from the Central Government to the Chief Secretaries of Part A States. It is issued from the Ministry of Home Affairs. I will read it for information of the members.

Sub.–Legislation promoted by Part A States attracting the provisions of Article 31 and 31 (a) of the Constitution.

I am directed to say that all Bills promoted by Part A States attracting the provisions of clause 2 of Article 31 and clause (1) of Article 31 (a) of the Constitution have to be submitted to the President for his assent under clause 3 of Article 31 and the proviso to Clause I of Article 31 respectively. In the Bill submitted for the assent of the President under Article 31 (3), the provisions relating to compensation have specifically to be examined for the reason that such Bills cannot be recommended for the assent of the President, if they do not adequately comply with the provisions of Article 31 (2). This principle applies equally to cases calling under Article 31 A of the Constitution. In order to avoid complications and unncessary delay, after the Bill is passed by the State Legislature and to reserve for the consideration of the President, the Government of India consider it desirable that all Bills attracting the provisions of Article 31 (2) and 31 A should be examined by the Centre before they are introduced in the State Legislature. It is therefore requested that the undermentioned procedure be followed in respect of such bills. The States should, it is requested:

(1) Consult the Government of India in respect of Official Bills attracting the provisions of Article 31 (2) and 31 A (1) before they are introduced in the State Legislature.

(2) Supply the Government of India with copies of non-official Bills attracting the said provisions which are lkely to go forward at some convenient stage after their introduction in the State Legislature.

LIBRARY ARCHIVES Kerala Legislative Assembly

(3) If time permits, inform the Government of India of all amendments relating to the compensation to such non-official Bills.

(4) Inform the Government of India about any difficulties encountered in the working of laws attracting the provisions of Article 31 (2) and 31 A of the Constitution.

ഇനി ഞാൻ അവസാന ഭാഗം വായിക്കുകയാണു്.

"When a draft official Bill is referred to the Government of India for consultation under the procedure set out above, the comments of the Government of India should invariably be awaited before the Bill is introduced in the State Legislature.

അതുപോലെതന്നെ അടുത്തകാലത്തു് നമ്മുടെ ചിട്ടി ബില്ലിനെ സംബന്ധിച്ചു് കേന്ദ്ര ഗവണ്മെൻറു് എഴുതി അയച്ചതു് വായിക്കാം. 23 മേയു് 1968 അവർ അയച്ച എഴുത്തു് 6 ജൂൺ 1968 ലാണു് ഇവിടെ കിട്ടിയതു്.

"On the subject mentioned above along with its enclosure, I am to say that the Bill is being examined in consultation with the administratively concerned ministries. I am to request that the views of the Government of India on the Bill may kindly be awaited before it is proceeded with further".

[12 noon]

ശ്രീ കെ. കരുണാകരൻ : അങ്ങനെയാണെങ്കിൽ ഈ നിയമസഭയിൽ ഈ ബിൽ അവതരിപ്പിക്കുന്നതിനുമുൻപു് കേന്ദ്രത്തിൻെറ അംഗീകാരം കിട്ടിയിരുന്നോ ? സർക്കുലറിൽ പറഞ്ഞതനുസരിച്ചു ചെയ്തിട്ടുണ്ടോ ?

ശ്രീമതി കെ. ആർ. ഗൗരി : ഇതു താമസിച്ചുപോയി എന്നുള്ളതിനാലും കേന്ദ്ര ഗവണ്മെൻറിൻെറ സൗമനസ്യം കണക്കിലെടുത്തുകൊണ്ടും ഭൂപരിഷ്ക്കരണ ഭേദഗതി ബിൽ പാസാക്കി നടപ്പിലാക്കണമെന്നും കൃഷിക്കാർക്കു ഭൂമി കൊടുക്കണമെന്നുമുള്ള നിലയിലും ആഗസ്റ്റു് 14–ാം തീയതി അയയ്ക്കുകയും 19–ാം തീയതി നിയമസഭയിൽ അവതരിപ്പിച്ച സെലക്ടു കമ്മിറ്റിക്കു വിടുകയും ചെയ്തതാണു്. സെലക്ടു് കമ്മിറ്റി പല സ്ഥലത്തും വച്ചു് കൂടി. ഇതിൽ കൂടുതൽ ശീഘ്രഗതിയോടുകൂടി ഇതു ചെയ്യാൻ കഴിയുമായിരുന്നു. സെലക്ടു് കമ്മിറ്റിക്കു വിട്ട കഴിഞ്ഞശേഷം ഈ ഗവണ്മെൻറിനു് കേന്ദ്രഗവണ്മെൻറു് നമ്മോടു് എടുത്ത നിലപാടുമൂലം വളരെ കൂടുതൽ ബുദ്ധിമുട്ടേണ്ടിവന്നിട്ടുണ്ടു് ; കാലതാമസവുമുണ്ടായിട്ടുണ്ടു്. സംസ്ഥാന ഗവണ്മെൻറും കേന്ദ്ര ഗവണ്മെൻറും തമ്മിൽ വളരെയധികം എഴുത്തുകുത്തുകളും നടത്തേണ്ടി വന്നിട്ടുണ്ടു്. വളരെയധികം വാദപ്രതിവാദം വേണ്ടി വന്നിട്ടുണ്ടു്. നെല്ലിപ്പലക വരെ ക്ഷമിച്ച ശേഷം മാത്രമാണു് അക്കാര്യത്തെപ്പറ്റി അവസാനം പുറത്തു പറഞ്ഞിട്ടുള്ളതു്. കേന്ദ്രഗവണ്മെൻറിൻെറ എന്തു നിർദ്ദേശമുണ്ടെങ്കിലും ബില്ലു് പാസ്സാകും പൊതുജനങ്ങളുടെ മുൻപിൽ വയ്ക്കും എന്നും കേരളത്തിലെ ജനങ്ങളും ഇതു നടപ്പിലാക്കുമെന്നു് എനിക്കു് ഉറപ്പുണ്ടെന്നും പറയേണ്ടി വന്നിട്ടുണ്ടു്. അതു പറയാൻ എന്നെ പ്രേരിപ്പിച്ച വസ്തുതകളിൽ ചിലതു വായിച്ചു കേൾപ്പിക്കാം. ബഹുമാനപ്പെട്ട കരുണാകരൻ പറഞ്ഞു കേന്ദ്രഗവണ്മെൻറു് ഒരിക്കലും എതിരല്ലെന്നു്. എന്നാൽ ആളുകളും യാതൊരു വിവരവുമില്ലാതെ അഭിപ്രായങ്ങളും പറഞ്ഞുകൊണ്ടിരിക്കുന്നതിൻെറ അടിസ്ഥാനത്തിൽ പലതും എഴുതി അയച്ചിട്ടുണ്ടു്. അതുപോലെ പനമ്പള്ളി ഗോവിന്ദമേനോൻ ഈ രാജ്യത്തു നടന്ന പ്രസംഗിച്ചതു പോലെയൊന്നും പ്രസംഗിക്കരുതായിരുന്നു. മൂന്നു ദിവസം കൊണ്ടു് ബാങ്കുദേശസാൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കരണ ബിൽ അദ്ദേഹം പാസാക്കി ഇതു താമസിപ്പിക്കുന്നു. മാർക്കിസ്റ്റു കാരുടെ തകരാറാണു് എന്നും മറ്റും. എനിക്കു് ഇതു മൂന്നു ദിവസം കൊണ്ടു് പാസാക്കണമെന്നാഗ്രഹമില്ല ; ജനങ്ങളുടെ അഭിപ്രായവും സെലക്റ്റു് കമ്മിറ്റിയുടെ അഭിപ്രായവും മെംബർമാരുടെ അഭിപ്രായവും അനുസരിച്ചു പാസാക്കുന്നതിനുവേണ്ടി കുറെ ദിവസം താമസിക്കുവാൻ ഞാൻ തയ്യാറാണു്. അങ്ങനെ പ്രസംഗിക്കുന്ന പനമ്പള്ളി ഗോവിന്ദമേനോൻ ബില്ലു പാസ്സാക്കാനിരിക്കണ്ട. അവിടെ അയച്ച ബില്ലിനംഗീകാരം തരാൻ വേഗം നോക്കാമായിരുന്നില്ലെ. മൂന്നു ദിവസത്തിനകം വേണ്ട. മൂന്നു മാസത്തിനകം മതിയായിരുന്നു. തന്നതോ ഇല്ല എന്നു മാത്രമല്ല, ശ്രീ. പനമ്പള്ളി ഗോവിന്ദമോനോന്റെ വകുപ്പു് ഈ നിയമത്തിലെ ഫെയർറെന്റിന്റെ വകുപ്പിനെപ്പറ്റി ആദ്യം എഴുതി അയച്ചതു ഞാൻ വായിച്ചുകാം.

"Under the amending Bill fair rent is defined as 50 per cent of the agreed rent or 75 per cent of the rent fixed in 1961 or the schedule rent whichever is less. This provision is considered to be arbitrary and unreasonable and will jeopardise the religious institutions in the matter of performance of religious rights and practices as pointed out in the memorandum submitted to the President (Copy enclosed)"

This the letter dated 3-2-1969 from the Ministry of Home Affairs. ലാഡിപ്പാർട്ടുമെൻറല്ലാതെ ഇതെഴുതുകയില്ല. ആ ഡിപ്പാർട്ടുമെൻറിന്റെ മന്ത്രിയാണു് പനമ്പള്ളി ഗോവിന്ദമേനോൻ.

It is also stated that " the amount payable as rent should not be reduced to half of the agreed rent or 75 per cent of fair rent fixed before 1961. The definition of fair rent in the principal Act should therefore be retained. ഈ അഭിപ്രായം സംഘടിതശക്തികളുടെ മുൻപിൽ മാറേറണ്ടി വന്നു. ഒബ്ജക്ഷൻ പിൻവലിച്ചു് നിയമവിധേയമാണു് ഈ ക്ലാസ്സു് എന്നറിയിച്ചു. പക്ഷെ നമ്മുടെ ബില്ലിന്റെ പുരോഗതി താമസിച്ചു—താമസിപ്പിച്ചു. അവർ പറഞ്ഞിരിക്കുന്നതു് jeopardise എന്നാണു്. ഇതെഴുതിയതു് എന്നാണെന്നും കൂടി നോക്കണം. ഇവിടെ നിന്നു് 1968 ആഗസ്റ്റു് 14-ാം തീയതി അയച്ചതാണു്. ഈ സംസ്ഥാന ഗവണ്മെൻറു് ദീർഘമായ ചർച്ചകൾക്കു ശേഷം കേന്ദ്രത്തിൽ പോയിവഴക്കിട്ടുകവരെ ചെയ്തു കഴിഞ്ഞശേഷമാണു് ഞങ്ങളോടു് അംഗീകാരം തരാം എന്നു പറഞ്ഞതിനുശേഷം അവർ എഴുതിയതാണു്. മന്ത്രിമാരെ കാണാൻ അവരുടെ മുറിയിൽ ചെന്നു് ഒന്നു രണ്ടു മണിക്കൂർ കഴിഞ്ഞിട്ടും ഇറങ്ങി വരാൻ കഴിയാതിരുന്നപ്പോഴും, കൂടെ വന്നിരുന്ന നമ്മുടെ ഉദ്യോഗസ്ഥന്മാർ ഞാൻ ധർണ നടത്തുകയാണെന്നവരെ സംശയിച്ചുപോയി. ആ വിധത്തിലുള്ള വളരെ നിവേദനങ്ങളും വഴക്കുകളും നടത്തിക്കഴിഞ്ഞതിനുശേഷമാണു് അംഗീകാരം കിട്ടുന്നതു്. അതു് 3-2-1969 ൽ ആണു്. 14-8-1969 ൽ ഇവിടെ നിന്നു് അയച്ച നിയമത്തിനു് അംഗീകാരം ഇല്ല. ചില വകുപ്പുകൾ മാറണം എന്നു അറിയിക്കുന്നതു് 3-2-1969 ൽ ആണു്. അതുമാത്രമല്ല. പ്ലാൻറേഷനെപ്പറ്റി പറഞ്ഞിട്ടുള്ളതും കൂടി കിടപ്പുകാരെപ്പറ്റി പറഞ്ഞിട്ടുള്ളതും ceiling നെ സംബന്ധിച്ചു് പറഞ്ഞിട്ടുള്ളതും വേണമെങ്കിൽ വായിക്കാം. ശ്രീ ഗണപതി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. എനിക്കു് പറയാനുള്ളതു് പനമ്പള്ളി ഗോവിന്ദമേനോൻ പറയുന്നതൊക്കെ കേട്ടു് ശ്രീ ഗണപതി തെറ്റിദ്ധരിക്കരുതെന്നാണു്. അദ്ദേഹം ഒന്നു പറയും വേറൊന്നു ചെയ്യും പറയുന്നതു് ശരിയാണെന്നു വിചാരിച്ചു അതേറെറടുക്കുന്നവർ

LIBRARY ARCHIVES Kerala Legislative Assembly

അബദ്ധത്തിൽ ചാടും. ശ്രീ പനമ്പള്ളി പ്ലാന്റേഷന്റെ കാര്യം എഴുതി അയച്ചതു ഞാൻ വായിക്കാം.

The definition of plantation which exists in the Kerala Land Reforms Act 1963 and which is sought to be omitted by the Amending Bill should be restored. ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്. അതു മനസ്സിലാക്കിയാൽ മതി. അതിന്റെ അർത്ഥം Planter ക്കു് ഇഷ്ടമുള്ള Contigioups area വെച്ചു കൊണ്ടിരിക്കാമെന്നും അങ്ങനെ ceiling തോല്പിക്കാമെന്നുമാണു്.

ശ്രീ കെ. കരുണാകരൻ : ഈ എഴുത്തുകളൊന്നും നമ്മുടെ ബില്ലിന്റെ പരിഗണനയ്ക്കു് തടസ്സമാകാത്ത സ്ഥിതിക്കു് അതൊക്കെ വായിച്ചിട്ടു കാര്യമില്ല. ബില്ലിൽ അഭിപ്രായവ്യത്യാസം ഉള്ള ഭാഗങ്ങൾ ഒഴിവാക്കണമെന്നു പറയുന്നതും നാഷനലൈസേഷനും തമ്മിൽ എന്തു ബന്ധമാണുള്ളതു് ?

ശ്രീമതി കെ. ആർ. ഗൗരി : നാഷണലൈസേഷന്റെ കാര്യവും പറയാനുണ്ടു്. ഉദാഹരണത്തിനു് കണ്ണൻദേവൻ കമ്പനി ദേശസാൽക്കരിക്കണമെന്നു പറഞ്ഞാൽ ഞങ്ങൾക്കു് അഭിപ്രായവ്യത്യാസമുണ്ടാകും. സായിപ്പിനു് നമ്മുടെ നാട്ടിൽ നിന്നു് ജനങ്ങളെ ചൂഷണം ചെയ്തു ഈക്കാലമത്രയും ആദായം കടത്തിയതും പോരാ, ഇനി പ്രതിഫലവും കൊടുക്കണമെന്നു പറഞ്ഞാൽ യോജിക്കാൻ സാധിക്കുകയില്ല.

ശ്രീ കെ. കരുണാകരൻ : ഒരു ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ വഴങ്ങുന്നില്ല; ഞാൻ പറഞ്ഞതു് കേന്ദ്രം വളരെ ഒത്താശ ചെയ്തിരുന്നുവെന്നും മറുമുള്ള പുക പരത്തുന്നതിനെപ്പറ്റിയാണു്. സർ, വാസ്തവത്തിൽ, ശ്രീ കരുണാകരൻ അടക്കം ഉള്ള ഇവിടത്തെ Congress എതിരാണെന്നു് എനിക്കു സംശയമുണ്ടു്. കേന്ദ്രത്തിൽ ചെന്നപ്പോഴാണു് അറിയാൻ കഴിഞ്ഞതു് കെ. പി. സി. സി. അംഗങ്ങൾ ഈ ബില്ലിനെ അനുകൂലിക്കുന്നില്ല എന്നാണു്.

ശ്രീ കെ. കരുണാകരൻ : ഞാൻ ഇതിനെ ചോദ്യം ചെയ്യുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി : ഡൽഹിയിൽ ചെന്നപ്പോൾ കിട്ടിയ വിവരം വച്ചുകൊണ്ടു പറഞ്ഞെന്നേയുള്ളൂ. ശ്രീ കരുണാകരൻ അതിനെ എതിർക്കുകയാണെങ്കിൽ എനിക്കു സന്തോഷമാണു്, ഇവിടത്തെ കോൺഗ്രസ്സുകാരും അനുകൂലമായിരുന്നല്ലോ എന്നുള്ളതു് സന്തോഷകരമാണു്. ഭരണഘടനാഭേദഗതി വേണമെന്നും ആർബിട്ടറി ആണെന്നും മറ്റും പറയുകയുണ്ടായി. അതൊക്കെ ബില്ലിനോടുള്ള സ്നേഹം കൊണ്ടു പറയുന്നതാണെന്നു ഞാൻ കരുതുന്നില്ല. ബില്ലിനോടുള്ള സ്നേഹം കൊണ്ടല്ല, കൃഷിക്കാർക്കു കിട്ടേണ്ട ആനുകൂല്യങ്ങൾ കിട്ടണമെന്നുള്ള നിലയിൽ പറയുന്നതുമല്ല. അതു ശരിയായ നിയമോപദേശവും ആയിരുന്നില്ല. അവസാനം ഈ ഗവണ്മെന്റു് ഉറച്ചുനിന്നു സമരം ചെയ്യുമെന്നും ജനങ്ങളെ അണിനിരത്തുമെന്നും കേന്ദ്രത്തിനു് എഴുതേണ്ടിവന്നപ്പോൾ കാൺഗ്രസ്ഗവണ്മെന്റു് എടുത്തിട്ടുള്ള നിലപാടുകളെപ്പറ്റിയും എഴുതേണ്ടിവന്നു. ഈ നാട്ടിൽ ഗവണ്മെൻറുകൾ പോയതിന്റെ കഥ എഴുതേണ്ടി വന്നു. റിക്കാർഡായി കിടക്കട്ടെ എന്നു കൂടി കരുതിയാണു് ആ കാര്യങ്ങളെല്ലാം എഴുതിയതു്. ഈ രാജ്യത്തു സ്ഥാപിതതാൽപര്യക്കാർ ഇതിനെതിരായി കാർമേഘപടലങ്ങൾ ഇളക്കി സമരങ്ങളും പ്രക്ഷോഭണങ്ങളും ഉണ്ടാക്കിയിട്ടുള്ള ചരിത്രവും എഴുതി അയച്ചു. അതിനുശേഷം അവസാനം, 6–5–1969 ൽ ശ്രീ ഭേത്തു് എഴുതിയ എഴുത്തിൽ പറഞ്ഞു, "ഞങ്ങളുടെ അഭിപ്രായം ഇതൊക്കെ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

യാണെങ്കിലും പ്ലാന്റേഷനെ സംബന്ധിച്ചും കുടികിടപ്പുകാരനെ സംബന്ധിച്ചും ceiling നെ സംബന്ധിച്ചും ഒക്കെ "ഞങ്ങളുടെ അഭിപ്രായങ്ങൾ ഇതെല്ലാം ആണെങ്കിലും—നിങ്ങൾക്കു്, കേരള ഗവണ്മെൻറിനു്, ഈ വിധത്തിൽ വേണമെന്നാണെങ്കിൽ ഞങ്ങൾ അതിനു് എതിരല്ല എന്നുള്ള അഭിപ്രായം അറിയിക്കുന്നു" എന്നു്. നിരന്തരമായ സമരം കേന്ദ്രവുമായി നടത്തിയതിനുശേഷമാണു് ഇതു് എഴുതിയതു്. കുറച്ചൊന്നുമല്ല സമരം നടത്തിയതു്. 14–8–1968 മുതൽ 1969 ഏപ്രിൽ 28 വരെ അവരുമായി സമരം നടത്തിയശേഷമാണു് എഴുതിയിരിക്കുന്നതു്.

I hope all the difficulties in your way have been removed by the letter dated 10th April from the Ministry of Home Affairs and that you will give due consideration to the matter.

ഇത്രയും കഴിഞ്ഞതിനുശേഷം ഒടുവിൽ മനസ്സില്ലാമനസ്സോടെയാണു് സമ്മതം ഉണ്ടായതു്. അതുകൊണ്ടു് ശ്രീ കരുണാകരൻ അക്കാര്യം പറയേണ്ട യാവശ്യമില്ല. എന്തെല്ലാം പറഞ്ഞാലും കോൺഗ്രസ് എന്നു പറയുന്നതു് അവരുടെ സംഘടനയാണു്. അതുകൊണ്ടു് അവർ അങ്ങനെയൊക്കെ പറയും. എന്നാൽ വസ്തുതകളും എല്ലാം മുൻപിൽ വച്ചിട്ടും ഐക്യമുന്നണി ഘടകപ്പാർട്ടികളിലെ ചിലർ എഴുന്നേറ്റുനിന്നു കൊണ്ടു് ചില ആരോപണങ്ങൾ പറയുന്നതു കേട്ടു. ഞാനാണു് ഈ ബില്ലു താമസിപ്പിച്ചതിനുത്തരവാദിയെന്നു് ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം അവർ അങ്ങനെ പറയരുതു്. മറ്റൊന്നു ആരോപണം വേണമെങ്കിലും പറഞ്ഞുകൊള്ളു—കള്ളഷാപ്പു് കൺട്രാക്ടറുടെ കാര്യം പറഞ്ഞുകൊള്ളു, മുരിക്കന്റെ കാര്യം മുതൽ പറഞ്ഞുകൊള്ളു, അങ്ങനെ എന്തു് ആരോപണങ്ങളും വേണമെങ്കിലും പറഞ്ഞുകൊള്ളു. നിങ്ങൾ കേന്ദ്രത്തിന്റെ നിലപാടറിയിച്ചിട്ടും അവക്കെതിരായി ഒരക്ഷരം ഉരിയാടിയിട്ടില്ല എന്നു മാത്രമല്ല കുറ്റം മറിച്ചു് എന്നിൽ ചാർത്തുകയും ചെയ്തു. എന്തു തന്നെയായാലും മാർക്സിസ്റ്റു് കമ്മ്യൂണിസ്റ്റു് പാർട്ടി അവസാനം വരെ, അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കൂടെ നിൽക്കും. അവരുടെ അവകാശം സ്ഥാപിക്കുന്നതിനുവേണ്ടി ഉറച്ചു നിൽക്കും. അക്കാര്യത്തിൽ വിട്ടുവീഴ്ചയില്ലെന്നു ഞാൻ ഈ സഭയോടു് ഉറപ്പു പറയുകയാണു്. ജീവിതത്തിലെ എന്തെല്ലാം സുഖങ്ങൾ കളഞ്ഞാലും മനുഷ്യൻ വിചാരിക്കുന്ന ചില ആദർശങ്ങൾ സാധിക്കുന്നതിനുവേണ്ടി, ചില ആഗ്രഹങ്ങൾക്കും ആദർശങ്ങൾക്കും വേണ്ടി, ഉറച്ചു നിൽക്കും, അങ്ങനെ ഉറച്ചു നിൽക്കുന്നവരാണു് ഞങ്ങൾ എന്നു മാത്രമേ ഞാൻ പറയുന്നുള്ളു. അതുകൊണ്ടു് താമസിച്ചുപോയ കഥ ആ രീതിയിൽ പറയരുതു്.

ഈ ബില്ലിൽ, സെലക്ടുകമ്മിറ്റി റിപ്പോർട്ട് ചർച്ചയ്ക്കെടുക്കുന്ന അവസരത്തിൽ കൂടുതൽ ഭേദഗതികൾ വേണ്ടിവരികയില്ലെന്നുള്ള അഭിപ്രായക്കാരിയല്ല ഞാൻ. ഈ നാട്ടിൽ കുടിയാന്മാർക്കും കുടികിടപ്പുകാർക്കും എത്ര കൂടുതൽ ആനുകൂല്യങ്ങൾ കൊടുക്കാൻ സാധിക്കുമോ അത്രയും കൊടുക്കുന്നതിനു ഞാൻ സന്നദ്ധയാണു്. ഈ നിയമസഭ അംഗീകരിക്കുന്ന ഭേദഗതികൾ ചേർക്കുന്നതിനും ഞാൻ സന്നദ്ധയാണു്. മൂവായിരം കുടിയാന്മാരുടെ കഥ അന്നു സൂചിപ്പിച്ചു കൊണ്ടു് ശ്രീ കെ. ടി. ജേക്കബ് റവന്യൂ മന്ത്രിയെ പുകഴ്ത്തിപ്പറയുകയുണ്ടായി. കൃഷിക്കാരുടെയിടയിൽ നടക്കുന്നതു കൊണ്ടു് അദ്ദേഹത്തിനു് അവരുടെ കാര്യങ്ങൾ അറിയാം. കാഞ്ഞിരപ്പള്ളി മുതലായ സ്ഥലങ്ങളിലെ കൃഷിക്കാർ ഒരു കാലത്തും അതു മറക്കുകയില്ലെന്നു് അദ്ദേഹം പറഞ്ഞു.

ശ്രീ കെ. എം. മാണി : ശ്രീ കെ. ടി. ജേക്കബ് പറയുന്ന കാര്യങ്ങളൊക്കെ മുഖവിലയ്ക്കെടുക്കുകയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : മൂലവിലയ്ക്ക് എടുക്കുകയാണോ 'അടി' വിലക്ക് എടുക്കുകയാണോ എന്നുള്ളതൊന്നുമല്ല പറയുന്നതു്. ശ്രീ ജേക്കബ് കൃഷിക്കാരുടെ താല്പര്യങ്ങൾക്കുവേണ്ടി കൃഷിക്കാരുടെ കൂടെ നിൽക്കുന്നയാളാണെന്നാണു് എന്റെ അഭിപ്രായം. എന്തൊക്കെ അഭിപ്രായവ്യത്യാസമുണ്ടായാലും ശ്രീ ജേക്കബ് കൃഷിക്കാരുടെ കൂടെ നിൽക്കുന്നയാളാണെന്നു് എനിക്കഭിപ്രായമുണ്ടു്. 1964 വരെ ഞങ്ങളും ഒന്നിച്ചു പ്രവർത്തിച്ചിരുന്നവരാണു്. മലയോരപ്രദേശത്തെ കർഷകരെ ഒഴിപ്പിക്കുന്നതിനെതിരായിട്ടുള്ള സമരത്തിനു് അദ്ദേഹത്തിന്റെ കൂടെ ഞാൻ പോയിട്ടുണ്ടു്. അന്നു ഞാൻ കർഷകസംഘം പ്രസിഡണ്ടായിരുന്നു. ഒരു ദിവസത്തെയോ രണ്ടു ദിവസത്തെയോ അറിവു വച്ചു കൊണ്ടു പറയുന്നതല്ല. ഉള്ള കാര്യങ്ങളും തുറന്നു പറയുന്നതിനു് എനിക്കൊരു വിരോധവുമില്ല.

ശ്രീ കെ. എം. മാണി : ഒരു ചോദ്യം.

ശ്രീമതി കെ. ആർ. ഗൗരി : ഞാൻ വഴങ്ങുന്നില്ല. അതുപോലെ നിങ്ങളും നിലമ്പൂരിലേക്കു പോകണം. അവിടെ രേഖയില്ലാത്ത കൃഷിക്കാരുണ്ടു്. പത്തും ഇരുപതും മുപ്പതും കൊല്ലക്കാലമായി ഭൂമി കൈവശം വച്ചുകൊണ്ടിരിക്കുന്ന കൃഷിക്കാരാണു്. അവർക്കു രസീതു് കൊടുക്കുന്നുണ്ടു്. രസീതിലെ പേരു് എന്തൊന്നാണെന്നോ ഡവാരം വിവരങ്ങളും എന്തെന്നോ അറിഞ്ഞുകൂടാത്തവരാണവർ. ഈ പ്രശ്നങ്ങളും ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. 1957-ൽ കാർഷികബന്ധ നിയമം അവതരിപ്പിച്ചപ്പോഴും ഓടച്ചാർത്തു് എന്ന വാക്കു് അതിൽ എഴുതിയതിനെത്തുടർന്നു് 'ഓടച്ചാർത്തു്' എന്ന കഥയെഴുതി ഓട്ടൻ തുള്ളൽ വരെ നടത്തിയവർ നമ്മുടെനാട്ടിലുണ്ടു് എനിക്കറിയാം. ഓടച്ചാർത്തുകാരനെ കൊല്ലുന്നതായും മറ്റും ശ്രീ രാജഗോപാലൻ നായർ സരസമായി എഴുതിയിട്ടുണ്ടു്. ഓടച്ചാർത്തുകാരൻ മുതൽ ഇങ്ങോട്ടുള്ള കൃഷിക്കാരന്റെ കൈവശം ledalise ചെയ്യുന്ന പ്രശ്നങ്ങളും പരിശോധിച്ചാൽ ഇതിന്റെ പിന്നിലുള്ള വികാരങ്ങളും നിങ്ങളും മനസ്സിലാക്കുമെന്നു ഞാൻ കരുതുന്നു. അദ്ധ്വാനിക്കുന്ന കൃഷിക്കാരനു് കൈവശ ഭൂമി അവകാശം സർവ്വേ ചെയ്തിട്ടില്ലാത്ത ഭൂമിയായിരിക്കും. ആരു കൊടുത്തു എന്നു് അറിഞ്ഞുകൂടായിരിക്കും. കൊടുക്കുന്നയാളും വേറെയായിരിക്കും. വളരെക്കാലമായി കൈവശം വച്ചിരിക്കുന്ന ഭൂമി അളന്നു തിട്ടപ്പെടുത്തിക്കഴിയുമ്പോഴും ജന്മി വേറെയായിരിക്കും. ഇങ്ങനെയൊക്കെ വരുമ്പോഴും കൃഷിക്കാരനു കിട്ടേണ്ട ആനുകൂല്യങ്ങളും നഷ്ടപ്പെടുത്തണമെന്നു് ആരെങ്കിലും വിചാരിക്കുന്നുണ്ടോ. നഷ്ടപ്പെടാൻ ഇടയാകരുതെന്നാണു് വിചാരം. അതുപോലെ ഫാറസ്റ്റു് ഭൂമി ഫാറസ്റ്റു് നിയമത്തിന്റെ പരിധിയിൽ നിന്നു് നോട്ടിഫിക്കേഷൻ മൂലം 1957 നു മുൻപു പോയിക്കാണും. എല്ലാ പ്രശ്നങ്ങളും നാം കണക്കിലെടുക്കേണ്ടി വരുന്നു.

അതുപോലെതന്നെ മലബാർഭാഗത്തു പോയി നോക്കുകയാണെങ്കിൽ പത്തും നാല്പതും കൊല്ലക്കാലമായി കോടതിയിൽ വസ്തുസംബന്ധമായി കേസുകളും നടക്കുന്നതായി കാണാം. റിസീവർമാർ കുടുംബങ്ങളിലെ അംഗങ്ങളുംതന്നെ ആയിരിക്കും. പാട്ടത്തിനു കൊടുക്കുന്നതു/കുടുംബകാരണവരായിരിക്കും. റിസീവർ വരുമ്പോഴും പാട്ടം കൊടുത്തിട്ടുള്ളവക്കു തന്നെ വീണ്ടും പാട്ടത്തിനു പുതുക്കിക്കൊടുത്ത നടപടിയെടുത്തവർക്കാണു് നിയമത്തിന്റെ നൂലാമാലകളോ, അക്ഷരജ്ഞാനം പോലുമോ ഇല്ലാത്ത കർഷകർ, മണ്ണിനോടു യുദ്ധം ചെയ്യാനല്ലാതെ മറ്റൊന്നും അറിഞ്ഞുകൂടാത്തവർ, അവർക്കു് ആകെ അറിയാവുന്നതു് മണ്ണിന്റെ മണം മാത്രമായിരിക്കും, മണ്ണിൽ അദ്ധ്വാനിച്ചാൽ പൊന്നു കിട്ടുമെന്നറിയാം, അദ്ധ്വാനിക്കും പൊന്നുവിളയിക്കും അതാണു് അവരെ സംബന്ധിച്ചിടത്തോളം പറയാനുള്ളതു്. അങ്ങനെയുള്ള കർഷകർക്കു നിയമത്തിന്റെ നൂലാ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

മാലകളൊന്നും അറിയാൻ നിവൃത്തിയില്ല. കർഷകരുടെ വിഷമം കുറയ്ക്കാൻ, ഇന്നുള്ള കുറവുകൾ പരിഹരിച്ചു കൊണ്ടു കർഷകർക്കു കൂടുതൽ ആനുകൂല്യങ്ങൾ വ്യവസ്ഥചെയ്യാൻ എവിടെ എവിടെ കൂടിയാലെ ഇനിയും നിവ്വചനത്തിൽ ഉൾപ്പെടുത്താനുണ്ടോ അതിനനുസരണമായ ഭേദഗതികൾ കൊണ്ടുവരാൻ, അവരുടെ അവകാശങ്ങൾക്കു കൂടുതൽ സംരക്ഷണം നൽകാൻ ഗവണ്മെന്റു ഇനിയും സന്നദ്ധമാണു്. അതുപോലെതന്നെ കുടികിടപ്പുകാർക്കു ലോകത്തൊരു സെന്റു ഭൂമിപോലും ഇല്ലാത്തവർക്കു, ഈ നിയമത്തിൽ എല്ലാം അവർക്കു കൊടുത്തിട്ടുണ്ടെന്നു ഞാൻ അവകാശപ്പെടുന്നില്ല. ഈ നിയമം ഇവിടെ അവതരിപ്പിച്ച അവസരത്തിൽ മുൻപു ഞാൻ പറയുകയുണ്ടായി, എനിക്കു കഴിയുമായിരുന്നെങ്കിൽ മൂന്നു വരിയിൽ ഈ നിയമം എഴുതുമായിരുന്നു എന്നു്. സർ, 1917-ൽ ഒക്ടോബർ വിപ്ലവം നടന്ന കാലത്തു സഖാവു ലെനിൻ ഭൂനിയമം സംബന്ധിച്ചു എഴുതിയ ഈ ഡിക്ലിൽ വളരെ കൂടുതൽ വാചകങ്ങളില്ലായിരുന്നു. അദ്ധ്വാനിക്കുന്നവനാണു ഭൂമി, കർഷകന്റെ കൈയ്യിൽ ഇതു ഭൂമി ഉണ്ടായിരിക്കണം, മിച്ച ഭൂമി കർഷകത്തൊഴിലാളികൾക്കു ഉപയോഗിക്കാം, പ്രതിഫലവുമില്ല. ഇതാണു എഴുതി വച്ചതു്. 1917-ൽ റഷ്യയിൽ വിപ്ലവം നടന്ന കാലത്തു ലെനിൻ എഴുതിവച്ച കഥയാണിതു്. നമുക്കാണെങ്കിൽ സാങ്കേതികമായ വശങ്ങളിലേക്കു പോകേണ്ടതായി വരുന്നു. ഭരണഘടന കീറിക്കളയണമെന്നൊന്നും പറയുന്നില്ലെങ്കിലും, ഇന്നത്തെ ഭരണഘടനയോടു ചില കാര്യത്തിൽ അഭിപ്രായവ്യത്യാസമുണ്ടു് ഞങ്ങൾക്കു്. ശ്രീ. കെ. കരുണാകരൻ വിചാരിക്കുന്ന സോഷ്യലിസം ഇന്നത്തെ ഭരണഘടനവച്ചുകൊണ്ടു നടപ്പാക്കാൻ സാധിക്കുകയില്ലെന്നു വിശ്വസിക്കുന്ന ഒരാളാണു ഞാൻ. ഭരണഘടനയിൽ അടങ്ങിയിരിക്കുന്ന പല വകുപ്പുകളോടു എന്റെ പാർട്ടിക്കു അഭിപ്രായവ്യത്യാസമുണ്ടു്. അതു മാറേണ്ടതാണു്. ഒരു കാര്യം ഞാൻ പ്രത്യേകം എടുത്തു പറയാം. നമ്മുടെ ഭരണഘടനയിൽ രണ്ടുവാചകം പറഞ്ഞിട്ടുണ്ടു്; ഫണ്ടമെന്റൽ റൈറ്റിനെ സംബന്ധിച്ചിടത്തോളം വിപുലമായി എഴുതി വച്ചിട്ടുള്ളതിൽ പറയുകയാണു്, പ്രായപൂർത്തിയായ സ്ത്രീയ്ക്കും പുരുഷനും ഏതു ജോലിയും ചെയ്യാൻ അവകാശമുണ്ടു്. ജോലി എവിടെ എന്നു ചോദിച്ചാൽ 'ആ' എന്നാണു് മറുപടി. ഏതു ജോലി ചെയ്യാനും സ്ത്രീയും പുരുഷനും അവകാശമുണ്ടു്, പക്ഷേ അവർക്കു ചെയ്യാൻ ജോലി എവിടെ എന്നു ചോദിച്ചാൽ കൈ മലർത്തി കാണിക്കുകയാണു്. ജോലി ഇല്ല അതിനുറപ്പുമില്ല. പലതരത്തിൽ തെറ്റിദ്ധരിക്കപ്പെടുന്ന ചൈനയിലും സോവിയറ്റു റഷ്യയിലും ഭരണഘടനയിൽ ഇതുപോലുള്ള വകുപ്പുകൾ എഴുതിവച്ചിട്ടുണ്ടു്. പ്രായപൂർത്തിയായവരും അംഗവിഹീനരല്ലാത്തവരുമായ സ്ത്രീകൾക്കും പുരുഷന്മാർക്കും ജോലിതരാമെന്നു ഈ ഗവണ്മെന്റു ഉറപ്പു നൽകുന്നു. അങ്ങനെ ജോലി നൽകപ്പെടുന്നവർക്കു ജീവിക്കാൻ ആവശ്യമായ കൂലികൊടുക്കും. രണ്ടു ഭരണഘടനകളും തമ്മിലുള്ള വ്യത്യാസം ചൂണ്ടിക്കാണിക്കാൻ ഇതു പറഞ്ഞതാണു്. ഇതുപോലും കാലംജീവിതത്തിലെ എല്ലാം ഉപേക്ഷിച്ചു് നാട്ടിലെ ജനങ്ങൾക്കു് നന്മയെന്ന മുദ്രാവാക്യവുമായി പോകുന്ന ഞങ്ങൾക്കു് ഈ രാജ്യത്തെ ജനതയ്ക്കു് എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ ഭരണഘടനയിലെ വകുപ്പുകൾ പലതും മാറണമെന്നു്, ചില പ്രായോഗിക വൈഷമ്യങ്ങൾ നീക്കണമെന്നു ഞങ്ങൾ പറഞ്ഞാൽ, ഇവിടെ ഒരു വിപ്ലവത്തിനു കളമൊരുക്കുകയാണെന്ന ആരോപണം കൊണ്ടുവരുന്നതു ശരിയായിരിക്കുകയില്ല. കൊണ്ടുവരുന്നവർ കാലത്തിനനുസരിച്ചു നീങ്ങാത്തവരാണു്.

ശ്രീ കെ. എം. മാണി: ഭരണഘടനയനുസരിച്ചു എല്ലാവർക്കും ജോലിയും കൂലിയും കൊടുക്കാൻ അവിടെയും സാധിച്ചിട്ടില്ലല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: അവിടെയാണെങ്കിൽ, ഒരു ജോലിയും ചെയ്യാതെ വീട്ടിൽ സിഗറെറ്റും വലിച്ചിരിക്കുന്നവർക്കു വട്ടച്ചിലവും അംഗവിഹീ

LIBRARY ARCHIVES Kerala Legislative Assembly

നരല്ലാത്ത ജോലി ചെയ്യാൻ പ്രാപ്തരായ ആളുകൾക്ക് ജോലികൊടുക്കുമെന്നുള്ള ഉറപ്പും ആ ഗവണ്മെൻറുകൾ നൽകിയിട്ടുണ്ട്. അങ്ങനെയാണ് എഴുതിവച്ചിരിക്കുന്നതു് ഇവിടെ അതല്ല. അതാണ വ്യത്യാസം.

ശ്രീ. ഇ. ജോൺജേക്കബ്ബ്: ഇവിടത്തെ ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ചു തന്നെ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യാമായിരുന്നല്ലോ.

ശ്രീമതി കെ. ആർ. ഗൗരി: അവരുടെ ഭരണഘടനയല്ലല്ലൊ നമുക്കു ബാധകം നമ്മുടെതല്ലെ. ഭരണഘടന മാറാൻ ഈ സംസ്ഥാന ഗവണ്മെൻറിനോ ഈ സഭയ്ക്കോ അധികാരവുമില്ല.

ശ്രീ. കെ. കരുണാകരൻ: എല്ലാവക്കും ജോലികൊടുക്കുമെന്നു എഴുതിവച്ചിട്ടുള്ള ചൈനയിൽ എത്ര പേക്കു ജോലി കൊടുത്തു എത്രകാലം കൊണ്ടു് എന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി: ഞാൻ ചൈനയിൽ പോയിട്ടില്ല. ഒന്നു പോകണമെന്നാഗ്രഹമുണ്ടു്. ഈ വയസ്സുകാലത്തെങ്കിലും ഒന്നു പോയി കണ്ടാൽ കൊള്ളാമെന്നാഗ്രഹിക്കുകയാണു്.

ശ്രീ. കെ. എം. മാണി: വയസ്സുകാലമോ ?

ശ്രീമതി കെ. ആർ. ഗൗരി: എന്നാണു് എൻെറ വിചാരം. ചൈനയിൽ പോകണമെന്നു് എനിക്കാഗ്രഹമുണ്ടു്. സോവിയറു യൂണിയനിലും സാധിക്കുമോ എന്നു നോക്കണം. വായിച്ച മനസ്സിലാക്കിയ രണ്ടു കാര്യം ഇവിടെ പറഞ്ഞുവെന്നേയുള്ള. കൂടുതലായിട്ട അതിലേക്കു കടക്കുന്നില്ല. സർ, കുടികിടപ്പുകാരുടെ കാര്യങ്ങളെ സംബന്ധിച്ചു സംസാരിച്ചപ്പോൾ ശ്രീ. കെ. എം. മാണി പറഞ്ഞു ശ്രീ. ചാക്കൊ കുടികിടപ്പുകാക്കു കൊടുത്തിരുന്ന അവകാശം കൂടി എടുത്തുകളഞ്ഞിട്ട അവരെ ത്രിശംകുസ്വർഗ്ഗത്തിലാക്കിയിരിക്കുകയാണെന്നു്. ഫിക്സിറിനിയെ സംബന്ധിച്ചും മറും പറഞ്ഞു. അതിനെ സംബന്ധിച്ചെല്ലാം ആവശ്യമായ മാറം വരുത്താൻ വേണ്ട ഭേദഗതികൾ കൊണ്ടുവരാവുന്നതാണു്. ഫിക്സിറിനി ആവശ്യമുണ്ടു്, അതു എടുത്തു കളഞ്ഞിട്ടില്ല. ശ്രീ. ചാക്കൊ പറഞ്ഞതു പോലെയല്ല അതിനെക്കാൾഎത്രയോ വിപുലമായിട്ടുള്ള അവകാശങ്ങളാണു് കുടികിടപ്പുകാർക്കു് നൽകിയിരിക്കുന്നതു്. കുടികിടപ്പുകാരുടെ അവകാശമൊന്നും എടുത്തുകളഞ്ഞിട്ടില്ല; അവകാശമൊന്നും കുറച്ചിട്ടില്ല. ഒരവകാശവും കുറച്ചിട്ടില്ലെന്നു മാത്രമല്ല, കുടികിടപ്പുകാക്കു ഇന്നത്തെ നിയമത്തിൽ കൊടുത്തിരിക്കുന്ന അവകാശം കൊണ്ടു് ഈ ഗവണ്മെൻറു സംതൃപ്തിയടഞ്ഞിട്ടുമില്ല. ഇന്നത്തെ നിലയിൽ ഇതേ പറ്റു. കൈവശ ഭൂമിയെ സംബന്ധിച്ച ലജിസ്ലേഷൻ ആകുമ്പോൾ താമസിക്കുന്ന ഭൂമി എത്ര കൊടുക്കാം എന്നുള്ളതിനെ സംബന്ധിച്ച ആലോചിക്കണം. അതനുസരിച്ചാണു് 3 സെൻറു്, 5 സെൻറു്, 10 സെൻറു് എന്ന ക്രമത്തിൽ എഴുതിവച്ചതു്. ഇതു പറയുമ്പോൾ കേരളത്തിൻെറ സ്ഥിതിക്കൂടി പ്രത്യേകം ഓർക്കേണ്ടതുണ്ടു്. ഏറവും കുറച്ചു പെർകാപ്പിറാ ഭൂമിയുള്ള സംസ്ഥാനമാണു് കേരളം. അതുകൊണ്ടു ആ പ്രത്യേക പരിത:സ്ഥിതി മനസ്സിലാക്കിയിട്ടുവേണം നിയമത്തിൽ വ്യവസ്ഥ ചെയ്യാൻ.

1947–48 കാലത്തു സർ സി. പി. യുടെ ഭരണത്തിനുശേഷം ആദ്യമായി അധികാരത്തിൽ വന്ന കാൺഗ്രസ്സു് മന്ത്രിസഭ കാർഷികപരിഷ്കരണ നിയമ നിർമ്മാണത്തിനു നടപടി എടുത്തിരുന്നെങ്കിൽ അന്നത്തെ നിലയ്ക്കു ചില മാജിക്കുകൾ, ജാലവിദ്യകൾ കാണിക്കാൻ കഴിയുമായിരുന്നു. പക്ഷേ ഇന്നു കാലം മാറിപ്പോയി. മാറങ്ങൾ പലതും വന്നുകഴിഞ്ഞിരിക്കുകയാണു്. എന്നിരുന്നാലും ഈ വിഭാഗക്കാർക്കു എന്തെല്ലാം അക്കാമൊഡേഷൻ ചെയ്തുകൊടുക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

കഴിയുമോ അതിനു ഗവണ്മെൻറു തയ്യാറാണു്. ഈ നിയമം എഴുതി ഉണ്ടാക്കിയപ്പോഴും ഞാൻ പറഞ്ഞിട്ടുണ്ടു് കുടികിടപ്പുകാരുടെ അവകാശങ്ങളെപ്പറ്റി, താമസിക്കുന്ന സ്ഥലം പർച്ചെയ്സുചെയ്യുന്നതിനുള്ള പ്രൊവിഷൻ ചേർക്കുന്നതിനെപ്പറ്റി അതിൻെറ ഡീറ്റെയിൽസു് വർക്കൗട്ടു് ചെയ്യണമെന്നു്. 1 കോടി രൂപ, rehabilitation fund ആക്കി വയ്ക്കുന്നതു് അതിനാണെന്നു് സെലക്ടു് കമ്മിറ്റി ഘട്ടത്തിൽ അതുസംബന്ധിച്ച ഡീറ്റെയിൽസു് വർക്കൗട്ടു് ചെയ്തിട്ട അതിനു വേണ്ടി ഈ ഒരു കോടി രൂപാ, കുടികിടപ്പുകാരെ പുനരധിവസിപ്പിക്കാനായി താമസസ്ഥലം സ്വന്തമാക്കുന്നതിനുവേണ്ടി കൊള്ളിച്ചിരുന്നതു് ഉപയോഗിക്കേണ്ട വിധവും പറഞ്ഞു. അതു സംബന്ധിച്ച വിശദാംശങ്ങളും എഴുതിച്ചേർക്കാൻ സെലക്ടു് കമ്മിറ്റിയംഗങ്ങളും, തെളിവുകളും നൽകിയ പൊതുജന പ്രതിനിധികളും സഹായിച്ചിട്ടുണ്ടു്. കുടികിടപ്പുകാർക്കു കൊടുക്കാൻ കഴിയുന്ന ആനുകൂല്യങ്ങളും ഇനിയും കൂടുതൽ കൊടുക്കാൻ ഗവണ്മെൻറു സന്നദ്ധമാണു്. അവർക്കു എത്രമാത്രം സഹായം നൽകുന്നതിനും ഗവണ്മെൻറു തയ്യാറാണെന്നു ഞാൻ ഈ സഭയ്ക്കു് ഉറപ്പു നൽകുകയാണു്.

സർ, ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന വിഭാഗത്തെപ്പറ്റി പറഞ്ഞാൽ അദ്ധ്വാനമാണു് ഏറ്റവും വലിയ സമ്പത്തു്. ലക്ഷം രൂപായുടെ നോട്ടു ഒരു നിലത്തിൽ കൊണ്ടിട്ടാൽ അതു വിളയുകയില്ല, ഐ. ആർ. 8 വിളയുകയില്ല. അതുപോലെ തന്നെ നല്ല വിത്തു നിലത്തിൽ കുനകൂട്ടിയിട്ടിരുന്നാലും നല്ല വിളവുണ്ടാകുകയില്ല. ഈ രാജ്യത്തെ സമ്പത്തു് ഉല്പാദിപ്പിക്കുന്നതു അദ്ധ്വാനിക്കുന്ന വിഭാഗമാണു് അദ്ധ്വാനമാണു് രാജ്യത്തിൻെറ സമ്പത്തു്.

ശ്രീ. കെ. കരുണാകരൻ: ആ കൂട്ടർക്കു ഇതിൽ എന്തു കൊടുക്കുന്നുണ്ടു് ?

ശ്രീമതി കെ. ആർ. ഗൗരി: കൊടുക്കുന്നതു് മിച്ചഭൂമി, താമസ സൗകര്യവും ഭരണഘടനയുടെ കാര്യം നമുക്കു മിണ്ടിക്കൂടല്ലോ. കാർഷികബന്ധ ബില്ലിൻെറ പരിഗണനാവസരത്തിൽ എസ്റ്റേറ്റിൻെറ നിശ്ചിതസമയത്തും മറ്റും ഭരണഘടന തടസ്സമായിട്ടു നിന്നിട്ടില്ലേ ? മിച്ചഭൂമി എടുക്കണമെങ്കിൽ കോമ്പൻസേഷൻ കൊടുക്കണമെന്നില്ലെ. ഇങ്ങനെയുള്ള ചില വകുപ്പുകളും നിമിത്തം വിചാരിക്കുന്ന രീതിയിൽ കുടിയാന്മാക്കും, കുടികിടപ്പുകാക്കും ഗ്രാണം ചെയ്യാൻ സാധിക്കാതെ വരികയാണു്. ഏറ്റവും കുറച്ചു ഭൂമി മാത്രമുള്ള കേരളത്തെ സംബന്ധിച്ചിടത്തോളം ഈ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടേ എന്തെങ്കിലും ചെയ്യാൻ പറ്റൂ. ഇതെല്ലാം കണക്കിലെടുത്തുകൊണ്ടാണു് ഈ വിഭാഗക്കാർക്കു ഇന്നത്തെനിലയിൽ ചിലതെല്ലാം ചെയ്യാൻ വ്യവസ്ഥ ചെയ്തിരിക്കുന്നതു്.

സർ, ശ്രീ. ജാൺ ജേക്കബ്ബു് സംസാരിച്ചപ്പോൾ പറഞ്ഞു അദ്ദേഹം കുട്ടനാട്ടെ കായലിൽ ചെളികുത്തി ഭൂമിയുണ്ടാക്കിയ അദ്ധ്വാനത്തിൻെറ ചരിത്രം. സർ, ആ ചെളിക്കും അതു കുത്തിയെടുത്തു ഭൂമിയാക്കുന്നവർക്കും നിറത്തിൽ ഒരു വ്യത്യാസവുമില്ല, അദ്ധ്വാനിക്കുന്ന ഒരു വിഭാഗം അവിടെയുണ്ടു്. എനിക്കറിയാം, ഞാനും സാമാന്യം ഭേദപ്പെട്ട ഒരു കർഷക കുടുംബത്തിൽ ജനിച്ചയാളാണു്.. കുട്ടിക്കാലം മുതൽ കർഷകവൃത്തിയെ സംബന്ധിച്ചിടത്തോളം എല്ലാം കണ്ടും കേട്ടും വളർന്നതാണു്. അദ്ധ്വാനത്തിനുപകരം മുടക്കുന്ന മുതലിനു കൃഷിയിൽനിന്നു പ്രതിഫലം കിട്ടാതെവരുന്ന അനുഭവങ്ങളുമുണ്ടു്. ഞങ്ങളും ആരും പട്ടണത്തിൽ ജീവിച്ചുവരല്ല, വളർന്നവരല്ല, വെറും വില്ലേജുകളിൽ വളർന്നവരാണു്. അതുകൊണ്ടു് അനുഭവത്തിൽ നിന്നുതന്നെ കൃഷിസംബന്ധമായ കാര്യങ്ങളും ശരിയായി പറയാൻ കഴിയും. ശ്രീ. മാണി പറയുന്നു കുടികിടപ്പുകാർക്കു ആനുകൂല്യം കൊടുത്തതു പോരാ എന്നു്, ശ്രീ. ജാൺ ജേക്കബ്ബു് പറയുന്നു ഇതൊക്കെ ഞങ്ങളുടെ തട്ടിപ്പാണെന്നു്. ഗവണ്മെൻറിനെ വക കൊടുക്കണമെന്നു് ഏതായാലും നിങ്ങളും തമ്മിൽ ഒന്നു പൊരുത്തപ്പെട്ടാൽ കൊള്ളാം. കൂടുതലായി അതിനെപ്പറ്റി ഞാൻ ഒന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, കുടികിടപ്പുകാരെ സംബന്ധിച്ച കാര്യം, അവർക്ക് കൂടുതൽ ആനുകൂല്യം കൊടുക്കുന്നതിനെ സംബന്ധിച്ച നിയമസഭയിൽ എല്ലാ ഭാഗത്തു നിന്നും അഭിപ്രായം ഉണ്ടായ സ്ഥിതിക്ക് ആവശ്യമായ ഭേദഗതികളും ഗവണ്മെൻറുഭാഗത്തു നിന്നു സമർപ്പിക്കാൻ തയ്യാറാണെന്നു ഉറപ്പു നൽകുകയാണു്.

സർ, ഞാൻ ഇവിടെ പറഞ്ഞിട്ടുള്ള എല്ലാകാര്യങ്ങളും മറുപടി പറയണമെന്നു വിചാരിക്കുന്നില്ല. കൂടുതൽ കാര്യങ്ങളും വകുപ്പു വകുപ്പായിട്ടുള്ള ചർച്ചാവേളയിൽ പറയാം.

ശ്രീ. കെ. ടി. ജോജ്ജു ഇന്നു വന്നിട്ടില്ല. ശ്രീ. കെ. ടി. ജോജ്ജും ശ്രീ. കെ. എം. മാണിയും 72–ം 85–ം വകുപ്പുകളെ സംബന്ധിച്ചു സംസാരിക്കുകയുണ്ടായി. സർ, 72–ാം വകുപ്പു ഞാൻ വായിച്ചു കേൾപ്പിക്കാം. കെ. പി. സി. സി. ജനറൽ സെക്രട്ടറി ശ്രീ. കെ. കെ. വിശ്വനാഥന്റെ ഒരു സ്റ്റേറുമെൻറു വന്നപ്പോൾ അതിനെതിരായിട്ട ഞാൻ ഒരു സ്റ്റേറുമെൻറു പത്രങ്ങൾക്കു കൊടുത്തു. കഷ്ടകാലത്തിനു് മാർക്സിറുപാർട്ടിയിൽപെട്ട മന്ത്രിമാർ പത്രങ്ങൾക്കു സ്റ്റേറുമെൻറു കൊടുത്താൽ ചില പത്രക്കാർ അതു പ്രസിദ്ധീകരിക്കുകയില്ല. 72–ാമത്തെ വകുപ്പിൽ എന്താണു പറഞ്ഞിരിക്കുന്നതെന്നു ഒരു സ്റ്റേറുമെൻറുവഴി ഞാൻ വ്യക്തമാക്കിയതു രണ്ടുമൂന്നു പത്രത്തിലിട്ടു. പക്ഷേ ശ്രീ. കെ. എം. മാണി വായിക്കുന്ന പത്രത്തിലൊന്നും അതു വന്നുകണ്ടില്ല. അതു കൊണ്ടായിരിക്കും മി. മാണിക്കു സംശയം വന്നതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഏതു പത്രമാണു് ഇതു പ്രസിദ്ധപ്പെടുത്താത്തതു്?

ശ്രീമതി കെ. ആർ. ഗൗരി: കോട്ടയത്തു നിന്നു പുറപ്പെടുന്ന പത്രങ്ങൾ ഏതൊക്കെയാണെന്നു അറിഞ്ഞുകൂടേ?

ശ്രീ. കെ. എം. മാണി: ഞാൻ ദേശാഭിമാനിപ്പത്രവും വായിക്കാറുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: അതു വല്ലപ്പോഴും എ. കെ. ജി. യുടെ വല്ല പ്രസ്താവനയും കാണുമ്പോൾ നോക്കുന്നതായിരിക്കും. സർ, 72–ാം വകുപ്പു പരിശോധിക്കാം. ഞാൻ ഒരു ഭയങ്കരിയാണു്, കർഷകർക്കു ഒന്നും കൊടുക്കാൻ പോകുന്നില്ല; ഭൂമി കർഷകരിൽ വെസ്റ്റു ചെയ്യുന്നതു മാറ്റിയിട്ടു് ഗവണ്മെൻറിൽ വെസ്റ്റു ചെയ്തിരിക്കുകയാണു്, റവന്യു മന്ത്രി വലിയ പിടിവാശിക്കാരിയാണു് എന്നൊക്കെയാണു ആരോപണം. കുറെ പിടിവാശി ചില കാര്യങ്ങളിൽ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ കുറേശ്ശെ ഉപേക്ഷിച്ചുവരികയാണു്. നേരത്തെ ഉണ്ടായിരുന്നതിനെക്കാൾ പിടിവാശി പല കാര്യങ്ങളിലും കുറഞ്ഞിരിക്കുകയാണു്.

ശ്രീ. ഇ. ജോൺ ജേക്കബ്ബു്: ഇനി പിന്നെ നന്നാവും.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോഴതന്നെ കുറച്ചു നന്നായിട്ടുണ്ടെന്നാണു തോന്നുന്നതു്.

72 (4)

Where in the case of a holding or part of a holding, the landowner or an intermediary is a minor or a person of un-sound mind or a member of the Armed Forces or a seaman or a legal representative of any such member or sea man, or a small holder, the right, title and interest of the land owner and intermediaries, if any, in respect of such holding or part of a holding shall vest in the Government.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

(a) on the expiry of six months from the commencement of the Land Reforms (Amendment) Act 1969 or on the date notified under sub-section (1) whichever is later in cases where no application for resumption of the holding or part of the holding has been preferred,

പട്ടാളക്കാരനു റിസംപ്ഷൻ എന്നാണു് കിട്ടുക. അയാൾ പട്ടാളത്തിൽ നിന്നും തിരിയെ വരണം. അതുകഴിഞ്ഞു രണ്ടുമൂന്നു വർഷത്തിനിടക്കു്. മൈനറാണെങ്കിൽ മേജറായി മൂന്നു കൊല്ലത്തിനുള്ളിലാണു്. അതുപോലെ തന്നെ unsound mind ഉള്ളവരുടെ കാര്യം, ഒഴിപ്പിക്കുന്നതിനുള്ള പ്രൊവിഷന്റെ കാലാവധി കഴിയുകയും resumption final ആയി order ചെയ്യുകയും ചെയ്താൽ മാത്രമെ 72 section നോട്ടിഫിക്കേഷൻ ഇഷ്യൂ ചെയ്യുകൂട്ടു. അല്ലാതെ ഇപ്പോൾ ഇഷ്യൂ ചെയ്യണമെന്നു പറഞ്ഞാൽ ഇഷ്യൂ ചെയ്യാൻ പറ്റുകയില്ല. അതാണു് ആ വകുപ്പിനുള്ള ബലഹീനത. ഹോൾഡിംഗ് ഒഴിപ്പിക്കലിനുള്ളതിനു ഇത്രയാണു് കാലാവധി എന്നു പറയുക. അതു കഴിഞ്ഞിട്ടു ഈ നിയമം നടപ്പിലായി ഇത്ര കാലം എന്നു വച്ചു ഡിസ്പോസ് ചെയ്യുക. ഇതൊന്നും ഇല്ലാത്തതുകൊണ്ടു് 72 act ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. കെ. എം. മാണി: ആ കാലാവധി പറഞ്ഞിട്ടു് എത്ര കാലമായി.

ശ്രീമതി കെ. ആർ. ഗൗരി: പറഞ്ഞിട്ടു് വളരെക്കാലമായി കാലാവധി കഴിഞ്ഞിട്ടില്ല എന്നാൽ അതാണു് നേരു്. പട്ടാളക്കാരെല്ലാം തിരിയെ വന്നിട്ടുണ്ടെന്നു വിചാരിക്കേണ്ട. അവക്കു 25 കൊല്ലം സവ്വീസുണ്ടെന്നോണു് പറയുന്നതു്. ചിലർ തിരിയെ വന്നു കാണും. ചിലരു വന്നിട്ടില്ല, ഇതിനകം വളരെ കൊല്ലങ്ങളും അതുപോലെ ഇന്നു ജനിച്ച കുട്ടിയാണെങ്കിൽ മേജറാകാൻ 21 വയസ്സാകണം, ഇപ്പോൾ നിയമത്തിൽ എഴുതി വച്ചിട്ടുള്ളതേയുള്ളു 18 വയസ്സായാൽ മതിയെന്നു. അതുകൊണ്ടു കാലാവധി ആയിട്ടൊന്നുമില്ല. നടപ്പാക്കാൻ പറ്റുകയുമില്ല. മലബാറിലെ ഭൂമിയത്രയും ഒഴിപ്പിച്ചു പോകുമോ എന്നു സംശയം പ്രകടിപ്പിച്ചു. കുടിയാൻ ഒഴിഞ്ഞു കൊടുത്തെങ്കിൽ മാത്രമേ മറേറയാൾക്കു പകുതി വാങ്ങാൻ കഴിയുകയുള്ളു.

ശ്രീ. കെ. കരുണാകരൻ: അത്തരത്തിൽ അപ്പീൽ കൊടുത്തിട്ടുള്ളവരും പട്ടാളക്കാരുമായ ആളുകളെ ഒഴിച്ചുകൊണ്ടു് മറ്റുള്ള ആളുകളുടെ ലിസ്റ്റു് ഉൾപ്പെടുത്തിക്കൊണ്ടു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനു തടസ്സം എന്താണു്?

ശ്രീമതി കെ. ആർ. ഗൗരി: Different notification may be issued for different areas in the State എന്നാണു് പറഞ്ഞിരിക്കുന്നതു്. Particular area യ്ക്കാണു് notification. Particular holding അല്ല. ആ area യിലെ മുഴുവൻ resumption നും നടന്നുകഴിഞ്ഞിരിക്കണം.

ശ്രീ. കെ. കരുണാകരൻ: ഡിഫറൻറു് നോട്ടിഫിക്കേഷൻ ഡിഫറൻറു് ഏരിയാസിനാണു്: സമ്മതിച്ചു. ഡിഫറൻറു് ഏരിയാസു് നോട്ടിഫൈ ചെയ്യുമ്പോൾ മേൽപ്പറഞ്ഞവരെ ഒഴിവാക്കുവാൻ ഏതു വകുപ്പാണു് തടസ്സമായിട്ടുള്ളതു്?

ശ്രീമതി കെ. ആർ. ഗൗരി: പർട്ടിക്കുലർ ഹോൾഡിംഗ് എന്നെഴുതണം. ഏരിയാസു് എന്നെഴുതിയാൽ പോരാ. വകുപ്പുതന്നെ തടസ്സമാണു്. ഞാൻ മന്ത്രിയാകാൻ വരുന്നതിനു മുമ്പുതന്നെ ഇതെല്ലാം വെച്ചുകൊണ്ടു് ഇങ്ങനെ ഇരിക്കുകയാണു് ഭേദഗതി വേണമെന്നും പറഞ്ഞു്. അതില്ലാതെ നടപ്പിലാക്കുവാൻ പറ്റുകയില്ല. ലാൻഡു് ബോർഡും ട്രൈബ്യൂണലുകളും അവരുടെ പ്രവർത്തനാനുഭവം കൊണ്ടു മനസ്സിലാക്കിയതാണു്. അതുപോലെതന്നെ purchaseചെയ്യുന്ന ഭൂമിക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

പ്രതിഫലം കെട്ടിവെയ്ക്കാൻ (ആദ്യതവണ) വ്യവസ്ഥയില്ല. ഉള്ള വകുപ്പു ഡിഫക്ടീവ് ആയിരുന്നു. അതു കാരണം അതും നടപ്പിലാക്കുവാൻ പറ്റുകയില്ല. അവിടേയും ഭേദഗതി വേണം. ഇതിപ്പോഴും പ്രായോഗികമായി നടപ്പിലാക്കത്തക്ക വിധം എല്ലാ അറകുററങ്ങളും തീർന്നതാണെന്നും യാതൊരു പാകപ്പിഴയും ഇല്ലെന്നും ഞാൻ പറയുന്നില്ല. നമ്മുടെ അനുഭവങ്ങളും വെച്ചുകൊണ്ടു കൃത്യമായി നോക്കണം. നോക്കിക്കഴിഞ്ഞിട്ടു പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുമെന്നു ഞങ്ങൾക്കു വിശ്വാസം തോന്നിയ വിധത്തിലാണ് ഭേദഗതികളും എഴുതി വച്ചിരിക്കുന്നതു്. അതിൽ പാകപ്പിഴകളും കാണും. അല്ലാതെ ഒരു കാലത്തും കുടിയാന്റെ അവകാശം നിക്ഷിപ്തമാക്കിക്കൊടുക്കുന്നതിനുള്ള വ്യവസ്ഥകൾക്കു ഞാൻ എതിരല്ല. ശ്രീ. എസ്. കുമാരനും ഞാനും തമ്മിൽ വാദപ്രതിവാദങ്ങളും ഇതിനെ സംബന്ധിച്ചു പത്രങ്ങളിൽ നടന്നു. ഞാൻ മന:പൂർവ്വം നടത്തുന്നതാണെന്നു കുമാരനും വകുപ്പു നടപ്പിലാക്കാൻ പറ്റാത്ത വിവരം എസ്. കുമാരനു മനസ്സിലാകുകയില്ല എന്നു ഞാനും. ശ്രീ. കെ. കെ. വിശ്വനാഥനും എല്ലാവരും കൂടി ഈ നിയമം വേഗം പാസ്സാക്കി കയ്യിൽ കൊടുക്കണമെന്നു പറഞ്ഞു ഇവിടെ ഒരു സത്യഗ്രഹം നടത്തിയല്ലോ. ദിവസം ഞാൻ ഓർക്കുന്നില്ല. അതിന്റെ പിറേറ ദിവസം ശ്രീ. വിശ്വനാഥൻ ഒരു സ്റ്റേറ്റ്മെന്റ് പുറപ്പെടുവിക്കുകയുണ്ടായി. ഞാൻ അതിനു മറുപടിയും പറഞ്ഞു, ഇതെല്ലാം ഉണ്ടായി. അതുകൊണ്ടു് ഞാൻ അതിനെല്ലാം എതിരാണെന്നു് ആരും ധരിക്കേണ്ട. ഇവിടെ മാണി ചോദിച്ചു, അതുപോലെ ഗോപാലകൃഷ്ണൻ നായർ പറഞ്ഞു. ശ്രീ. കെ. ടി. ജോർജ്ജ് ഇപ്പോഴും ഇവിടെയില്ല. അദ്ദേഹം പല്ലുംകടിച്ചു് വലിയ ദേഷ്യത്തിൽ സംസാരിക്കുകയുണ്ടായി.....

ശ്രീ. കെ. കരുണാകരൻ: റൈറ്റ്, ടൈറിൽ, ലാൻഡ് ഓണേഴ്സിന്റെ ഇൻറെറസ്റ്റ്, ഇൻറർമീഡിയറിയെ സംബന്ധിച്ചുള്ള ഹോൾഡിംഗ് എന്നാണു് പറഞ്ഞിരിക്കുന്നതു്. അപ്പോഴും ഹോൾഡിംഗിനെ സംബന്ധിച്ചിടത്തോളം നോട്ടിഫിക്കേഷൻ ഉണ്ടായിരിക്കേണ്ടതാണു്.

ശ്രീമതി കെ. ആർ. ഗൗരി: അതിനു മുമ്പിലത്തെ സെക്ഷൻ നോക്കിയാൽ മതി. അതിൽ പറഞ്ഞിരിക്കുന്ന റൈറ്റ് വെസ്റ്റ് ചെയ്തിരിക്കുന്ന എന്നേയുള്ള. അല്ലാതെ നോട്ടിഫിക്കേഷൻ അല്ല. നിയമത്തിനകത്തോട്ടു പോകുമ്പോഴും ഈ മാതിരി ബുദ്ധിമുട്ടുണ്ടു്. നിയമം എന്നു പറഞ്ഞാൽത്തന്നെ വളരെ ബുദ്ധിമുട്ടുള്ള സംഗതിയാണു്. നിയമത്തിലൊന്നും പെടുത്താതെ കാര്യങ്ങളും പറഞ്ഞു തീർക്കുകയോ മറു മാർഗ്ഗങ്ങളും ആകുകയോ ചെയ്യുകയാണെങ്കിൽ വേഗം സാധിക്കും. അതു പറ്റാത്തതുകൊണ്ടാണു് ഈ ബുദ്ധിമുട്ടെല്ലാം. ശ്രീ. കരുണാകരൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണു് ഞാൻ ഇതിനെല്ലാം എതിരാണെന്നു്. അല്ല.

ശ്രീ. ഗണപതി ഇവിടെ പ്രസ്താവിച്ചതു് പ്ലാൻറേഷനെ സംബന്ധിച്ചാണു്. കണ്ണൻദേവൻ കമ്പനിക്കാർ തൊഴിലാളികളെ ബുദ്ധിമുട്ടിക്കുന്നുണ്ടു്. അവിടെ യൂണിയൻ പ്രവർത്തനമൊന്നും അനുവദിക്കുന്നില്ല. ശ്രീ. ഗണപതി യൂണിയന്റെ നേതാവാണു്. ഞാൻ അവിടെ പോയപ്പോഴും അതെല്ലാം പറഞ്ഞു. Plantation ദേശവൽക്കരണം കാർഷികപ്രശ്നമല്ല. അതു വേറൊരു പ്രശ്നമാണു്. വളരെ ബൃഹത്തായ പ്രശ്നമാണു്. നമ്മുടെ ഭൂമിക്കു് ഇപ്പോഴും കോംപെൻസേഷൻ കൊടുക്കണമെന്നാണു് പറയുന്നതു്. ഏതായാലും ഇപ്പോഴും അതുമായി കൂട്ടിക്കുഴയ്ക്കുന്നുതു്. ലാജിസ്ലേഷനും നാഷണലൈസേഷനുമായി കൂട്ടിക്കുഴക്കരുതു്. ഞാൻ പറഞ്ഞുവന്നതു് അതിനെപ്പറ്റിയല്ല. സീലിംഗിനെ സംബന്ധിച്ചാണു്. സീലിംഗു നടപ്പിലാക്കിയിട്ടില്ല എന്നാണു ഇവിടെ വന്ന ആരോപണം. എങ്ങനെ നടപ്പിലാക്കുവാൻ കഴിയും? ഒറസ്യം ചെയ്യാനുള്ള ഭൂമി മുഴുവൻ റെസ്യം ചെയ്തു് കർഷകരുടെ കൈവശം വെക്കുവാനുള്ളതു ഇത്രയാണെന്നു തീരുമാനിക്കാതെ എങ്ങനെ സീലിംഗു വ്യവസ്ഥ നടപ്പിലാക്കാൻ കഴിയും? അതുപോലെതന്നെ ഒഴിപ്പിക്കലിനെസംബന്ധിച്ചു അവസാനവാക്കുണ്ടാകണം. അതല്ലെങ്കിൽ ഒഴിപ്പിക്കപ്പെടുന്ന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ഭൂമികൂം ഇന്നതായിരിക്കുമെന്നുള്ള വ്യക്തമായിട്ടുള്ള വകുപ്പുകൂം എഴുതിവെച്ചിട്ടുണ്ടായിരിക്കണം. 72 (എ) പുതുക്കി എഴുതുവാൻ കാരണം അതാണു്. ശ്രീ. മാണി പറയുകയുണ്ടായി ഇതുണ്ടാക്കിവെച്ചു എന്ന പേരു എനിക്കു സമ്പാദിക്കുവാനാണു് എന്നു്. ഒരു കാര്യം ഞാൻ പറയാം. കാർഷികപരിഷ്ക്കരണനിയമം ഉണ്ടാക്കിയ ആളുകളുടെ കൂട്ടത്തിൽ എന്റെ പേരുണ്ടായിരിക്കും. ഇതുകൊണ്ടല്ല. 1957-ലെ കാർഷികബന്ധനിയമം ഈ രാജ്യത്തു ഒരു ഇംപാക്റ്റുണ്ടാക്കി. ചില ആളുകൂം പറഞ്ഞു ഞാനൊന്നുമല്ല, ശ്രീമാൻ കൃഷ്ണയ്യരാണു് ആ നിയമം ഉണ്ടാക്കിയതെന്നു്. ആ തക്കമെല്ലാം പോകട്ടെ. എനിക്കു വിരോധമൊന്നുമില്ല. ആരു വേണമെങ്കിലും പേരെടുത്തോളിൻ. പ്രശ്നമതല്ല. ഈ നിയമംതന്നെ ഇതിലേയ്ക്കു് സ്പെഷ്യലാഫീസറായി നിയോഗിച്ചിട്ടുള്ളയാളാണു് നയം രൂപീകരിച്ചതു്. ഉണ്ടാക്കിയതെന്നു പറഞ്ഞാലും എനിക്കു വിരോധമൊന്നുമില്ല. പക്ഷെ, അതതു കാലത്തു് ആവശ്യമായ ഒരു നിയമം കൊണ്ടുവരുമ്പോൾ അതു ഈ നിയമസഭയിൽ അവതരിപ്പിച്ചു് അതിന്റെ അടിയിൽ പേരു വയ്ക്കുന്ന ഒരു പ്രശ്നമായി അതു കൊച്ചായി ഈ പ്രശ്നം കാണരുതെന്നാണു് എനിക്കഭ്യർത്ഥിക്കുവാനുള്ളതു്.

ശ്രീ. ഇ. ചന്ദ്രശേഖരൻനായർ: ഇപ്പോൾ സീലിംഗു കഴിഞ്ഞു മിച്ചഭൂമി കൊടുക്കണമെന്നു പറഞ്ഞു. രേഖയില്ലാത്ത ഒരു കർഷകനു പാട്ടാവകാശം കൊടുക്കുമ്പോൾ പല സ്ഥലത്തും വലിയ ഭൂവുടമകൂം ടെനൻസിയാണെന്നു പറഞ്ഞു് ട്രാൻസാക്ഷൻ നടത്തുമ്പോൾ കൈവശരേഖയില്ലെങ്കിൽ എങ്ങനെയാണു് കൊടുക്കുവാൻ പറ്റുക?

ശ്രീമതി കെ. ആർ. ഗൗരി: കേന്ദ്രഗവണ്മെൻറുമായി ഇതിനെപ്പറ്റി ആലോചിക്കുകയുണ്ടായി. പാട്ടം കൊടുക്കുവാൻ പ്രൊവിഷൻ എഴുതിവെച്ചാൽ പിന്നേയും കൈമാറ്റം ചെയ്യപ്പെടുക സാധാരണമാകാം എന്നു വിചാരിച്ചു് ആ വകുപ്പുതന്നെ ഡിലീറ്റു ചെയ്തിരിക്കുകയാണു്. സീലിംഗു നടപ്പിലാക്കാൻ സാധിക്കണമെങ്കിൽ സീലിംഗിനു സാധ്യമായിട്ടുള്ള കൈവശഭൂമി ഏതായിരിക്കണം, എത്രത്തോളം റെസ്യൂം ചെയ്യാം എന്നുള്ളതു ഓപ്പറേറ്റു ചെയ്യുന്നതിനു മറേറ നിയമത്തിൽ ഒരു വകുപ്പുണ്ടായിരുന്നു. ആദ്യം വാങ്ങുന്നതിനുള്ള അവകാശം. ബാക്കിയുള്ളതു സീലിംഗ് ഇതാണു്. ഇതു എത്രത്തോളം പ്രായോഗികമാക്കാം എന്നു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. റെന്റു നിശ്ചയിച്ചിട്ടില്ലെങ്കിലും കൈവശഭൂമി എത്രയാണെന്നും ഒഴിപ്പിക്കാൻ എത്ര ഭൂമിയാണെന്നും തീരുമാനം ചെയ്തില്ലെങ്കിലും ഒഴിപ്പിക്കാനുള്ള ഭൂമിക്കു് ഒരു കാലപരിധിവെച്ചു് പ്രതിഫലം നിശ്ചയിച്ചിട്ടില്ലെങ്കിലും ഗവണ്മെൻറിൽ നിക്ഷിപ്തമാകുന്ന നോട്ടിഫിക്കേഷൻ വന്നാൽ നടപ്പിലാക്കാം എന്നുള്ള വിശ്വാസത്തിലാണു് ഈ വകുപ്പു എഴുതിയിട്ടുള്ളതു്. പ്രായോഗികമായി അപാകത എന്തെങ്കിലുമുണ്ടോ എന്നു നിയമസഭ സൂക്ഷ്മമായി പരിശോധിക്കണം. എന്തെങ്കിലും തെറേറാ അപാകതയോ ഉണ്ടെങ്കിൽ ചൂണ്ടിക്കാണിച്ചാൽ തിരുത്താം. നമ്മുടെ ഉദ്ദേശലക്ഷ്യം നടപ്പിലാക്കാൻ ചില ഭേദഗതികൂം വേണ്ടിവരും.

പലരും സീലിംഗിനെ സംബന്ധിച്ചു വച്ചിരിക്കുന്ന വകുപ്പിനെക്കുറിച്ചു തെറ്റിദ്ധരിച്ചു് ഇവിടെ പറയുകയുണ്ടായി. ഇതു് 1969 മുതൽ എന്നാണു് ഇ ബില്ലിൽ വെച്ചിരിക്കുന്നതു്, അതു മാറിയിട്ടു് മുമ്പു ശ്രീ. ചാക്കൊ വെച്ചിരുന്നതുപോലെ 1963 എന്നു മതിയായിരുന്നു എന്നു് ഇക്കാര്യം ചൂണ്ടിക്കാണിച്ചവരോടെല്ലാം ഞാൻ തിരുത്തിപ്പറഞ്ഞിട്ടുണ്ടു്. ശ്രീ. ചാക്കൊ കൊണ്ടുവന്നതു് അതേപോലെ നിറുത്തിയിട്ടുണ്ടു്, അതായതു് പേഴ്സൺസ് ആൻറു് ഫാമിലീസ് ceiling കഴിഞ്ഞ ഭൂമി കൈമാറ്റത്തെ സംബന്ധിച്ച വ്യവസ്ഥകൂംക്കു യാതൊരു മാറ്റവുമില്ലാതെ അതേപോലെ നിറുത്തിയിട്ടുണ്ടു്. പിന്നെ പുതിയതായി കമ്പനികളെയും ഇൻസ്റ്റിറ്റ്യൂഷനുകളെയും ഉൾപ്പെടുത്തിയിട്ടുണ്ടു് എന്നേയുള്ളു. ഇൻസ്റ്റി

LIBRARY ARCHIVES Kerala Legislative Assembly

റ്റിയുഷനുകളിൽത്തന്നെ religious ഇൻസ്റ്റിറ്റ്യൂഷനുകളേയും എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷനുകളേയും എണ്ണംപ്പറ്റു ചെയ്തിട്ടുണ്ട്. പഴയ നിയമപ്രകാരം കമ്പനികളെന്നും പറഞ്ഞു് പലരും അഗ്രിക്കൾച്ചർ ലാൻറുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. സീലിംഗിൻെറ പരിധിയിൽനിന്നും രക്ഷപ്പെടുന്നതിനുവേണ്ടി കൃഷിഭൂമികളെ കമ്പനികളെന്ന പേരും പറഞ്ഞു രജിസ്റ്റർ ചെയ്തു മിടുക്കന്മാരായിട്ട പലരും നടക്കുന്നുണ്ട്. കമ്പനികളായിട്ട് രജിസ്റ്റർ ചെയ്തിട്ട് വളരെയധികം ഭൂമികളും വെറുതെ വേസ്റ്റായിട്ട ഇട്ടിരിക്കുന്നവരുമുണ്ട്.

ശ്രീ. കെ. എം. മാണി: അങ്ങനെയുള്ള മിടുക്കന്മാരെ രക്ഷിക്കാതിരിക്കാൻ വേണ്ടിയാണു് പുറകോട്ട പോകണമെന്നു ഞങ്ങളും പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: കമ്പനി നിയമത്തെപ്പറ്റി ശ്രീ. മാണിക്കും അറിയാവുന്നതാണു്. കമ്പനിനിയമം ഒരു കേന്ദ്രനിയമമാണു്.

സെലക്ടു്കമ്മിറ്റി റിപ്പോർട്ടു് പബ്ലിഷ്ചെയ്ത അതിൽ ഒരു തീരുമാനം എടുക്കാൻ പോകുന്നുവെന്നു് ആളുകളുടെ മുമ്പിൽ വെച്ച തീയതി മുതൽ കൈമാറ്റം ചെയ്യാൻ പാടില്ലെന്ന എഴുതിച്ചേർത്തിട്ടുണ്ട്.

ശ്രീ. കെ. എം. മാണി: അതിനു പകരമായിട്ടു് ഈ ബിൽ അവതരിപ്പിച്ച തീയതി മുതൽ എന്നു വെച്ചുകൂടേ?

ശ്രീമതി കെ. ആർ. ഗൗരി: വലിയ വിഷമമാണു് പറയുന്നതു്. അങ്ങനെയാണെങ്കിൽ കമ്പനികളെക്കുടി ഉൾപ്പെടുത്താൻ സാധിക്കാതെ വരും. സെലക്ടു്കമ്മിറ്റിയിൽ ശ്രീ. മാണിയും ശ്രീ. കരുണാകരനും എല്ലാവരും കൂടിയിരുന്നു ആലോചിച്ചതാണു്.

ഈ വകുപ്പിൽ മറ്റു ഭേദഗതികളും എഴുതിച്ചേർത്തിട്ടുണ്ട്. സീലിംഗിനെക്കുറിച്ചു് മുമ്പുണ്ടായിരുന്ന വകുപ്പു ഇതിലുമുണ്ടു്. മുമ്പുണ്ടായിരുന്ന വകുപ്പുപ്രകാരം അതു ദുരുപയോഗപ്പെടുത്തുന്നതിനുള്ള പഴുതുകളും ഉണ്ടായിരുന്നതുകൊണ്ടു് അതില്ലാതാക്കാനുള്ള ശ്രമം ഇതിൽ നടത്തിയിട്ടുണ്ടു്. നമ്മുടെ നാട്ടിൽ സാധാരണ പണക്കാരും പ്രതാപം ഉള്ളവരുമായ ആളുകളും ഏതു നിയമം ഇവിടെ കൊണ്ടുവന്നാലും ആ നിയമത്തിലുള്ള ഏതെങ്കിലും പഴുതുകളിൽക്കുടി എങ്ങനെയെങ്കിലും പുറത്തു ചാടി രക്ഷപ്പെടുന്ന വിരുതന്മാരാണു്. അതുകൊണ്ടു് അങ്ങനെയുള്ള പഴുതുകളൊന്നും ഉണ്ടാകാതിരിക്കുന്നതിനു് വളരെയധികം പരിശ്രമം നടത്തിയിട്ടുണ്ടു്. അതു പൂർണ്ണമായി വിജയിച്ചിട്ടുണ്ടു് എന്നു ഞാൻ അവകാശപ്പെടുന്നില്ല.

1969 വരെയുള്ള കാലഘട്ടത്തിൽ മലബാറിലെ കർഷകർ അവരുടെ അവകാശം നേടുന്നതിനുവേണ്ടി കർഷകസംഘടനകളും കൂടിയാന്മാരോടു് യുദ്ധം ചെയ്തിട്ടുണ്ടു്. അങ്ങനെയുള്ള ആളുകളോടു ചോദിച്ചാലറിയാം നിയമത്തിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി ഏതെല്ലാം പേരുകളും കൂടിയായ്മകളുംക്കു മാറ്റിയിട്ടുണ്ടെന്നു്. എൻെറ കൈവശം ശ്രീ. ഹാജി കൊണ്ടുവന്ന ഒരു രസീതുണ്ടു്. അതിൽ പറഞ്ഞിരിക്കുന്നതു് മോട്ടവാരം എന്ന ഒരു കൂടിയായ്മയാണു്. അതു ടെനുവർ ആണെന്നു് ആക്കേക്കിലും അറിയാമോ? ഞങ്ങളുടെ കർഷകസംഘടനകളുണ്ടു്, ലീഗിൻെറ കർഷകസംഘടനയുണ്ടു്. ഇവരെല്ലാംതന്നെ മെമ്മോറാണ്ടം കൊണ്ടുവന്നിട്ടുണ്ടു്. ഈ മോട്ടവാരം കൂടിയായ്മയാണെന്നു്. അവരുടെ കയ്യിലിരിക്കുന്ന രേഖകളും പരിശോധിച്ചപ്പോഴും ആത്മാർത്ഥമായും അതിൻെറ അവകാശം അവർക്കു കൊടുക്കേണ്ടതാണു് എന്നു നമുക്കു തോന്നി.

പിന്നെ ഇവിടെ സോഡാചീട്ടിൻെറ കാര്യം പറഞ്ഞു. കാസർകോട്ടു നിന്നു വന്ന രണ്ടു ബഹുമാനപ്പെട്ട മെമ്പർമാർ അതിനെപ്പറ്റി പറയുകയുണ്ടായി. അവി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീമതി കെ. ആർ. ഗൗരി]

ടത്തെ കാര്യങ്ങളൊന്നുംതന്നെ എനിക്കു നല്ലപോലെ അറിഞ്ഞുകൂടായിരുന്നു. അതുകൊണ്ടു് അവിടത്തെ ടെനന്റവറിനെക്കുറിച്ചു കാര്യങ്ങളും എന്നെ പഠിപ്പിച്ചു തരുന്നതിനു ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുകയുണ്ടായി. Special Officer ടെ report-ൽ ടെനന്റവർ ആയി അംഗീകരിക്കേണ്ടതിൽ soda chit-ും ചേർത്തിട്ടുണ്ടു്. കൃഷിക്കാരനു വലിയ ബുദ്ധിമുട്ടായിരിക്കും. ഇതെല്ലാം തെളിയിക്കുന്നതിനു് വലിയ വിഷമമുണ്ടു്. കൃഷിക്കാർക്കുള്ള ബുദ്ധിമുട്ട കുറയ്ക്കുന്നതിനുവേണ്ടി ഭേദഗതി നിയമത്തിലെ വകുപ്പുകളും എങ്ങനെയെല്ലാം മാറ്റാമെന്നു നോക്കാവുന്നതാണു്. ഈ നിയമം ഇവിടെ കൊണ്ടുവന്നപ്പോൾ, ഇതിൽ അപാകതകളൊന്നും ഇല്ലെന്നോ, ഈ നിയമം ഇനി ഭേദഗതി ചെയ്യേണ്ടതില്ലെന്നോ, കൃഷിക്കാരനും കുടിയാനും ഈ നിയമം വേഗം നടപ്പിലാക്കാൻ സാധിക്കുമെന്നോ വിചാരിച്ചിരുന്നില്ല. കാർഷികനിയമം നടപ്പിലാക്കാൻ താമസിച്ചുപോയതിനാൽ സാമൂഹ്യനീതി നടന്നില്ല എന്നു മാത്രമല്ല, സ്വാതന്ത്ര്യം നേടിയ കോളനിരാജ്യങ്ങളിൽ ചെയ്യുതീക്കേണ്ട ആദ്യത്തെ ദേശീയകടമ നടപ്പിലാക്കിയിട്ടില്ല എന്നുകൂടി പറയേണ്ടിവന്നിരിക്കുന്നു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിൽ ചൂഷണത്തിൽ അടിമപ്പെട്ടുകഴിഞ്ഞിരുന്ന ഒരു രാഷ്ട്രം സ്വതന്ത്രമായി കഴിഞ്ഞാൽ ആ രാജ്യത്തിന്റെ സാമ്പത്തിക പുനഃസംഘടന ശരിയാകണമെങ്കിൽ ഇതുപോലെയുള്ള ജന്മിതപ്രത്തിന്റെ എല്ലാ വശങ്ങളും തുടച്ചുമാറ്റി കൃഷിക്കാർക്കു് അവരുടെ അദ്ധ്വാനത്തിന്റെ ഫലം കിട്ടുന്നതിനും അവരുടെ ക്രയശക്തി വർദ്ധിപ്പിക്കുന്നതിനും സംഘടിതമായ ശ്രമം ചെയ്യണം; അതിനുള്ള പരിശ്രമമാണു് കാർഷിക പരിഷ്ക്കരണനിയമത്തിലുള്ളതു്. ഇതാണു് കാർഷികപരിഷ്ക്കരണ നിയമത്തിലുള്ള അന്തസത്ത. ആ അന്തസത്ത അനുസരിച്ചു പോകുന്നതിനും ഇതു താമസിച്ചുപോയ കടമ നിർവ്വഹിക്കുന്നതിനും വേണ്ടിയുള്ള സംഘടിതശ്രമം ഭരണഘടനയ്ക്കുള്ളിൽ നിന്നുകൊണ്ടും നിയമാനുസൃതം നൽകുന്ന വരിഞ്ഞുകെട്ടിനിന്നുകൊണ്ടും ചെയ്യാവുന്നതെല്ലാം ഈ നിയമത്തിൽക്കൂടി ചെയ്തിട്ടുണ്ടു്. ഈ നിയമത്തിൽ നിയമപരമായി പരിശോധിച്ചു ആവശ്യമായ ഭേദഗതികളും ചെയ്യാമെന്നു് ഈ സഭയ്ക്കു ഉറപ്പു തരികയാണു്. ഈ നിയമം നിയമസഭയിൽ അവതരിപ്പിച്ചു് വേഗം പാസ്സാക്കണമെന്നുള്ള വിധത്തിൽ ഈ നിയമസഭയുടെ എല്ലാ ഭാഗത്തുനിന്നും ഇതിനെക്കുറിച്ചുണ്ടായ അഭിപ്രായങ്ങളെ ആദരിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുകയാണു്.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ റിക്കാർഡ്സ് ഓഫ് റൈറ്റ്സിന്റെ കാര്യം പറഞ്ഞു. അതും ശ്രീ. കരുണാകരൻ പറഞ്ഞതുമായിട്ടു് ചെറിയ ഒരു ബന്ധമുണ്ടു്. റീഹാബിലിറ്റേഷനു ആവശ്യമായ ഫണ്ടു് കേന്ദ്രത്തോടു ചോദിച്ചാൽ കിട്ടുമെന്നു പറഞ്ഞു. നാം എവിടെയിരുന്നാലും കേരളത്തിനുവേണ്ടി ഒന്നിച്ചുനിൽക്കാം. അതിനു ആർക്കും വിരോധം കാണുകയില്ല. റിക്കാർഡ്സ് ഓഫ് റൈറ്റ്സും സർവ്വേയും ഡീമാർക്കേഷനും എല്ലാംകൂടി ഒന്നിച്ചാണെങ്കിൽ വലിയ ഒരു ഫെയ്സ്ഡ് പ്രോഗ്രാമായിരിക്കും. അതിനു വളരെ കൂടുതൽ തുക ചിലവു വരും. അതിനാവശ്യമായ തുക കേന്ദ്രത്തിൽനിന്നും കിട്ടുന്നതിനു ഈ ഗവണ്മെന്റു് ആവശ്യപ്പെട്ടിട്ടുണ്ടു്. അങ്ങനെ കിട്ടിയില്ലെങ്കിൽ ലോണായിട്ടു തരുന്നതിനെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടു്. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ഈ വക കാര്യങ്ങൾക്കു് കിട്ടുകയില്ല. കാരണം അതു ഡവലപ്പ്മെന്റു് ആക്ടിവിറ്റീസിനെ കിട്ടുകയുള്ളു. എന്തായാലും ഇക്കാര്യത്തിൽ നമ്മെ കേന്ദ്രഗവണ്മെന്റു് സഹായിക്കേണ്ടതാണു്. അഭ്യർത്ഥിച്ചിട്ടുണ്ടു്.

ശ്രീ. ഈ. ചന്ദ്രശേഖരൻനായർ: എല്ലാ മുഖ്യമന്ത്രിമാരേയും പ്രൈംമിനിസ്റ്റർ വിളിച്ചിരിക്കുന്ന സ്ഥിതിക്കും ഇതെളുപ്പത്തിൽ പാസ്സാക്കണമെന്നു പറഞ്ഞിരിക്കുന്ന സ്ഥിതിക്കും, ഇതു രേഖയില്ലാത്ത കുടിയാന്മാരുടെ പ്രശ്നമാണെന്നുള്ള നിലയ്ക്കും അവർക്കു് ആനുകൂല്യം കിട്ടുന്നതിനു ആവശ്യമായ ശ്രമങ്ങളും നടത്തുന്നതിനു വേണ്ട ചെലവു് കേന്ദ്രഗവണ്മെന്റു് വഹിക്കണമെന്നാവശ്യപ്പെട്ടുകൂടേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി: അക്കാര്യം കേന്ദ്രഗവണ്മെൻറിനെ ഈ ഗവണ്മെൻറ് എഴുതി അറിയിച്ചിട്ടുണ്ട്. മാത്രമല്ല, ഞാൻതന്നെ പ്രധാനമന്ത്രിയെ കണ്ട് ഇക്കാര്യത്തെപ്പറ്റി സംസാരിച്ചിട്ടുമുണ്ട്. നവംബർ മാസത്തിൽ കോൺഫറൻസ് വെച്ചിട്ടുണ്ട്. നമുക്ക ആവശ്യമായ തുക തരണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അതല്ലെങ്കിൽ ലോണായിട്ടെങ്കിലും തരണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. അവർ ആലോചിക്കട്ടെ എന്നു മറുപടി പറഞ്ഞിരിക്കുകയാണു.

ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ശിവരാമഭാരതിക്കു എന്താണു പറയാനുള്ളതു? ഇന്നു രാവിലെതന്നെ ചോദ്യം ചോദിക്കാൻ അനുവദിച്ചില്ലെന്നു പരാതി പറയുകയുണ്ടായി. അതുകൊണ്ടു എന്താണു ചോദിക്കുവാനുള്ളതു? അതു ചോദിക്കാം.

ശ്രീ. കെ. എ. ശിവരാമഭാരതി: ബഹുമാനപ്പെട്ട മന്ത്രി അതിനെക്കുറിച്ചു പറഞ്ഞുവരുന്നതുകൊണ്ടു എനിക്കൊന്നുംതന്നെ ചോദിക്കാനില്ല.

ശ്രീമതി കെ. ആർ. ഗൗരി: അട്ടപ്പാടിയിലെ ഹിൽ ടൈബ്സിനും ബാക്കിയുള്ളവക്കുമെല്ലാം എന്തോ ബുദ്ധിമുട്ടുകൾ ഉണ്ടെന്നു പറഞ്ഞു. അതു തീക്കാനാവശ്യമായ ശ്രമങ്ങൾ ചെയ്യാവുന്നതാണു. കൈമാറ്റത്തെ സംബന്ധിച്ചു ടൈബ്സിന്റെ കാര്യത്തിൽ ഒരു പ്രത്യേക ലെജിസ്ലേഷൻതന്നെ കൊണ്ടുവരുന്നതിനുള്ള ആലോചനയുണ്ടു. റിക്കാർഡ്സ് ഓഫ് റൈറ്റ്സിന്റെ കാര്യത്തിൽ അവക്കെന്തെങ്കിലും ബുദ്ധിമുട്ടു ഉണ്ടാകുന്നുണ്ടോയെന്നു നോക്കുന്നതിനു ഒരു ഓഫീസറെ പ്രത്യേകം നിയമിക്കുന്നതിനു ആവശ്യമായ നടപടികളെടുക്കാവുന്നതാണു. അവരുടെ ആവശ്യത്തിനുവേണ്ടി ഗവണ്മെൻറുചെലവിൽ വക്കീലന്മാരെ കൊടുത്തിട്ടുണ്ടു. അവക്കെന്തു ബലഹീനതയാണു ഇക്കാര്യത്തിലുള്ളതെന്നു നോക്കുന്നതിനു ഒരു ഓഫീസറെ വിട്ടു പരിശോധിക്കാവുന്നതുമാണു. അവക്കു കിട്ടേണ്ടതായ ആനുകൂല്യം കിട്ടുന്നതിനുവേണ്ടി ഈ ഗവണ്മെൻറു് എതിരല്ല. വേണ്ടതെല്ലാംതന്നെ ചെയ്യുമെന്നു ഉറപ്പു തരികയാണു.

The question that the Kerala Land Reforms (Amendment) Bill, 1968 as reported by the Select Committee be taken into consideration was put and carried.

Deputy Speaker: Now we pass on to clause by clause consideration.

Shri. K. Karunakaran: Sir, We will take it up tomorrow.

ഡെപ്യൂട്ടി സ്പീക്കർ: മന്ത്രി അതിനെപ്പറ്റി എന്തോന്നു പറയുന്നു?

ശ്രീമതി കെ. ആർ. ഗൗരി: ഇനി അഞ്ചു മിനിറ്റല്ലേയുള്ള. അതുകൊണ്ടു ശ്രീ. കരുണാകരൻ പറഞ്ഞതുപോലെ നാളെയാകാം. അതിൽ ഞാൻ പിടിവാശിപിടിച്ചു എന്നു പറയേണ്ടാ.

ഡെപ്യൂട്ടി സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8 മണിക്കു കൂടുന്നതുമാണു.

The Assembly adjourned at 12·55 p.m. to meet again at 8 a.m. on Tuesday, the 7th October, 1969.

LIBRARY ARCHIVES Kerala Legislative Assembly